നരകപർവ്വം.

കേരള സാഹിത്യ
അക്കാദമി

അർണ്ണോസ്
എന്ന വിശേഷനാമധേയം ധരിക്കപ്പെട്ട
സത്യവൈദികശ്രേഷ്ഠനാൽ ഉണ്ടാക്കപ്പെട്ടതാകുന്നു.

ഭാരതവിലാസം പ്രസ്സ് & ബുക്കു ഡെപ്പൊ,
ഹൈറോഡ്, തൃശ്ശിവപേരൂർ.

ചില പുതിയ പുസ്തകങ്ങൾ.

കേസരി	1	0
സാഹിത്യപുളകം	1	0
സദാചാരപ്രബന്ധങ്ങൾ	1	0
തുളസീദാമം (പദ്യം)	0	12
ദുർഗ്ഗാദാസൻ	1	0
ഷാജിഹാൻ	1	0
ഭീഷ്മർ	1	0
സീത	0	12
കണ്ണൻ	0	8
ദ്രോണർ	0	4

വേദാന്തവും ഭക്തിമാർഗ്ഗവും.

ശ്രീമൽഭഗവൽഗീത	1	0
ബ്രഹ്മഗീത	0	8
ചിന്താരത്നം	0	2
വൈശാഖമാഹാത്മ്യം	0	4
ആഹ്നികം	1	0
ആശൌചദീപകം	0	12
കഠകോപനിഷത്ത്	0	8
ശ്രുതിഗീത	0	5
വിവേകമുക്താഭരണം	0	2
മണിരത്നമാല	0	2
നാരായണീയം (ശ്യാമസുന്ദരം വ്യാഖ്യാനം)	8	0

ഇതിഹാസപുരാണങ്ങൾ.

അദ്ധ്യാത്മരാമായണം	0	6
ടി ഉത്തരകാണ്ഡം	0	2
ശ്രീമഹാഭാരതം	0	8
ശ്രീമഹാഭാഗവതം	1	8
കാശിമാഹാത്മ്യം	0	6
കൃഷ്ണപ്പാട്ട്	0	6

മാനേജർ,

ഭാരതവിലാസം പ്രസ്സ്, തൃശ്ശിവപേരൂർ

കേരള സാഹിത്യ അക്കാദമി



നരകപൎവ്വം

അതായത്

നരകത്തിന്റെ വിശേഷം

ഇത്

അർണ്ണോസ്

എന്ന വിശേഷനാമധേയം ധരിക്കപ്പെട്ട

സത്യവൈദികശ്രേഷ്ഠനാൽ ഉണ്ടാക്കപ്പെട്ടതാകുന്നു.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുകൂടത്തിൽ

അച്ചടിച്ചത്.

1931.

വില അണ 6.

നിത്യായ നമഃ.

തൃതീയസർഗ്ഗം.

നരകകാണ്ഡം.

സാഹിത്യ അക്കാദമി തൃശ്ശൂർ

നരകപർവ്വം.	പൊരുൾ
1. വിഷ്ടപത്രയ നാഥ സകല ഗുണപൂർണ്ണ— സ്രഷ്ടൃപാലനാശന സർവ്വേശ്വരായ നമഃ.	1. മൂന്നുലോകത്തിന്റെ നാഥനും, സർവ്വനന്മകളാൽ പൂരിക്കപ്പെട്ടവനും, സൃഷ്ടിപ്പും രക്ഷയും ശിക്ഷയും ചെയ്യുന്നവനുമായിരിക്കുന്ന സർവ്വേശ്വരന്നു സ്തുതി.
2. ഭക്തവത്സല ദേവ നിർമ്മല ജനപ്രിയ— ദുഷ്കൃത ശാസ്താവൃത്തി ദോഷസേവകദ്വേഷി.	2. ഭക്തന്മാരെ വാത്സല്യമുള്ള ദൈവവും ശുദ്ധമുള്ളവരെ പ്രിയമുള്ളവനും, ദോഷത്തെ ശിക്ഷിക്ക തൊഴിലുള്ളവനും, പാപം ചെയ്യുന്നവരെ അറയ്ക്കുന്നവനും.
3. നിശ്ശേഷ ഗുണാംബുധി നിത്യസ്വഭവേ നമഃ അശരീരിമംഗല സർവ്വ ചാരുരൂപക.	3. സർവ്വനന്മക്കടലായവനുമായി എപ്പോഴും തന്നെത്താനായിരിക്കുന്നവനാല്ക്കൊണ്ടു നമസ്കരിക്കുന്നേൻ!— ഉത്തമനായ അശരീരിയും സർവ്വ സുന്ദരരൂപിയും.
4. സർവ്വജ്ഞ സർവ്വ വ്യാപി സർവ്വ കാരണദേവ— നിരാദ്യാനന്താദ്വയ മഹതേ നമോ നമഃ.	4. സർവ്വവുമറിഞ്ഞിരിക്കുന്നവനും എല്ലായിടത്തും വ്യാപിച്ചിരിക്കുന്നവനും എല്ലാററിന്നും കാരണമായ ദൈവവും ആദിയുമന്തിയും (എന്നരണ്ടും) ഇല്ലാത്തവനും, ഏകനും ആയ മഹാന്നാല്ക്കൊണ്ടു സ്തുതി. (ഏററവും) സ്തുതി (ചെയ്യുന്നേൻ.)
5. മുദന്ത ദുഃഖാലയ മാപതാന്നികേതനം— രുദിത നിർവ്യഥനമായുള്ള നരകത്തിൻ.	5. സന്തോഷമില്ലാത്ത എടവും ദുഃഖത്തിന്റെ ഭവനവും ആപത്തുകളുടെ സ്ഥലവും കരച്ചിലിന്റെ ഗുഹയുമായ നരകത്തിന്റെ.

നരകപവ്വം.

6. അവസ്ഥ ചൊൽ വാനുള്ളിൽ മാനസം തോ ന്നിയപ്പോൾ–
ശ്രവണംകൊണ്ടുസുഖം വരാസ്സില്ലതുകൊണ്ട്.

7. സൽഗുണം സേവി പ്പതിന്നുണ്ണ്കാരണമാകും–
ആഗസ്സു ശങ്കിപ്പാനും നി മിത്തം ഭവിച്ചീട്ടും.

8. അദൃഷ്ടകഥ ചൊൽ വാൻ വിഷമമുണ്ടു താനും–
ഹൃദിവിശ്വാസം വരു ത്തിടുവാനതിൽ പണി.

9. നിരത്ഥ കഥയിതെ ന്നുള്ളിലുറെക്കും പലർ–
ആരതു കണ്ടിട്ടൊള്ളൂ? യെന്നു അന്വേഷിക്കും ചി ലർ.

10. അതു സാക്ഷിക്കുന്ന താരെന്നു? ചോദിക്കും ചി ലർ–
വാസ്തവമെന്നും പലർ ബുദ്ധിയിൽ സംശയിക്കും.

11. എങ്കിലോമഹാപാ പി നരകവാസീയൂദാ!–
ദുഷ്ടൗസ്ഥലദുഃഖം സം ക്ഷേപിച്ചറിയിക്ക.

12. ഗുരുമുഖ്യനെ ശി ഷ്യനൊററിനീവധിപ്പിച്ചു–
മരണകത്താവായി ദുഷ്ട ക്രമഗ്രേസരൻ.

13. ദുഷ്ക്രമകഷ്ടം ക ണ്ടുമൂലം സ്വഹന്താസ്വയം
തള്ളമ്മത്തിൻെറ ഫലം നരകദുഃഖങ്ങളെ.

പൊരുൾ.

6. അവസ്ഥ(യെക്കുറിച്ച്) പറവാ നിപ്പോൾ ഞാൻ വിചാരിക്കുന്നു. (പ ക്ഷെ) കേൾവിക്കു സുഖം വരികയില്ല. (എങ്കിലും) അതുകൊണ്ട്.

7. ഉത്തമമായ നന്മകൾ സമ്പാദി പ്പാൻ ശുഷ്കാന്തിയുണ്ടാകും. ദോഷ ത്തെ വെറുപ്പാനുള്ള കാരണവുമായി ത്തീരും.

8. (എന്നാലെ) കാണപ്പെടാത്ത തായ ആ വത്തമാനംപറവാൻ പ്രയാ സമുണ്ട്. ഹൃദയത്തിൽ വിശ്വസിച്ചു കൊള്ളുന്നതിന്ന് അതിനേക്കാളധി കം പ്രയാസവുമാണ്.

9 (അതിനാൽ) ആ വത്തമാനം സാരമില്ലാത്തതെന്നു പലരുമുള്ളിൽ വിചാരിക്കും. ആരോ അത് കണ്ടിട്ടു ള്ളതെന്നു ചിലരന്വേഷിക്കും.

10. അത് സാക്ഷിക്കുന്നതാരെന്നു ചിലർ ചോദിക്കും. അത് നേരായുള്ള തെയെന്നു പലരും ബുദ്ധിയിൽ സംശ യിക്കും.

11. എന്നിരിക്കയാൽ മഹാ പാ പിയായി നരകവാസിയായിരിക്കുന്ന യൂദാ(സ്കറിയോത്താ)യെ! നരകത്തി ലെ ദുഃഖത്തെക്കുറിച്ച് ചുരുക്കത്തില റിയിക്ക.

12. ശിഷ്യനായ നീ ഗുരുനാഥനെ കാറി(ക്കൊടുത്തു) കൊല്ലിച്ചു. മരണ ത്തിൻെറ കാരണക്കാരനും ദുഷ്ടന്മാ രിൽ മുന്തിയവനും നീ ആയി.

13. നിമ്മയ്യാദയായ (നിൻെറ പ്ര വൃത്തിയുടെ) കഷ്ടത കണ്ടതുനിമിത്തം തന്നെത്താൻ നീ ചത്തു. അതിൻെറ ഫലമായിട്ട് നരകദുഃഖങ്ങളെ.

നരകപർവ്വം.

14. രക്ഷകൂടാതെ നിത്യം
നീയനുഭവിക്കുന്നു.
നീ ക്ഷമിക്കുന്നതെല്ലാം
ചുരുക്കി കേൾപ്പിപ്പാനായ്.

15 ദുർഭാഗ്യമേറും ദീനഭൂ
ലോകേ വരികെടൊ!
ശുഭഗാനത്തോടതുചൊ
ല്ലുവാനരുതെങ്കിൽ.

16. ക്രുഷ്ടേന പറഞ്ഞോ
ലുംദുഃഖഭാഷണമ്മതി–
കേട്ടിതുപാപി വീരൻന
മുക്കുപ്രത്യക്ഷമായ്.

17. അക്ഷിഗോചരരൂ
പം ദർശിപ്പാൻ ഭയമേറും.
സൂക്ഷിപ്പാൻ ധൈര്യം
പോരാ ജീവൻ വാങ്ങുന്ന
തയ്യോ!.

18 ശിരസ്സിൻമുടിവത്സ
ർപ്പങ്ങൾ പലതരം–
വിരൂപദൃഷ്ടികളിൽ വൃ
ശ്ചികമിരിക്കുന്നു.

19. വളരെനയനാംബു
സന്തതമൊഴുകുന്നു.
തിളച്ചവെള്ളത്തോടുസ
മാനമ്പുകയുന്നു.

20. പാരമറപ്പാൻയോ
ഗ്യകപോലംകൃമിസ്ഥലം–
നിരയജന്തുക്കളുംനാസി
ക കരളുന്നു.

21. ഉത്തരാധരോഷ്ഠ
ങ്ങൾ ചുട്ടമാംസത്തോടൊ
ക്കും–
അത്യുഷ്ണത്തിൻ ചി
ഹ്നംപുകവായിലെശ്വാസം

പൊരുൾ.

14. (കരിക്കലും)രക്ഷയില്ലാതെ നിത്യവും നീ അനുഭവിക്കുന്നു– (ഇങ്ങനെ) നീക്ഷമിക്കുന്നതെല്ലാം ചുരുക്കത്തിൽ കേൾപ്പിച്ചു തരുവാനായിട്ടു.

15. എത്രയും നിർഭാഗ്യവാനായ നീ ഭൂമിയിൽ വരിക. (എന്നാൽ) നല്ല രാഗമായി ചൊല്ലുവാൻ പാടില്ലെങ്കിൽ.

16. കരച്ചിലോടുകൂടെ പറഞ്ഞു കൊൾക (നിന്റെ) ദുഃഖമായ വചനം (കേട്ടാൽ) മതി– ഇതു കേട്ട വീരനായപാപി നമുക്കുകാണപ്പെട്ടു.

17. ഓ! കണ്ണിന്നു കാണപ്പെട്ട രൂപം നോക്കുവാൻ ഭയമേറും– അയ്യോ! സൂക്ഷിപ്പാൻ ധൈര്യം പോരാ ജീവൻവാങ്ങിപ്പോകുന്നു.

18. തലയിലെ മുടികൾ പലതരത്തിലെ വിഷമുള്ള സർപ്പങ്ങളാകുന്നു. വിരൂപമായ കണ്ണുകളിൽ തേളുകളിരിക്കുന്നു

19. എപ്പൊഴും വളരെ കണ്ണുനീരൊഴുകുന്നു തിളച്ച വെള്ളത്തോടു സമം പുകപറക്കുന്നു.

20. കവിൾ (രണ്ടും) പുഴുക്കളുടെ ഏടവും ഏറ്റമറപ്പാൻതക്കതുമായി നരകജന്തുക്കൾ മൂക്കിനെ കരളുന്നു

21. മേൽചൊടിയും കീഴ്ച്ചൊടിയും ചുട്ട മാംസത്തിന്നുശരിയായി അധിക ചൂടിന്റെ അടയാളമായിട്ടു വായിലെ ശ്വാസം പുകയായിരിക്കുന്നു.

നരകപർവം.

22. തീക്കനൽനിറമുള്ള
ഭാരിച്ചതുടർരണ്ടു_
കാൽകളും കരങ്ങളും കെ
ട്ടുന്നുമുറക്കത്തിൽ.

23. കുപ്പായമധോംശു
കവസ്ത്രങ്ങളഗ്നി തന്നെ_
പാപമെ കഷ്ടരൂപം ഭയ
മുണ്ടെന്നാകിലും.

24. ഏറ്റുമെ ശങ്കിക്കെ
ണ്ട ദൈവകല്പനവശാൽ_
ഭീതിദ ലോകവാൎത്തയ
റിയിപ്പായ്വന്നാൻ.

25. കേട്ടതു ധരിച്ചിട്ടുപ്ര
ശസ്തം സേവിപ്പാനും_
ദുഷ്ടതവൎജ്ജിപ്പാനുമെല്ലാ
രുമുറയ്ക്കണം.

26. ഏങ്കിൽ നരക ക
ഥയൂദാസെന്നവൻ ചൊ
ല്ലും_
വാൎത്തകൾ കേൾപ്പാൻ
നന്നായ് സൂക്ഷിക്ക സജ്ജ
നമെ!

27. രിഷ്ടഭാവത്തോട
ല്പോൾദീർഘശ്വാസേന
ചൊന്നാൻ.
ദുഷ്ടസ്വഭാവി പാപി
ഹാവദനാപൽഗതൻ.

28. കഷ്ടശരീരി ബഹു
ദുഃഖിതനായ മമ_
ഭാഷണത്തെക്കാൾശ്രേ
യസ്സാകുന്നിതഭാഷണം.

29. അത്യന്ത സന്താപങ്ങ
ളുള്ളിൽകൊണ്ടവർക്കൾക്കു_
വാൎത്തകൾ ചൊന്നീടു
വാൻ മാനസംതോന്നീടു
മൊ?

പൊരുൾ.

22. തീക്കനൽ നിറമുള്ള കനത്ത
തുടരുകൾകൊണ്ടു രണ്ടു കാലുകളും
കൈകളും മുറക്കത്തിൽ കെട്ടപ്പെട്ടിരി
ക്കുന്നു.

23. കുപ്പായവും ഉൾച്ചട്ടയുമായവ
സ്ത്രങ്ങൾ തീ തന്നെ. അയ്യൊ! പാപം
(എന്നാൽ) കഷ്ടമായ ആ രൂപം ഭയ
കരമുള്ളതെന്നുവരികിലും.

24. ഏറ്റം ശങ്കിക്കെണ്ട. ദൈവക
ല്പനവശാൽ നരകത്തിലെ വൎത്തമാ
നം അറിയിപ്പാനായിട്ടു വന്നതാകുന്നു

25. അതു കേട്ടു ഗ്രഹിച്ചിട്ടുപുണ്യം
സമ്പാദിപ്പാനും ദോഷമുപേക്ഷിപ്പാ
നുംഎല്ലാവരുമൊൎക്കണം.

26. എന്നാലൊ സജ്ജനങ്ങളെ
യൂദാ(സ്കറിയോത്ത) യെന്നവൻ നര
കത്തിലെ വൎത്തമാനം ചൊല്ലുന്നതി
നെ കേൾപ്പാൻ നന്നായി സൂക്ഷിക്ക.

27. അയ്യൊ! ദുഃഖപ്രാപ്തനായ അ
റയ്ക്കപ്പെടുവാൻതക്ക പാപി അന്നേരം
നിർഭാഗ്യഭാവത്തോടുകൂടെ ദീർഘശ്വാ
സംവിട്ടുകൊണ്ടുചൊല്ലി.

28. ബഹു കഷ്ടമായ ശരീരിയും ദുഃ
ഖിതനുമായ എന്റെവാക്കിനെക്കാൾ
യശസ്സു ഞാൻ മിണ്ടാതിരിക്കുന്നതാ
ണ്.

29. എത്രയും മഹാസങ്കടമുള്ളിൽ
കൊണ്ടിരിക്കുന്നവൎക്കു വൎത്തമാനം പ
റവാൻ മനസ്സുതോന്നുമോ?

നരകപർവ്വം.	പൊരുൾ.
30. സന്താപമിഷ്ടരോടു ഭൂലോകേ കേൾപ്പിക്കുമ്പോൾ. സങ്കടം കുറഞ്ഞുപോമോ താപാശ്വാസവും വരും.	30. ഭൂമിയിൽ സ്നേഹിതരോടു ദുഃഖങ്ങളെ പറഞ്ഞുകേൾപ്പിക്കുമ്പോൾ സങ്കടം കുറഞ്ഞുപോകും. താപത്തിന്നാശ്വാസവും വരുമാറുണ്ട്.
31. ഞാൻ ക്ഷമിക്കുന്നതെല്ലാം പറഞ്ഞു കേൾപ്പിക്കിലും— അക്ഷയം മമ ദുഃഖം ശിഥിലമുണ്ടായ്വരാ.	31. (പക്ഷെ) ഞാൻ ക്ഷമിക്കുന്നതെല്ലാം പറഞ്ഞുകേൾപ്പിച്ചാലും എന്റെ ദുഃഖത്തിന്നു കുറവില്ല. തണുപ്പുണ്ടാകയില്ല.
32. സങ്കടമൊക്കെച്ചൊല്വാൻ പാടവമൊന്നുമ്പോരാ— ഒക്കവേയൊപ്പിപ്പാനുമൊട്ടുമേ വശമല്ല.	32. സങ്കടമെല്ലാം പറവാൻ സാമർത്ഥ്യമൊന്നും പോരാ. ഒക്കയും പറഞ്ഞൊപ്പിപ്പാൻ ഒട്ടും വശവുമില്ല.
33. സന്താപങ്ങൾ കേൾക്കണമെന്നാശയുണ്ടെന്നാകിലോ എത്രയും ചുരുക്കത്തിലതു ഞാനറിയിപ്പേൻ.	33. ആ സങ്കടങ്ങളെ കേൾക്കേണമെന്നാശയുണ്ടെങ്കിൽ എത്രയും ചുരുക്കത്തിലത്രെ ഞാനറിക്കാം.
34. അനാദ്യനന്ത നാഥനാദികാരണൻ ദേവൻ— വഹ്നിഭൂനഭസ്സുകൾ സലിലം ലോകങ്ങളും.	34. എല്ലാററിന്നും കാരണനാഥനായ ആദിയുമന്തവുമില്ലാത്ത തമ്പുരാൻ തീ, മണ്ണ്, ആകാശങ്ങൾ, വെള്ളം, ലോകങ്ങളും.
35. വാങ്നിമിത്തത്താലാദൌ സൃഷ്ടിച്ചു സ്ഥിതി നല്കി— അന്നേരം നിഖിലേശപ്രതാപം പ്രകാശിപ്പാൻ.	35. വാക്കുമൂലമായി ആദിയിങ്കൽ സൃഷ്ടിച്ചു സ്ഥിതി നല്കി. അന്നേരം സർവ്വേശ്വരന്റെ മഹിമ പ്രകാശിപ്പാൻ.
36. സർവ്വ സൃഷ്ടിപ്പുകളിലത്യന്ത മുഖ്യന്മാരാം— അരൂപസ്വരൂപികളുണ്ടായി മാലാകാമാർ.	36. എല്ലാസൃഷ്ടിപ്പുകളിൽ ഏററം മുഖ്യന്മാരായിട്ട് അരൂപിസ്വരൂപികളായ മാലാഖമാരെ ഉണ്ടാക്കി.
37. എന്നു ചൊല്ലീടും ചിലർ സുമനസ്സുക്കളെന്നും— അന്യ ഭാഷയിൽ പല നാമധേയത്തെ വച്ചു.	37. ഇവക്കു പേർ 'സുമനസ്സുകൾ, എന്നും പറയും. അന്യഭാഷയിൽ പല നാമധേയത്തോടും, (ഇവക്കു) വിളിക്കപ്പെടാറുണ്ട്.

നരകപൎവ്വം.	പൊരുൾ.
38. അവൎക്കു സൎവ്വേശ്വരൻസ്വൎഗ്ഗയോഗ്യഗുണം— ആവോളം നല്കീട്ടവൻ മോക്ഷത്തെ ലഭിപ്പാനായ്	38. അവൎക്കു സൎവ്വേശ്വരൻ ഉന്നതസ്വൎഗ്ഗത്തിനൊത്ത ഗുണം മതിയാകുംവണ്ണം കൊടുത്തിട്ടു് ഉടനെ മോക്ഷത്തെ പ്രാപിപ്പാനായി.
39. ഭുവിമാനുഷനാകും ദേവനെയാരാധിച്ചു്— ദൈവകല്പിതമനുസരിച്ചു വഴങ്ങണം. *	39. ഭൂമിയിൽ മാനുഷനായി പിറക്കുന്ന ദൈവത്തെ വന്ദിച്ചു് ദൈവകല്പന അനുസരിച്ചു വഴങ്ങണം.
40. എന്നൊരുവിധിവച്ചു മുക്തിയെ സിദ്ധിപ്പാനായ് സങ്കടം ഭവിച്ചീടുമല്ലായ്കിൽ നിരന്തരം.	40. എന്നൊരു പ്രമാണം വച്ചു മോക്ഷമനുഭവിക്കുന്നതിന്നുവേണ്ടി, ആയതല്ലെങ്കിൽ എന്നന്നേക്കുമായ സങ്കടമുണ്ടാകുമെന്നും.
41. കൎമ്മത്തിനൊത്തഫലം നിയതം വരും നൂനം— അരുളപ്പാടീവണ്ണ മാചരിച്ചൊരു കൂട്ടം.	41. പ്രവൎത്തിക്കു തക്ക ഫലം എന്നെന്നേക്കുമായി വരും നിശ്ചയം എന്നും, (കല്പിച്ചു) ഈവണ്ണമുള്ള അരുളപ്പാടിനെ ഒരു കൂട്ടക്കാര ആചരിച്ചു.
42. മോക്ഷവാസികളവർ സന്തതം സുഖിക്കുന്നു— അക്ഷയസത്തഗുണം കണ്ടഹങ്കരിച്ചപ്പോൾ.	42. അവർമോക്ഷവാസികളായിട്ടു എന്നെന്നേക്കും സ്തുതിക്കുന്നു.(എന്നാൽ) ക്ഷയമില്ലാതെഭവിച്ച ഗുണംകണ്ടു അപ്പോൾ നിഗളിച്ചു,
43. പ്രമാണം കാപ്പാൻ പലർ സമ്മതിച്ചതുമില്ല— തന്മൂലമവൎക്കഹങ്കാരദോഷത്താലഥ.	43. പലരും പ്രമാണം കാപ്പാൻസമ്മതിക്കാതെ നിന്നു, അവൎക്കു അതു നിമിത്തം അഹങ്കാരദോഷത്താൽ—
44. ധൎമ്മഹീനവുംവന്നു ശാപയോഗ്യവുമുണ്ടായ്— നിൎമ്മലാരൂപിഗണം ദുഷ്ടരായ്ത്തിരിഞ്ഞപ്പോൾ.	44. ശുഭത്തിന്നു കുറവും വന്നു. ശാപത്തിന്നു യോഗ്യതയുമുണ്ടായി. അപ്പോൾ നിൎമ്മല രൂപികളുടെകൂട്ടം ദുഷ്ടരായിട്ടു തിരിഞ്ഞു.
45. ഭൂതപിശാചു നാമം ചൊല്ലുവാൻ യോഗംവന്നു നീതിസംയുത ദേവനക്കാലം ശിക്ഷസ്ഥലം.	45 ഭൂതപിശാചെന്ന നാമംപറവാൻ യോഗം വന്നു. നീതിസ്വരൂപിയായ തമ്പുരാൻ അന്നു ശിക്ഷസ്ഥലം (ആയിട്ടു)

* മാലാകമാരുടെ പിഴയുടെ കാരണം ഇതിൽ പറയുന്നതു് ദൈവശാസ്ത്രപ്രകാരം അത്ര പ്രധാനമായതല്ല. പക്ഷെ രണ്ടാമത്തെ ന്യായമായിട്ടെസ്വീകരിക്കാവു.

നരകപർവ്വം.

46. ധരണിമദ്ധ്യത്തിങ്കൽനിർമ്മിച്ചോരധോലോകം
സർവ്വ സങ്കടസ്ഥലം സകല ശോകഭാഗം.

47. നരകമെന്നുനാമം ദുർഗ്ഗതിയെന്നുംചൊല്ലാം—
അരിഷ്ടമതിലൊക്കെ മംഗലമൊന്നുമില്ല.

48. ആർത്തിയെയതിലുള്ളു വാസസുഖവുമില്ല—
ആർത്തെരിയുന്നൊരഗ്നിക്കടക്കമെന്നുമില്ല.

49. ഖേദമുണ്ടതിൽ ദുഃഖസീമയുമെന്നുമില്ല—
വേദനയതിലുള്ളു ശീതളമൊട്ടുമില്ല.

50. ദുർഭാഗ്യവാന്മാർക്കു ഭവനമെല്ലാനാളും—
ത്രുഭരഹിതന്മാർക്കു ഘോരമാം വിലങ്ങത്.

51. ദുരിത ശിക്ഷയ്ക്കുള്ള സമ്പാധാനിവ്യഥനിം—
ക്രൌര്യ്യ പൂരിത ലോകം ല്ലൃണരഹിതരാജ്യം.

52. ന്നപരാധന്മാരായ സുമനസ്സുക്കളൊക്കെ—
ന്നപരദേവവിധി ശാസനമതിലാക്കി.

53. അവർകളുടെ വ്യാജം കേട്ട ദുഷ്കൃതികളും—
അവിടെ വസിപ്പാനായനുഗാമികളാകും.

പൊരുൾ.

46. ഭൂമിയുടെ നടുവിൽ ഒരുപാതാളമുണ്ടാക്കി (അതു) സർവ്വ സങ്കടത്തിന്റെ സ്ഥലവും സകല ദുഃഖത്തിന്റെ ഭവനവും (ആകുന്നു).

47. (അതിന്റെ) പേരു നരകമെന്നും, ദുർഗ്ഗതിയെന്നും പറയാം. അതിൽ ഒക്കെ ദുരിതങ്ങൾതന്നെ. സന്തോഷങ്ങൾ ഒന്നുമില്ല.

48. സങ്കടമെ അതിലുള്ളു. പാർപ്പാൻ സുഖവുമില്ല. കത്തിയെരിയുന്ന തീക്കു ഒരിക്കലും കുറവുമില്ല.

49. ഖേദം അതിലുണ്ടു. ദുഃഖത്തിന്നു (അററതി) ഒരിക്കലുമില്ല. അതിൽ വേദനയെയുള്ളു. തണുപ്പ് ഒട്ടുമില്ല.

50. അതു ദുർഭാഗ്യവാന്മാർക്ക് എന്നും ഭവനമാകുന്നു. ആ സ്ഥലം പുണ്യമില്ലാത്തവർക്കു ഘോരമായ വിലങ്ങാകുന്നു.

51. ദുരിതപ്പെട്ട ശിക്ഷയ്ക്കുള്ള ഞെരുക്കത്തിന്റെ ഗുഹ(യും) ക്രൂരത നിറയപ്പെട്ട ലോക(വും) പ്രകാശമില്ലാത്ത രാജ്യവും അതാകുന്നു.

52. കുററമുള്ള മാലാഖമാരെ ഒക്കെയും കുറവററ ദൈവ വിധിയാൽ ശിക്ഷയ്ക്കായിട്ടു അതിലാക്കി.

53. അവരുടെ വ്യാജം കേട്ട ദോഷത്താളരും അവിടെ വസിപ്പാനായിട്ടു പിഞ്ചെല്ലുകയും ചെയ്യും.

നരകപർവ്വം.	പൊരുൾ.
54. ഇതിദുർഗ്ഗതിവാർത്താ സജ്ജനധ്യാനാർത്ഥമായ്_ എത്രയും ചുരുക്കത്തിലി തുഞാനറിയിച്ചേൻ.	54. ഇപ്രകാരം നരകത്തിന്റെ വർത്തമാനം സജ്ജനത്തിന്റെ ധ്യാനത്തിനു തക്കതായി എത്രയും ചുരുക്കത്തിൽ ഇതു ഞാനറിയിച്ചു.
55. അല്പധീരന്മാർക്കതു ഗ്രഹിപ്പാൻപണിയെങ്കിൽ താത്പ്രതി വിസ്താരത്തിലിനിയും പറഞ്ഞീടാം.	55. അല്പ ബുദ്ധിയുള്ളവർക്കു അതു ഗ്രഹിപ്പാൻ പ്രയാസമെങ്കിൽ അതിനെക്കുറിച്ചു വിസ്താരമായി ഇനിയും പറയാം.
56. ആദ്യന്തഹീനമുള്ള വസ്തുക്കളിവയെല്ലാം_ ആദിയെ കേൾപ്പിക്കുമ്പോളതല്ലന്നതേവരൂ.	56. ആദിയുമന്തവുമില്ലാത്ത (ദൈവം ശിക്ഷയ്ക്കായി വച്ചിരിക്കുന്ന തരം) അവസ്ഥകളെയെല്ലാം മുമ്പു തുടങ്ങി കേൾപ്പിക്കുമ്പോൾ വിശ്വസിപ്പാൻ പ്രയാസമായി തോന്നും.
57. ഓരോരംഗത്തിൽദുഃഖമെന്നുമേയൊടുങ്ങീടാ_ നിരന്ത്യംപറവാനും കേൾപ്പാനുമാരുമില്ല.	57. ഓരോരോ അംഗത്തിൽ ഒരുനാളും ദുഃഖവും തീരുകയില്ല. കടുക്കമില്ലാത്ത ശിക്ഷയെക്കുറിച്ചു പറവാനും കേൾപ്പാനുമാരുമില്ല.
58. എന്നാലും ഭവിക്കുന്നദുഃഖങ്ങളൊട്ടുകാണ്മാൻ_ എന്നാലൊട്ടാകുംവണ്ണം പറയാമെന്നാകിലും.	58. എന്നാലും ഒട്ടു കാണ്മാൻ തക്കവണ്ണമുണ്ടാകുന്ന ദുഃഖങ്ങളെ ഇനിക്കു എത്രയും വശമാകുംവണ്ണം പറയാമെന്നു വരികിലും.
59. മുൻപിലേതെല്ലാം പറഞ്ഞീടേണ്ടുവറിഞ്ഞില്ല മുൻപിനാലദർശനംകൊണ്ടത്രേ പറയേണ്ടു.	59. മുമ്പു ഏതെല്ലാത്തിനെയും കുറിച്ചു പറയേണ്ടുവെന്നറിഞ്ഞില്ല. (പക്ഷെ) മുമ്പുതന്നെ കാഴ്ചയില്ലായ്കയെക്കുറിച്ചത്രെ പറയേണ്ടതു്..
60. ശേഷമായുള്ളതെല്ലാം ദർശിപ്പാനനന്തരം_ വിഷ്ടപേ ദിവാകരനാലോകമാകുംപോലെ.	60. എന്നാൽ ശേഷമുള്ള വസ്തുക്കളെ എല്ലാം കാണ്മാൻ ഭൂമിയിൽ സൂര്യൻ പ്രകാശമാകുന്നതുപോലെ,
61. നൃദേഹത്തിന്നു സൂര്യൻ നയനമാകുന്നത്_ ആദിത്യഹീനമൂലം ഭുവനം കറുത്തുപോം.	61. മാനുഷന്റെ ദേഹത്തിന്നു സൂര്യനാകുന്നതു കണ്ണുകളാകുന്നു. ആദിത്യനില്ലാതെപോയാൽ സ്ഥലങ്ങൾ കറുത്തുപോകും.

നരകപൎവ്വം. | **പൊരുൾ.**

62. നയനനഷ്ടമായാൽ മനസ്സും ഖേദിച്ചീടും_ സൂൎയ്യഹീനവും തമസ്സാക്ഷിഹീനവുമതെ.

62. കണ്ണുകൾ പൊട്ടിപ്പോയാൽ മനസ്സും ദുഃഖിക്കും. സൂൎയ്യനില്ലായ്കയും കണ്ണില്ലായ്കയും (വന്നാൽ) ഇരുട്ടുതന്നെ.

63. കിരണം കൂടാതെ കണ്ടന്ധതമം നീങ്ങുന്നില്ല_ മരീചിയുണ്ടാകിലും ലോചനമില്ലാഞ്ഞാലും.

63. പ്രകാശം കൂടാതെ കണ്ടു ഇരുൾനീങ്ങുകയില്ല. രശ്മിയുണ്ടായാലും കണ്ണില്ലാഞ്ഞാൽ.

64. ഒരു ഭായാത്തമില്ല ധ്വാന്ത പ്രാപ്തിയെയുള്ളൂ_ ഒരു ശോഭയെയൊരു ശോഭകൊണ്ടറിയണം.

64. ഒരു ശോഭയും പ്രാപിക്കയില്ല. ഇരുൾ വ്യാപിക്കെയുള്ളൂ. ഒരു ശോഭയെ ഒരു ശോഭകൊണ്ടറിയണം.

65. ൟക്ഷണ ദൎശനവും സൂൎയ്യപ്രഭയുമൊക്കും ചക്ഷുസ്സുമാദിത്യനും കൂടുമ്പോൾ ഗുണമുള്ളൂ.

65. കൺകാഴ്ചയും സൂൎയ്യപ്രഭയും ഒന്നുപോലെയാണ്. കണ്ണുകളും ആദിത്യനും ഒന്നിക്കുമ്പോഴേ ഗുണമുള്ളൂ.

66. ഖേചരവ്യായനം രണ്ടു കാണുമെന്നതുപോലെ_ നരകദിശിയൊരു പ്രകാശാകാരമില്ല.

66. ആകാശത്തിൽ സൂൎയ്യന്റെ അയനങ്ങൾ രണ്ടും കാണുന്നതുപോലെ നരകസ്ഥലത്തിൽ പ്രകാശത്തിന്റെ ഒരു വടിവില്ല.

67. കഴിയാത്തൊരു ഘോര തമസിയധോ ലോകെ_ വാഴുന്നു ജ്യോൽസ്നിയല്ല ത്രിയാമായതുമല്ല.

67. നരകത്തിൽ തീരാത്ത ഒരു ഘോരമായ രാത്രി ആയിരിക്കുന്നു. അതു നിലാവുള്ള രാത്രിയുമല്ല മൂന്നു യാമത്തോടുകൂടിയ രാത്രിയുമല്ല.

68. തമസിയെല്ലാ നാളുമേക യാമയുമുള്ളൂ_ ഭീമൈകയാമതാനമെന്നുമെ യൊടുങ്ങിടാ.

68. (ആ) രാത്രി എല്ലാ നാളും ഏക യാമമായിരിക്കുന്നു. ഭയങ്കരമായിരിക്കുന്ന (ആ) ഏകയാമ(എന്ന രാത്രി) ഒരിക്കലും ഒടുങ്ങുകയില്ല.

69. അസുവുമാദിത്യനമസ്തമിച്ചീടും കാലം_തത്സായമുടനിത്യം നിശയെന്നറിഞ്ഞാലും.

69. പ്രാണനും ആദിത്യനും അസ്തമിക്കുന്ന സമയം ഉടനെ ആ സന്ധ്യ ഉണ്ടാകും (അതു) നിത്യ രാത്രിയെന്നറിക

നരകപൎവ്വം

70. ദിനത്തിൻമുഖരാത്രി ഭവിക്കുമതിൻമുമ്പെ_അനന്തമൊട്ടുങ്ങണന്നിത്യവും കഴിയണം.

71. അത്ര നാളന്ധകാര വിഷപക്തമസങ്ങളും സന്തമസങ്ങളൊക്കെനരകെവ്യാപിച്ചിട്ടു.

72. ദൃഷ്ട ദൎശനമായാൽ മംഗലമെന്നു തോന്നും_ദുഷ്ടരൂപങ്ങൾ കാണ്മാൻവിഷമമുണ്ടായ്വരും.

73. ദ്വേഷ്യമാം വിരൂപങ്ങൾ കാണുന്നതതില്പരം – ദൃഷ്ടിതമസ്സു നല്ല മംഗലമദൎശനം.

74. ദുൎഗ്ഗത്യാ ശുഭമദ്ധ്യേമംഗലമൊന്നും വരാ_ഭൈരവം ദേവാജ്ഞയാൽ പീഡിപ്പാനുള്ളതെല്ലാം.

75. ദൃഷ്ടിക്കുപ്രത്യക്ഷമാം മാനസമല്ലായ്കിലും_ കഷ്ടമാഹന്ത!കഷ്ടം!പാപമെ! നിരൂപിച്ചാൽ.

76. നരകവാസിയുടെ രൂപവിരൂപം കാണ്കിൽ_ കരിസിംഹ വ്യാഘ്രാദി പെരിമ്പാമ്പുകളുടെ.

77. ആകാരെ ഭയാനകമേതുമില്ലെന്നു സിദ്ധം_ നികൃഷ്ട മിതന്ധകാരത്തിങ്കൽ കാണും മൂലം.

പൊരുൾ.

70. ഉഷസ്സോടു കൂടിയ രാത്രി അതിന്നു മുമ്പിൽ ഉണ്ടാകും (അതായതു പ്രാണനും ആദിത്യനും അസ്തമിക്കുന്നതിന്നു മുമ്പിൽ) ഒടുക്കമില്ലാത്തതു ഒടുങ്ങണം, നിത്യം തീരണം.

71. അത്രയും നാൾ ഇരുൾകളും സൎവ്വവ്യാപിയായ ഇരുട്ടുകളും കൂരിരുട്ടുകളും എല്ലാം നരകത്തിൽ നിറഞ്ഞിരിക്കും.

72. കണ്ണിന്നു കാഴ്ചയില്ലാതെയായാൽ നല്ലതു എന്നു തോന്നും (പക്ഷെ) ദുഷ്ടരൂപങ്ങൾ കാണ്മാനുള്ള വിഷമമുണ്ടാകയില്ല.

73. ദ്വേഷിപ്പാൻ തക്കതായ വിരൂപങ്ങൾ കാണുന്നതു അതിനെക്കാൾ ദണ്ഡം! ക്രൂരമായ കാഴ്ചയെക്കാൾ കണ്ണിന്നു കാഴ്ചയില്ലായിരിക്ക നല്ലു.

74. നരകത്തിലെ തിന്മയുടെ ഇടയിൽ ഗുണമുള്ളതു ഒന്നുമില്ല. ഭയങ്കരമായ ദൈവ കല്പനയാൽ സങ്കടപ്പെടുവാനുള്ളതെല്ലാം_

75. മനസ്സിലെന്നു വരികിലും കണ്ണിന്നു കാണപ്പെട്ടും. അയ്യോ! പാപമെ! നിരൂപിച്ചാൽ എത്രയും മഹാ കഷ്ടം!

76. നരകവാസിയുടെ വിരൂപമായ രൂപം കണ്ടാൽ ആന, സിംഹം, പുലി, പെരുമ്പാമ്പു മുതലായവകളുടെ_

77. ഭയങ്കരമായ വടിവു എത്രുമില്ലെന്നു നിശ്ചയം. ഹീനമായ (രം വിധം) നരകത്തിൽ കാണുന്ന കാരണം_

നരകപൎവ്വം.

78 ഭീമമായുള്ളതിന്ന വൎദ്ധിച്ചീടുന്നുഭയം_ കന്മഷമറപ്പാനായ് സൎവ്വേശ വിധിവശാൽ.

79 അത്യന്ത ഭീതി പൂണ്ടു പുണ്യവാനിതുകണ്ടു_ഇതിൻവീക്ഷണകാലെ കാണണമെന്നുവന്നാൽ.

80 ഭൂമ്യന്തം വരുവോളം ദുഃഖ സാഹസം നല്ല_ എന്നുറച്ചതു സത്യം ചൊന്നതെന്നറിഞ്ഞാലും.

81 ഗന്ധക വഹ്നിധൂമം കൊണ്ടെന്തു പറയേണ്ടു_ ചിന്തിവീഴുന്ന കണ്ണീരംഭിലം സാക്ഷിക്കുന്നു.

82 ചൂടേറും കണ്ണീർകളാൽ സങ്കടം ചൊല്ലാവതൊ_ ഒടുക്കം വന്നീടുമൊ അനന്തതാപഞ്ചൊന്നാൽ.

83 ചക്ഷുസ്സിൻ ദുഃഖത്തോടുസമാനക്കണ്ണുബന്ധം ആക്ഷേപ വചനങ്ങൾ പരിദേവനങ്ങളും.

84 വ്യാകുല ശബ്ദങ്ങളും കഷ്ടംദുൎന്നാദങ്ങളും ആക്രോശങ്ങളും കോപ ഭാഷകൾ പലതരം.

85 ഇഹ കേൾക്കുമാറുള്ളുംരം ദിക്കിൽ ഗീതമിത_ ദേഹത്തിന്നുത്തമാംഗമധമംപുരാജിഹ്വാം.

പൊരുൾ.

78 ഭയങ്കരമായുള്ള ശിക്ഷയ്ക്കു ഭയം വൎദ്ധിച്ചീടുന്നു. സൎവ്വേശ്വരന്റെ വിധി മുഖാന്തരം ദോഷമറപ്പാനായിട്ടു.

79 ഇതു കണ്ടു പുണ്യവാൻ ഏററിക്കപ്പെട്ടു സങ്കടമായി ഇപ്രകാരംഅല്പ നേരം കാണണമെന്നു വന്നാൽ.

80 ഭൂമിയുടെ ഒടുക്കം വരുവോളംദുഃഖബന്ധനം നല്ലതു എന്നുറച്ചു സത്യമായി പറഞ്ഞെന്നറിക.

81 ഗന്ധക തീയുടെ പുക കൊണ്ടു എന്തു പറയേണ്ടു? ചിന്തിവീഴുന്ന കണ്ണീർ ഏററിക്കപ്പെട്ട വേദനയെ സാക്ഷിക്കുന്നു.

82 ചൂടേറുന്നകണ്ണുനീർകളാൽ സങ്കടം പറഞ്ഞൊപ്പിക്കാമൊ? അറുതിയില്ലാത്ത ദുരിതത്തെ പറഞ്ഞാൽ ഒടുക്കംവരുമൊ?

83 കണ്ണിന്റെ ദുഃഖത്തോടു ശരി ചെവികളുടെ ബന്ധവും ആക്ഷേപവചനങ്ങളും കരച്ചിൽകളും.

84 വ്യാകുല ശബ്ദങ്ങളും കഷ്ടമായ ദുൎന്നാദങ്ങളും ചിരാക്കുകളുംകോപവചനങ്ങളും പലതരം.

85 ഇപ്രകാരം കേൾക്കുമാറെയുള്ളു. ഠരം നരകത്തിൽ രാഗം ഇതാണു. ദേഹത്തിന്നു മുമ്പിനാൽ ഉത്തമവും ഹീനവുമായ അംഗമാകുന്ന നാവു_

നരകപവ്വം	പൊരുൾ.
86 മഹാ ഗുണവും മഹാ ദോഷവുംവരുത്തീടും– ജിഹ്വയാല്പലഗുണം ഭവിക്കുമെന്നാകിലും.	86 മഹാ ഗുണവും മഹാദോഷവും വരുത്തുമാറായിരുന്നു. നാവിനാൽ പല ഗുണവുമുണ്ടാകുമെന്നാകിലും–
87 വഹിക്കമാപത്തുളും സ്വവാഗ പരിഛേദ്യം– മൂച്ചയുണ്ടതിനേററം പെൾഗമ്പോൽ വെട്ടുകയും.	87 തന്റെ വാക്കിനാൽ പരിഛേദിപ്പാൻ വഹിയാത്ത ആപത്തിനെയുംവരുത്തും. അതിനു ഏററവും മൂച്ചയുണ്ടു. വാൾപോലെ വെട്ടുകയും ചെയ്യും.
83 സൂചിതൻ മുനകൊണ്ടു കുത്തുമ്പോൽ കുത്തുകയും–ക്രുദ്ധിച്ചശ്വാവോടൊപ്പം കടിച്ചുമുറിക്കയും.	88. സൂചിയുടെ മുനകൊണ്ടു കുത്തുന്നതുപോലെ കുത്തുകയും, കോപിച്ച പട്ടിപോലെ കടിച്ചു മുറിക്കയും,
89 ക്രോധേന ജീവനെയും മാനവും ഹരിക്കയും– ഇത്യാദിയുള്ള മഹാ പാപകാരണം ജിഹ്വാ.	89. കോപം കൊണ്ടു ജീവനെയും ബഹുമാനത്തെയും നശിപ്പിക്കയും, മററുമിപ്രകാരമുള്ളപാപങ്ങൾ നാവുകാരണമായിരിക്കയും ചെയ്യും.
90 സത്തുക്കൾക്കിതൊക്കവെ പ്രത്യക്ഷ സിദ്ധമല്ലൊ– ഇതെല്ലാം വിശേഷിച്ചു നരകെ കാണാകുന്നു	90 നല്ലവക്കു ഇതൊക്കയും തെളിവായിട്ടു അറിയപ്പെടുന്നു. വിശേഷമായിട്ടുഇതൊക്കയും നരകത്തിൽ കാണപ്പെടാകുന്നു.
91 അതികോപവുമതിലോ പ്രകാശിക്കുന്നു– അത്യുഗ്രനിന്ദവാക്കു കേട്ടവർ പകവീൾവാൻ.	91 അതിൽ അധികമായ കോപവും ഏറെ പ്രകാശിക്കുന്നു. വളരെനിന്ദവാക്കു കേട്ടവർ പകരം വീട്ടുവാൻ,
92 ഉപായമില്ലെങ്കിലൊ സങ്കടം ചെറുതല്ല– കോപത്തെ സാധിപ്പാനായെന്തെല്ലാം ശ്രമിക്കുന്നു.	92 ഉപായമില്ലാഞ്ഞാൽ (അവക്കുണ്ടാകുന്ന) സങ്കടംചെറുതല്ല. കോപത്തെസാധിപ്പാൻ വേണ്ടിഎന്തെല്ലാം ശ്രമിക്കുന്നു.
93 അസാദ്ധ്യമെന്നു വന്നാൽ സഹിച്ചുകൂടുവതൊ– അസഭ്യവാക്കുകൾ നിത്യനിന്ദ വിരോധോക്തികൾ.	93 സാദ്ധ്യമുണ്ടാകയില്ലെന്നുകണ്ടാൽ സഹിച്ചുകൊള്ളുമൊ? (എന്നു വരുമ്പോൾ) ചീത്ത വചനങ്ങളും നിത്യവും വിരോധവാക്കുകളും.

നരകപർവ്വം

94 ഭത്സനങ്ങളും ശാപ
ത്തുപ പാരുഷ്യങ്ങളും_കത്സ
നങ്ങളും കേട്ട നരകവാസി
വൈരം.

95 സാമാന്യമല്ല ക്രുധാ
പകരം വീൾവാനുള്ളിൽ_
സ്വമനസ്പൃഹ വൂണ്ടുസാ
ദ്ധ്യമല്ലെന്നു കണ്ടു്.

96 ഹേതുനാ കോപം
കൊണ്ടു വിവശമായ ക്കൂട്ടം_
അത്യന്തം ക്രുദ്ധിക്കുന്നു ക്രു
ദ്ധിച്ചു മൂർച്ഛിക്കുന്നു.

97 ജനകി താതന്മാരും
പുത്രന്മാരായുള്ളോരും_ അ
ന്യോന്യമുള്ള ദ്വേഷവാക്കു
കൾ കേൾക്കാവതൊ.

98 നിന്നെ ഞാനുല്പാദി
ച്ചു തവ കാരണമിനി_ക്ക
നന്ത ദുഃഖം വന്നു! ദുഷ്പു
ത്ര!ഖേദിക്ക നീ.

99 നന്ദനനല്ല മമനീ
ദുഷ്ട സപ്പന്തന്നെ_ നിന്നു
ടെ വിഷം തിണ്ടി ഞാനേ
റെ വലയുന്നു.

100 ദോഷത്തിൽ വീഴ്വ
ൻ ഹേതു നരക ദഹനത്തി
ൽ_ഉഷ്ണിപ്പാൽ കാരണവും
നീയായി ദുരാത്മാവെ!

101 തവ സാമത്ഥ്യാത്ഥ
മായന്യ സ്വം ഹരിച്ചുഞാ
ൻ_ ഇവിടെയതിൻ ലാ
ഭം ഞാനനുഭവിക്കുന്നു.

പൊരുൾ.

94 നിന്ദവചനങ്ങളും ശാപത്തി
നാട്ടത്ത് കഠിന വാക്കുകളും നിഷേധ
ങ്ങളുംകേട്ട നരകവാസിയുടെ ദ്വേ
ഷം_

95 സാമാന്യമല്ല. കോപം കൊണ്ടു
പകരം വീട്ടുവാൻ ഉള്ളിൽ തനിക്കു മ
നോകാംക്ഷ വൂണ്ടിട്ടു സാദ്ധ്യമല്ലെന്നു
കണ്ടു്_

96 ഹേതുവാൽ കോപം കൊണ്ടു
പരവശമായക്കൂട്ടം ഏററം കോപിക്കു
ന്നു. കോപിച്ചു മൂർച്ഛിക്കുന്നു.

97 അപ്പനും അമ്മയും മക്കളും എ
ന്നുള്ളവര തമ്മിൽ തമ്മിൽ പറയുന്നദൂ
ഷണവാക്കുകൾകേൾപ്പാൻ പാടുണ്ടൊ

98 ദുഷ്ടനായ മകനെ! (അപ്പൻവി
ളിക്കും) നിന്നെ ഞാൻ ജനിപ്പിച്ചു!
നിൻെറ കാരണം ഇനിക്കു അവസാ
നമില്ലാത്ത ദുഃഖം വന്നു! (ആയ്യുകൊ
ണ്ടു) നീ ഖേദിക്ക.

99 നീ എൻെറ പുത്രനല്ല, നീദു
ഷ്ടസപ്പം തന്നെ, നിൻെറ വിഷം തീ
ണ്ടിഞാനേറ വലയുന്നു.

110 (ഞാൻ)ദോഷത്തിൽ വീഴുവാ
ൻ ഹേതുവും നരകതീയിൽ ഉഷ്ണിപ്പാ
ൻ കാരണവും നീയായിരിക്കുന്നു.

101. നിൻെറ സാമത്ഥ്യത്തിന്നാ
യിട്ടു പരദ്രവ്യത്തെ ഞാൻ കവൎന്നൊട്ടു
ത്തു. അതിൻെറ പകരം ഇവിടെ ഞാ
നനുഭവിക്കുന്നു.

നരകപർവ്വം.

102 ധർമ്മാർഗ്ഗേ നടന്നപ്പോൾ നിന്നെശ്ശിക്ഷിക്കാതെക_ണ്ടാമോദത്തോട്ടു കൂടെ സൈ്വരമായ് നടത്തിയേൻ.

103 തല്ക്കാരണേനസദാ ഞാനിഹ ദുഃഖിക്കുന്നേൻ_ നീ കൂടെ ക്ഷമിച്ചിപ്പോൾ മുടിക ദഹിക്കുക.

104 ഇത്തരം പിതൃവാക്യാത്മജൻ കേൾക്കുന്നേരം_ഉത്തരമതുഃപോലെ പറയും ത്യക്തപ്രിയം.

105 മമ ജനന താരംദുന്നിമിത്ത ലക്ഷണം_ ഭീമമാം ധൂമകേതു ശോഭിച്ചെന്നതെ വേണ്ടു.

106 ഞാൻ പിറന്നരിഷ്ടവും കാരാഗൃഹമായ് നൂനം_ നിന്നെ ഞാൻ താതനാമം വിളിച്ച ദിനകാലം.

107 എത്രയുമിരുട്ടുള്ളരാത്രിയായ് ച്ചമകയ്യോ_ നിൻതുണ്ഡംദർശിപ്പാനായിനിക്കു പ്രകാശിച്ച

108 വെളിവുമാദിത്യനന്നശിക്ക ഭസ്മമാക_ ലാളിച്ച നിൻെറ വാക്കു പിശാചിൻ വ്യാജം പോലെ.

109 ചതിച്ചു ശുഭമെല്ലാമിനിക്കാവഹിച്ചതു_നീ തനയനെ വിളിച്ചെന്നെക്കണ്ടതു കാലം.

പൊരുൾ.

102. ധർമ്മാർഗ്ഗത്തിൽ നീ നടന്നപ്പോൾ നിന്നെ ശിക്ഷിക്കാതെ കണ്ട സന്തോഷത്തോടുകൂടെ സുഖമായി നിന്നെ ഞാൻ നടത്തി.

103. അതു കാരണത്താൽ ഇതാ എപ്പോഴും ഞാൻ ദുഃഖിക്കുന്നേൻ! നീ കൂടെ ഇപ്പോൾ ക്ഷമിച്ചു മുടിക! ദഹിക്കുക!

104. ഇപ്രകാരം പിതാവിൻെറ വചനം മകൻ കേൾക്കുന്നസമയം പ്രിയമില്ലാതെകണ്ട് അതുപോലെതന്നെ ഉത്തരംപറയും.

105. എൻെറ ജനനനക്ഷത്രം ആകാത്ത ലക്ഷണമുള്ളതായി ഭയങ്കരമായ വാൽനക്ഷത്രംപ്രകാശിച്ചെന്നെ പറയേണ്ടൂ.

106. ഞാൻ പിറന്നത് അരിഷ്ടവും വിലങ്ങുമായിയെന്നു നിശ്ചയം. നിന്നെ ഞാൻ അപ്പൻ എന്നു വിളിച്ച ദിവസകാലമെ!

107. അയ്യോ! എത്രയും ഇരുട്ടുള്ള രാത്രിയായി ചമയുക നിൻെറ മുഖം കാണ്മാനായി ഇനിക്കു പ്രകാശിച്ച (തായ.)

108. വെട്ടവും ആദിത്യനും നശിക്ക! ഭസ്മമായിപ്പോക! പിശാചിൻെറ വ്യാജംപോലെ ലാളിച്ച നിൻെറ വാക്ക്.

109. (ലോക) നന്മയെല്ലാം ഇനിക്കു വരുത്തിയത് ചതിച്ചു! നീ മകനെന്നു വിളിച്ച് എന്നെ കണ്ട നാളിൽ.

നരകപർവം	പൊരുൾ.
110 നീതിമാൻ സർവേശ്വരൻ നമുക്കു പ്രമാണിച്ച–നീതി ന്യായ വേദത്തെ നീഗ്രഹിപ്പിച്ചില്ലമാം	110 നീതിമാനായ സർവ്വേശ്വരൻ നമുക്കു പ്രമാണിച്ച നീതിന്യായ വേദത്തെ എന്നെ നീ പഠിപ്പിച്ചില്ലാ.
111 എന്നെ നീ ഗ്രഹിപ്പിച്ചാൽ ഞാൻ ഗ്രഹിച്ചില്ലയെങ്കിൽ– നിന്നെക്കല്പിച്ചു മമ താതനായ് ദയാപരൻ.	111 എന്നെ പഠിപ്പിച്ചാൽ ഞാൻ പഠിച്ചില്ലെങ്കിൽ ദയാപരൻ എന്റെ പിതാവായിട്ടു നിന്നെ കല്പിച്ചു (ഇരിക്കയാൽ).
112 പ്രണയം ത്യക്തപാമ സർവാംഗം മുറിച്ചിട്ട–പ്രാണനെക്കളഞ്ഞുടൻ സമുദ്രെ താഴ്ത്തിയെങ്കിൽ.	112 എന്റെമേലുള്ള സ്നേഹംകളഞ്ഞുംവച്ച് സർവ്വാംഗം മുറിച്ചിട്ട പ്രാണൻ കളഞ്ഞ് സമുദ്രത്തിൽ താഴ്ത്തിയെങ്കിൽ.
113 ഇങ്ങിനിക്കവജയമെങ്കിലും പരലോകെ–മംഗലമിനിക്കു നീ വരുത്തിയെന്നുവരും.	113 ഭൂമിയിലിനിക്കു മരണമെങ്കിലും, പരലോകത്തിൽ സുഖം നീവരുത്തിയെന്നു വിചാരിക്കായിരുന്നു.
114 എന്നുള്ള ശുഭബുദ്ധി നിനക്കുണ്ടായില്ലല്ലൊ?– എന്നെ ദുഷ്കൃതഞ്ചെയ്യപ്പോളെ നീ ശിക്ഷിച്ചില്ല.	114 ഈവണ്ണമുള്ള നല്ല ബുദ്ധി നിനക്കുണ്ടായില്ലല്ലൊ? ഞാൻ തിന്മചെയ്യപ്പൊഴെ എന്നെ നീ ശിക്ഷിച്ചില്ല.
115 ബോധിപ്പിച്ചില്ല തസ്മാൽ ഞാൻ ഗുണമറിഞ്ഞില്ല– വർദ്ധിച്ചു മമ ദോഷം ദുഷ്കൃത്യാധിയും പിന്നെ	115 (എന്നെ നീ) പഠിപ്പിച്ചില്ല. അതിനാൽ ഗുണം ഞാനറിഞ്ഞില്ല. എന്റെ ദോഷം വർദ്ധിച്ചു പിന്നെ നരകപീഡയുമുണ്ടായി.
116 പാപിയെയതിൻ ഫലം രസിച്ചീടുക നിത്യം അപരാദ്ധ നീ സദാചൂടിനാൽ നശിക്കുക.	116. പാപിയെ? അതിന്റെ ഫലം നിത്യമായി നീഅനുഭവിക്ക;പിഴച്ചവനെ! നീ എന്നും ചൂടിനാൽനശിക്ക.
117 കാരണർ പുത്രന്മാരുമീവണ്ണം പറയുമ്പോൾ– അരികളായുള്ളവരെന്തെല്ലാം പറഞ്ഞിടും.	117 അപ്പനും മക്കളുമീവണ്ണം പറയുമ്പോൾ ശത്രുക്കളായുള്ളവരെന്തെല്ലാം പറയും?

നരകപർവ്വം.

118 ഇത്തരമുള്ള ദോഷവാക്കുകൾ കേൾക്കുന്നേരം_അന്തസ്താപത്തെച്ചൊൽവാൻ സംസാരമൊന്നും പോര.

119 ഭാരിച്ച ഭയങ്കരസ്തനിതധ്വനികളും_ നരകം കുലുങ്ങുന്നഗർജ്ജിതങ്ങളുമിവ

120 കേട്ടിട്ടു കണ്ണുദുഃഖമേറുന്ന നിരവധി_ കടലിൽ യാനപാത്രംമുറിഞ്ഞുനശിച്ചിട്ടു.

121 പോതവാഹന്മാരഹ ജീവനെ രക്ഷാർത്ഥമായ് നീന്തുന്ന നേരത്തിങ്കൽകോപിച്ച കല്ലോലത്താൽ.

122 നാശമെന്നുറച്ചുകൊണ്ടോരോരൊ തിര കണ്ടു_ ആശ്രുവതിനാലന്തം ചിന്തിക്കുമെന്നപോലെ.

123 നരകെതന്മാരിടിമുഴക്കം കേൾക്കുമ്പോളെപ്പെരികവിവശരായത്യന്തംഭ്രമിക്കയും.

124 ഇടിയെ പേടിക്കയും ദുഃഖേന കൊള്ളുകയും കടുക്കമിച്ഛിക്കയു ഞ്ചാകാതെ വലകയും.

125 ശിരസ്സിന്നാശ്വാസമാം ഘ്രാണമെന്നൊരു ദ്വാരം_ സൌരഭ്യമിച്ഛിക്കുന്നോരിന്ദ്രിയമാകുന്നതു.

126 സുഗന്ധന്നാസികൾക്കു പ്രിയമാകുന്ന പോലെ_ ദുർഗ്ഗന്ധ ഘ്രാണമതിദുസ്സഹ്യമെന്നു നൂനം.

പൊരുൾ.

118 ഇപ്രകാരമുള്ള ദോഷവാക്കുകൾ കേൾക്കുന്നസമയംമനോതാപത്തെ പറവാൻ വാക്കുകളൊന്നും പോരാ.

119 ഭാരപ്പെട്ടു ഭയങ്കരമായ ഇടിമുഴങ്ങുന്ന ധ്വനികളും നരകം കുലുങ്ങുന്ന അലർച്ചകളും മററം_

120 കേട്ടിട്ടു അറുതിയില്ലാത്ത കണ്ണുദുഃഖമേറുന്നു. കടലിൽ കപ്പൽ മുറിഞ്ഞു നശിച്ചിട്ടു_

121 കപ്പക്കാര് ജീവനെ രക്ഷിപ്പാനായിട്ടു നീന്തുന്ന നേരത്തിൽ കോപമേറിയ ഓളങ്ങളാൽ_

122 നാശമെന്നുറച്ചുകൊണ്ടുകാരോരൊ തിരകണ്ടു അതിനാൽ വേഗം മരണം (വരു)മെന്നു നിശ്ചയിക്കുമാറാകുന്നപോലെ_

123 നരകവാസികൾ ഇടിമുഴക്കം കേൾക്കുമ്പോളെ തന്നെ ഏററം പരവശരായി വളരെ ഭ്രമിക്കയും,

124 ഇടിയെ പേടിക്കയും ദുഃഖത്തോടെ കൊള്ളുകയും, മരിപ്പാനാഗ്രഹിക്കയും ചാകാതെ വലകയും ചെയ്യും.

125 തലയ്ക്കു് ആശ്വാസമാകുന്ന മൂക്കു എന്നദ്വാരം നല്ല മണം ഇച്ഛിക്കുന്ന ഒരു ഇന്ദ്രിയം അതാകുന്നു.

126 മൂക്കിന്നു നല്ല മണം ഇഷ്ടമാകുന്നപോലെദുർഗ്ഗന്ധനാററം അതിന്നു സഹിക്കാനേലാത്തതെന്നു നിശ്ചയം.

അക്കാദമി

നരകപർവ്വം.

127 ദ്വിഷ്ടമാം ശത്രുജനം സംസർഗ്ഗമതി ദ്വിഷ്ടം— ദ്വിട്ടിന്റെ സമീപത്തിൽ വസിപ്പാൻ യോഗം വന്നാൽ.

128 ആനുകൂല്യവുന്നിങ്ങുന്തെളിവുമുണ്ടായ്വരാ—ഗന്ധവാഹശ്ശത്രു ദുർഗ്ഗന്ധഘ്രാണമല്ലൊ.

129 അതിനെ നിത്യമാവഹിക്കുന്നതതിൽഭാരം സന്തതമതിൻരസം സന്തത ശോകമത്രെ.

130 ഒരു സുഗന്ധം തന്നെ എപ്പൊഴും ഘ്രാണിക്കുമ്പോൾ_പരിവർജ്ജ്യവുന്തോന്നുംകസ്തൂരിയെന്നാകിലും.

131 ഏക ദുർഗ്ഗന്ധമെങ്കിൽ വിഷമമനുപമം_ നിഷ്കൃപനായ നൃപനുത്തര രാജ്യത്തിങ്കൽ.

132 പാപശാസനത്തിന്നായൊരുകുഹരന്തീർത്തു _ തൽപാതാളത്തിൽവീണാൽ ശരണം പാപിക്കില്ല.

133 പൈയ്യുന്ദാഹവുമിത്ഥംവിവിധസന്താപങ്ങൾ ആയുസ്സിൻ നാശത്തോളം ക്ഷമിക്കുമെന്നു കേളി.

134 ജീവൻ പോയീട്ടുകാലം തദ്വാസിസന്താപാന്തം_ ജീവിത കാലക്ഷമാ മരണേ ഭാഗ്യമുള്ളു.

പൊരുൾ.

127 ദ്വേഷിക്കപ്പെട്ട ശത്രുജനങ്ങളോടുള്ള സംസർഗ്ഗം ഏറ്റം വെറുക്കപ്പെട്ടതാകുന്നു. ശത്രുവിന്റെ സമീപത്തിൽ പാർപ്പാൻ സംഗതി വന്നാൽ

128 അനുകൂലവും പോകും. തെളിവുമുണ്ടാകയില്ല (എന്നാൽ) മൂക്കിന്നു ദുർഗ്ഗന്ധമണം ശത്രുവാകുന്നുവല്ലൊ.

129 അതിനെ നിത്യമായി വഹിക്കുന്നതു എത്രയും കഷ്ടമല്ലൊ? എപ്പൊഴും അതിന്റെ രസം അനുഭവിക്കുന്നതു എന്നേരവും ദുഃഖമത്രെ.

130 ഒരു സുഗന്ധ(വസ്തു) തന്നെ എപ്പൊഴും മണക്കുമ്പോൾ കസ്തൂരി തന്നെ എന്നു വരികിലും വെറുപ്പു തോന്നും.

131 ഒരു ദുർഗ്ഗന്ധ (വസ്തു) എങ്കിൽ ഉപമയില്ലാത്ത വിഷമം (എന്നു വരുമ്പോൾ) വടക്കെ രാജ്യത്തിൽ കൃപയില്ലാത്തവനായ ഒരു രാജാവു.

132 പാപത്തിന്റെ ശിക്ഷയ്ക്കായിട്ടു ഒരു പാതാളം തീർത്തു. ആ പാതാളത്തിൽ വീണാൽ പാപിക്കു ശരണമില്ല.

133 വിശപ്പും ദാഹവും ഇപ്രകാരം നാനാവിധമായ സങ്കടങ്ങൾ ആയുസ്സിന്റെ ഒടുക്കത്തോളം ക്ഷമിക്കേണ്ടി വരുമെന്നു കേളിയുണ്ടു.

134 ജീവൻപിരിയുമ്പോൾ അവിടെ വസിക്കുന്നവന്റെ ദുഃഖത്തിന്നു അവസാനമായി ജീവിതകാലത്തിൽ ക്ഷമയും മരണത്തിങ്കൽ ഭാഗ്യവുമുണ്ടാകുന്നു.

നരകപൎവ്വം.	പൊരുൾ.
135 ഇത്ത്യാദി ഭയാനക ദുഷ്കൎമ്മരന്ധ്രത്തിലെ_സുതാപങ്ങളിൽ ശ്രേഷ്ഠമൊരു ദണ്ഡവുമുണ്ടായ്.	135 ഇപ്രകാരവും മററും ഭയങ്കരമുള്ള ദുഷ്കൎമ്മപാതാളത്തിലെ ഏറിയ ദുഃഖങ്ങളിൽവച്ചു ഒരു ദണ്ഡം ശ്രേഷ്ഠമായിട്ടുണ്ടായി.
136 അതിക്രമങ്ങൾകൊണ്ടു പാപികൾ മരിക്കുമ്പോൾ_മൃതദേഹത്തെ നീക്കിക്കളവാനുപായവും.	136 അതിക്രമങ്ങൾകൊണ്ടു പാപികൾ മരിക്കുമ്പോൾ മരിച്ച പ്രേതത്തെ മററിക്കളവാനുപായവും.
137 അനുവാദവുമവക്കില്ലാഞ്ഞുവതിനാലെ_മാനുഷ ശവ മാംസം പക്ഷഭാഗത്തിത്തന്നെ.	137 അനുവാദവുമവക്കില്ലാഞ്ഞതിനാലെ മരിച്ച മാനുഷൻെറ മാംസം പാൎശ്വഭാഗത്തിൽതന്നെ
138 കിടന്നു പഴക്കയുമത്യുത്ഥന്നാറുകയും_ദുഷ്ടഗന്ധത്തിൻ ശക്ത്യാ ജീവനുള്ളോരുംകൂടെ.	138 കിടന്നുപഴക്കയും ഏററം നാറുകയും (ചെയ്യുമ്പോൾ) അറക്കപ്പെട്ട ആ ഗന്ധത്തിൻെറ ശക്തിയാൽ ജീവനുള്ളവരും കൂടെ
139 മോഹിച്ചു വീഴകയും മരണം പ്രാപിക്കയും_ആ ഹേതുകൊണ്ടു ജീവനുള്ളോരെയവിടത്തിൽ.	139 ബോധംകെട്ടു വീഴകയും മരിച്ചുപോകയും (ചെയ്യുന്നു) ആയതുകൊണ്ടു ജീവനുള്ളവരെ അവിടെ വച്ചു
140 ചത്തവർ കൊല്ലുമെന്നുചൊല്ലുവാനവകാശം മൎത്ത്യകുത്സിതൻ ഖലൻ മറെറാരു നരപാലൻ.	140 ചത്തവർ കൊല്ലുമെന്നു പറവാൻ സംഗതിയായി (ഇതുകൂടാതെ) മാനുഷരിൽ നിന്ദിക്കപ്പെട്ടവനും ദുഷ്ടനമായ മറെറാരു രാജാവു (അതാകുന്നതു)
114 നിഹന്താപതികത്താ പാപികൾക്കഗ്രേസരൻ_ അഹിതാൻപ്രതിയുള്ള വൈരാഗ്യദാഹന്തീപ്പാൻ.	141 കുലപാതകക്കാരിൽ മുഖ്യനും പാപികളിൽ മുൻപനും (ആയ നെറോൻ രാജാവു)ശത്രുക്കളോടുള്ള വൈരാഗ്യം തീപ്പാൻ.
142 പഴുത്തു ചീഞ്ഞു പാതിയഴിഞ്ഞ ശവഃത്തൊടു കീഴിൽ കേളാത്തവണ്ണമസുസഹിതന്മാരെ.	142 പഴുത്തു ചീഞ്ഞു പാതി അഴിഞ്ഞ ശവത്തോടു കീഴിൽ കേട്ടിട്ടില്ലാത്തവണ്ണം ജീവനുള്ളവരെ.
143 ബന്ധിപ്പിച്ചവക്തി സങ്കടവാഹമായ_ഗന്ധകഷ്ടത്താലന്തം വരുത്തിക്കൊള്ളുമാറായ്.	143 കൂട്ടിക്കെട്ടി അവക്കു ഏററം സങ്കടമായവിധത്തിൽ കഷ്ടമായ ദുൎഗ്ഗന്ധത്താൽ കൊല്ലുമാറായിരുന്നു (അപ്പോൾ)

നരകചവം	പൊരുൾ.
144 ഇന്നാസകൃദ്ധമെല്ലാം ഭീതിദമെന്നാകിലും – എന്നാലുമ്പരലോക ദുഃഖത്തോടൊത്തീടുമൊ?	144 മൂക്കിന്റെ ഠരം പീഡകളെല്ലാം ഭയങ്കരമായതെന്നു വരികിലും, നരകത്തിലെ ദുഃഖത്തോടു ഇതു ശരിയാകുമൊ?
145 അനുപമങ്ങളത്രതല്ലോക സന്തോപങ്ങൾമാനസെചിന്തിച്ചു നീയാമോദവിസ്രങ്ങളും.	145 ആ ലോകത്തിലെ ദുഃഖങ്ങൾ ഉപമയില്ലാത്തവയാകുന്നു എന്നു നീ മനസ്സിൽ വിചാരിച്ചു അതി ദുർഗ്ഗന്ധങ്ങളും നാററമുള്ളവകളും.
146 പൂതിഗന്ധിയും മലചകഗന്ധങ്ങളെല്ലാം – അതിനുപരിവായ്ച്ച നാററമൊക്കെയും കൂടെ.	146 ദുർഗ്ഗന്ധമുള്ളവയും, മലങ്ങളുടയും, ചീഞ്ഞവയുടയും നാററങ്ങൾ കയ്യും അതിന്നു വദ്ധിക്കുന്ന ഗന്ധംകൊക്കെയും കൂടെ.
147 നരകദുർഗ്ഗന്ധത്തോടുപമിച്ചീടുകിലൊ – ധരണിതന്നിൽ നാസക്ലിഷ്ടക്കേടുള്ളതെല്ലാം.	147 നരക ദുർഗ്ഗന്ധത്തോടു ഒന്നിച്ചുനോക്കുന്നുവെങ്കിൽ ഭൂമിയിൽ മൂക്കിന്നു ഇഷ്ടക്കേടുള്ളതെല്ലാം.
148 എത്രയും പരിമളഗന്ധമിതവിടത്തിൽ – ഇതിനരകപാപിയേകനെങ്കിലും ഭുവി.	148 അവിടെ(നരകത്തിൽ) എത്രയും പരിമളമുള്ള ഗന്ധമാകുന്നു ഇപ്രകാരമാകയാൽ നരകപാപിയായവൻ ഒരുവനെങ്കിലും ഭൂമിയിൽ–
149 പ്രത്യക്ഷമായിട്ടുകിൽ ദുർഗ്ഗന്ധ വിഷം കൊണ്ടു– നശിക്കുന്നു ജന്മം ജന്തു ഹിനയും വരും.	149 കാണപ്പെട്ടാൽ ദുർഗ്ഗന്ധ വിഷം കൊണ്ടു മാനുഷവർഗ്ഗവും (മൃഗ) ജന്തുക്കളും നശിച്ചുപോകും.
150 പിശാചു മഹാ വൃന്ദമസംഖ്യംപാപികളും– ഗന്ധക ധൂമങ്ങളുംവ്യാപിച്ചീടുന്ന പൂതി.	150 മഹാ വൃന്ദമായ പിശാചുക്കളും എണ്ണമില്ലാത്ത പാപികളും ഗന്ധകപ്പുകകളും നിറഞ്ഞിരിക്കുന്ന (അതിലെ) ദുർഗ്ഗന്ധത്തെ.
151. ഗന്ധിയെയൊപ്പിക്കാമൊ വിഷയം ബുദ്ധിക്കിതൊ– ക്ഷുല്പിപാസാദി കൊണ്ടു രസനാ ക്ഷമിക്കുന്നു	151 പറഞ്ഞൊപ്പിക്കാമൊ? ബുദ്ധിയിൽ വിചാരിച്ചാലടങ്ങുമൊ? വിശപ്പും ദാഹവും മററും കൊണ്ടു നാവു വലയുന്നു.

നരകപവ്വം

152 വലുതേതെന്നതക്കമിനിയുന്തീരുന്നില്ല ശരീരമുള്ളോർകൾക്കു വിഷമംരണ്ടുന്തന്നെ.

153 ഈ രണ്ടുമസഹ്യങ്ങൾ വളരെ ഭേദമില്ല_ക്ഷുത്താലും ദാഹത്താലും മരിപ്പാൻ വിധി കൂട്ടും.

154 മൎത്ത്യജന്മത്തിലതിശൌൎയ്യവാനൊരു നരൻ ഒരുവൻ ബഹു ശത്രു സേനയെത്തോല്പിച്ചിട്ടു.

155 തൃഷ്ത്താലവൻ തോററു ബലഹീനവും വന്നു_അസ്ഥിയിൽ ഭൂതജലം ദാഹത്തെക്കളഞ്ഞപ്പോൾ.

156 സുസ്തൃത്യ ജീവിച്ചുടൻ ശക്തിയുമുണ്ടായ്വന്നു_ മാനുഷരായുള്ളോരിൽ ബലവാനിൽ വീരനാം.

157 എന്നാലും തോററു മഹാ പിപാസാ പരാജിതൻ_ തന്മൂലം ശത്രുക്കളിൽ വലുതിതെന്നു വന്നു.

158 തൻകോപബലങ്ങളെ പൊറുപ്പാൻ മഹാപണി_ മുഷ്കരനൊരു നൃപൻ ശത്രുവോടെതിൎത്തപ്പോൾ.

159 തൃഷ്ത്താൽ പരിഭൂതനായെന്നു ശ്രുതമല്ലൊ സഹിച്ചുകൂടാത്തൊരു പിപാസ ധരിച്ചവൻ.

160 ദാഹത്തിന്നാശ്വാസമായു പായമൊന്നേയുള്ളു രാജ്യത്തെ യുപേക്ഷിച്ചാൽ ദാഹദഹനം പോകും.

പൊരുൾ.

152 (വിശപ്പും ദാഹവുമെന്നതിൽ) വലിയത് ഏതെന്നു ഇന്നിയും തക്കംതീരുന്നില്ല_ശരീരമുള്ളവൎക്കു രണ്ടും വിഷമംതന്നെ.

153 ഇതുരണ്ടും സഹിപ്പാൻ പാടില്ല. വളരെ ഭേദവുമില്ല_വിശപ്പുകൊണ്ടും ദാഹംകൊണ്ടുംമരിപ്പാനിടയാകും

154 മാനുഷ കുലത്തിൽ ഏററം ശൂരനായ ഒരു മനുഷ്യൻ (അതാകുന്നതു ശംശോൻ) അവൻ ഒരുവൻ ശത്രുക്കളുടെ ഏറിയ സേനയെ തോല്പിച്ചിട്ടു_

155 ദാഹത്താൽ അവൻ തോററു ശക്തിക്ഷയവുമുണ്ടായി. (അന്നേരം)ഒരു അസ്ഥിയിൽ നിന്നു പുറപ്പെട്ടുവന്ന വെള്ളം കുടിച്ചു ദാഹം തീൎന്നപ്പോൾ_

156 ഉടനെ ഏററവും സ്തുതിയോടുകൂടെജീവിച്ചു ശക്തിയുമുണ്ടായ്വന്നു. മാനുഷരിൽ ബലമുള്ളവരിൽ വെച്ചു വീരനാകുന്നു.

157 എന്നാലും വലിയ ദാഹത്താൽ തോററവനായിട്ടു മടങ്ങു, അതുകാരണംഇതു(അതായതു)ദാഹം ശത്രുക്കളിൽവലിയതെന്നുവന്നു.

158 അതിന്റെകോപബലങ്ങളെ ക്ഷമിപ്പാൻ മഹാപ്രയാസം. (എങ്ങിനെയെന്നാൽമററ)ഒരുമുഷ്കരപ്പെട്ടരാജാവു ശത്രുക്കളോടു എതിൎത്തസമയം

159 ദാഹത്താൽ വലഞ്ഞുപോയി എന്നതുംശ്രുതിപ്പെട്ടിരിക്കുന്നുവല്ലൊ? (അതാകുന്നതു) സഹിച്ചുകൂടാത്ത ഒരു ദാഹം രാജാവിനുണ്ടായി.

160 (അന്നേരം) ദാഹത്തിനെ അമൎത്തുവാൻ ഒരുപായമേകണ്ടെത്തിയുള്ളു (അതായതു) രാജ്യത്തെ ഉപേക്ഷിച്ചാൽദാഹത്തിന്നുപൊറുതിയുണ്ടാകും

നരകപർവ്വം.

161 രാജ്യത്തെയപേക്ഷി
ച്ചാൽ ദാഹത്താൽ ജീവ
നം പോം_ എന്നിവ കണ്ടു
മഹാ തൃഷ്ണസ്സാക്ഷിതിപതി.

162 മാനത്തെ രക്ഷിക്ക
ണം ജീവനെക്കളഞ്ഞിട്ടും_
എന്നു ചിന്തിച്ചിട്ടു ജീവ
നെക്കളയുന്നു.

163 സങ്കടം സഹിയാ
ഞ്ഞുദീനനാം നരപാലൻ_
സ്വദാഹം തീപ്പാൻ രാജ
ചിഹ്നങ്ങൾ ത്യക്തവാജനം.

164 പദനിയമംകൊ
ണ്ടു സലിലം വാങ്ങിക്കൊ
ണ്ടു_ തൃഷ്ണാശവും രാജ
സ്ഥാനനാശവുമേററു.

165 ദുർഭാഗ്യമേറും ലി
സി മാക്കോസെന്നൊരു ഭ
വാൻ_വിവാസ നാശത്തി
ന്നായ്ക്കഴിഞ്ഞപാനവിധം.

166 കപ്പിപ്പാൻ പണി
യേറും മൂത്രാസൃക്കാവിലങ്ങ
ൾ_ തൃൾത്താപം കൊണ്ടു
പാനഞ്ചെയ്തു ചത്തവരുണ്ടു

167 ഭൂതങ്ങളെല്ലാററി
ന്നും സ്വസ്ഥലേ ബലമേറും
എല്ലാ സങ്കടങ്ങൾക്കും ന
രകേ ശക്തിയേറും.

168 സ്ഥലമവററിന്നു
ത തൽബലമതിലേറും_ത
ഷ് ദുഃഖങ്ങളതിലുള്ളപോ
ല്ലറയാമൊ?

പൊരുൾ.

161 രാജ്യത്തെ ആഗ്രഹിച്ചാൽ ദാ
ഹംകൊണ്ടു മരിച്ചുപോകയും ചെയ്യും
എന്നതിനെക്കൊണ്ടു ആ രാജാവ വ
ലിയ ദാഹത്തിനാല്ലെക്കൊണ്ടു

162 ജീവനെ കളഞ്ഞിട്ടെങ്കിലും
മാനത്തെ രക്ഷിക്കേണമെന്നു വിചാ
രിച്ചാറെ ജീവനെ ഉപേക്ഷിക്കുന്നു_

163 സങ്കടം സഹിപ്പാൻ വഹി
യാതെ പരവശനായരാജാവു തന്റെ
ദാഹം തീപ്പാൻ രാജപദവികളെ ഉ
പേക്ഷിച്ചുകൊണ്ടു.

164 രാജ്യം വിററു വെള്ളം വാ
ങ്ങിച്ചുകൊണ്ടു_ദാഹവും തീത്തു രാജ
സ്ഥാനവും വെടിഞ്ഞു.

165 എററവും ദുർഭാഗ്യനായ ലി
സി മാക്കോസെന്ന ഒരു രാജാവു ദാ
ഹം തീപ്പാൻ വേണ്ടി ജലം കുടിച്ച
പ്രകാരങ്ങൾ പറഞ്ഞു_

166 കപ്പിക്കാൻ മഹാ പ്രയാസമു
ണ്ട്. മൂത്രവും ചോരയുംകൂടി കലങ്ങി
യവയെ ദാഹത്തിന്റെ എരിവുകൊ
ണ്ടു കുടിച്ചു ചത്തവരുമുണ്ട്.

167 ഭൂതങ്ങളെല്ലാററിന്നും അത
തിന്റെ സ്ഥലത്തു ശക്തിയേറും (അ
തുവണ്ണം) എല്ലാ സങ്കടങ്ങൾക്കും ന
രകത്തിൽ ശക്തിയേറും.

168 (എന്നിരിക്കയിൽ) നരകം
സങ്കടങ്ങൾക്കായി നിയമിക്കപ്പെട്ടിരി
ക്കുന്ന സ്ഥലമാകുമ്പോൾ_അതിൽ
സങ്കടങ്ങൾക്കു ബലമേറും. ദാഹത്താ
ലുള്ള ദുഃഖങ്ങൾ അതിലുള്ളതുപോ
ലെ പറയാമൊ?

നരകപൎവ്വം

169 പരസങ്കട ദ്ദണ്ഡമൊന്നുമെ തിരിക്കാതെ_ ദാഹിച്ച നാവിനുണ്ണും സമ്പന്നൻ തിരിച്ചുള്ളു.

170 ദാഹിച്ചു വലയുന്നോനെന്നുസങ്കടംചൊല്ലി_ ഒരു നീൎത്തുള്ളിയപേക്ഷിച്ചതി സാദ്ധ്യത്തോടും.

171 നീൎത്തുള്ളി വിപാസയ്ക്കപേക്ഷകൾ ലഭിച്ചില്ല ജീവിതകാലെ തനിക്കുണ്ടായ ധനധാന്യം.

172 പൎവ്വതോത്ഭവ രത്ന സ്വൎണ്ണാദി സമ്പത്തെല്ലാം_ ഒരിക്കൽ കുടിപ്പാനായ്ക്കൊടുപ്പാനിരക്കിലും.

173 കൊടുത്തില്ലെന്നു പാപിയതിനാൽ നിനക്കിപ്പോൾ_ ഒടുക്കമററ ദാഹക്ഷുത്താപം കല്പിച്ചിത.

174 നീൎത്തുള്ളിയൊന്നും കിട്ടാസദാ ദാഹിക്കെയുള്ള ജിഹ്വാസങ്കടത്തോടു ദാഹിക്കും സദാകാലം.

175 ദാഹസംഗമമായ ക്ഷുത്താപം നരകത്തിൽ_ പുഷ്ടമെത്രയുംനരവാക്കിന്നപരിച്ഛേദ്യം.

176 ദുഷ്ടരെത്താഡിപ്പാനായ് സൎവ്വേശകശയരആ മഹാ ഭയങ്കര വേദന വഹതാനും.

പൊരുൾ.

169 മററുള്ള സങ്കടമൊന്നും പറയാതെ_ദാഹത്താൽ നാവിനുള്ള എരിച്ചിലിനെ മാത്രമെ (നരകത്തിൽ പോയ)സമ്പന്ന്യൻതിരിച്ചുപറഞ്ഞൊള്ളുവല്ലൊ.

170 (എങ്ങിനെയെന്നാൽ) ദാഹിച്ചു ഞാൻ വലയുന്നോൻ! എന്നു സങ്കടം പറഞ്ഞു. ഏററം സാദ്ധ്യത്തോടുകൂടെ ഒരു തുള്ളി വെള്ളം (അവൻ) അപേക്ഷിച്ചു.

171 പക്ഷെ, ആ അപേക്ഷയ്ക്കു ഒരു തുള്ളി വെള്ളവും ദാഹം തീൎപ്പാൻ കിട്ടീല (എന്ത്യേ) ജീവിതകാലത്തിൽ അവനുണ്ടായ ധനധാന്യങ്ങളും_

172 മലപോലെക്കൂട്ടി സമ്പാദിച്ച പൊന്നുകൾ, കല്ലുകൾ, മുതലായ സമ്പത്തുകളുമെല്ലാം (കൂട്ടിവച്ചിരുന്നാറെ (ഒരിക്കൽ കുടിപ്പാൻ വെള്ളംപോലും ഭിക്ഷക്കാരു് എരന്നിട്ടും_

173 ദുരാശയാലെ കൊടുക്കാതിരുന്നു. അതിനാൽ പാപിയെ ഇപ്പോൾ നിനക്കു അവസാനമില്ലാത്ത ദാഹവും വിശപ്പും കല്പിക്കപ്പെട്ടിരിക്കുന്നു.

174 ഒരു തുള്ളി വെള്ളം പോലും നിനക്കു കിട്ടുകയില്ല. എന്നന്നേയ്ക്കും ദാഹിക്കേയുള്ളു_ നിന്റെ നാവു സങ്കടത്തോടുകൂടെ എന്നന്നേയ്ക്കും ദാഹിക്കും.

175 ദാഹത്തിന്നു ചേൎന്നതായ വിശപ്പിന്റെ സങ്കടം നരകത്തിൽ മാനുഷ വാക്കിനാൽ പറഞ്ഞൊപ്പിച്ചുകൂടാത്തവണ്ണം എത്രയും വലുതാകുന്നു

176 ദുഷ്ടരെ ശിക്ഷിപ്പാനായിട്ടു സൎവ്വേശ്വരന്റെ ചമ്മട്ടി അതാകുന്നു. ആ മഹാ ഭയങ്കരമായ വേദന അനുഭവിക്കയുംവേണം.

നരകപൎവം.	പൊരുൾ
177 ഒരം മനുകുലമിവ സഹിപ്പാൻ വശമാമൊ ഖം ഭൂമ്യഗ്ന്യപ്പെന്നിവ ഭൂതങ്ങൾ നാലുകൊണ്ട്.	177. ഇപ്രകാരമുള്ള ദുരിതങ്ങൾ ഈ മാനുഷവൎഗ്ഗം സഹിപ്പാൻ വശമാകുമൊ? കാററ, മണ്ണു, തീ, വെള്ളം എന്നീ നാലു ഭൂതങ്ങൾ കൊണ്ട്_
178 നിൎമ്മിതം നരദേഹം ഭൌതികമാകുന്നത മൂന്നു ഭൂതങ്ങൾക്കഗ്നിപോഷണമുണ്ടാക്കണം.	178. മാനുഷന്റെ ശരീരം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതു ഭൂതസംബന്ധമായതാകുന്നു. ഭൂതങ്ങൾക്കും അഗ്നിപുഷ്ടിമ ഉണ്ടാക്കണം.
179 അഗ്നിക്കു ദഹിപ്പിപ്പാൻ സാധനം വേണം താനും അല്ലാഞ്ഞാൽ കോപത്തോടു സ്വസ്ഥലന്ദഹിപ്പിപ്പാൻ.	179. (എന്നാലൊ) അഗ്നിക്കു ദഹിപ്പിപ്പാൻ സാധനം വേണം താനും. അല്ലാഞ്ഞാൽ കോപമായി തന്റെ ഇരിപ്പിടം ദഹിപ്പിപ്പാൻ
180 ബലവാനൊരുമ്പെട്ടു ഭക്ഷണം പചിക്കുമ്പോൾ_ വൎദ്ധിക്കുമതിനുഷ്ണം ശരീര സന്താപങ്ങൾ.	180. ബലവാനായി പുറപ്പെട്ടു. ഭക്ഷണം ദഹിക്കുമ്പോൾ അഗ്നിയുടെ ഉഷ്ണവും ശരീര സങ്കടങ്ങളും വൎദ്ധിക്കും.
181 തദനു ഘോരതീക്ഷ്ണം മാനുഷർ പൊറുക്കാഞ്ഞാൽ_ ദുഷ്ടഭക്ഷണമാത്തു ഭക്ഷിക്കും മടിയാതെ.	181. അങ്ങിനെ അധികമായ വിശപ്പു മാനുഷൎക്കു സഹിപ്പാൻ മേലാത്തപ്പോൾ വെറുക്കപ്പെട്ട ഭക്ഷണവും ഉടൻ മടികൂടാതെ ഭക്ഷിക്കും.
182 കഷ്ടസഹിതം സമ്മറിയാപുരിയുകണ്ടു_ ശത്രുക്കൾ പടയോടു നഗരം വളഞ്ഞാറെ.	182. (ഇങ്ങനെ) കഷ്ടപ്പെട്ടവരായ സമ്മറിയ എന്ന ദിക്കിലെ ജനങ്ങൾക്കു സംഭവിച്ചു (അതായ്ത) ശത്രുക്കൾ പടയോടുകൂടെ നഗരം വളഞ്ഞാറെ—
183 തത്രവാസികളായ ലോകരും വലഞ്ഞുടൻ_ ആ മഹാ ലോകൎക്കപ്പോൾ ഭക്ഷണവിഷയമാം.	183. ഉടനെ അവിടെ വസിച്ചിരുന്നവരും വലഞ്ഞു, ആ വളരെ ജനങ്ങൾക്കു അന്നേരം ഭക്ഷണസാധനമായ
184 തീന്മുട്ടീട്ടുടനശ്വഖരസാരമേയങ്ങൾ_ ആശയാഭുജിച്ചവരിത്തരമുള്ളമാംസം	184. തീൻ മുട്ടീട്ടു ഉടനെ കുതിര, കഴുത, പട്ടി (എന്നിവകളുടെ) മാംസങ്ങളെ ആശയോടുകൂടെ അവർ തിന്നു, ഇത്തരമുള്ള മാംസം—
185 അശിപ്പാൻ വില നല്കിക്കൊണ്ടിതു ക്ഷുധിതന്മാർ_ ഗൎദ്ദഭശീൎഷം വെള്ളിയെണ്ണതു കാശു നല്കി.	185. ഭക്ഷിപ്പാൻ വിശപ്പുള്ളവർ വില കൊടുത്തു വാങ്ങി, ഒരു കഴുത തലെക്കു എണ്പതു വെള്ളിക്കാശു വിലകൊടുത്തു.

നരകചവം.

186 പരവശതയോടു കൂടക്കൊള്ളുമാറായി_ അതു മൊട്ടുന്തുന്നേരം പോർ മട്ടി ഭാസം വിഷ്ണ.

187 അർത്ഥനിയമങ്ങെയ്യു വാങ്ങിയശനത്തിന്നായ് ദേവമാരണമൂലം യൂദരെ ശിക്ഷിപ്പാനായ്.

188 സൎവ്വേശൻ പഞ്ഞമെന്ന ദണ്ഡമയച്ചവല്ലൊ_ മററെല്ലാദോഷങ്ങളിൽശ്രേഷ്ഠമാകുന്ന പാപം.

189 ഏററവും രസിപ്പാനായ് പ്പഞ്ഞത്തെക്കല്പിച്ചപ്പോൾ_ഭൌമ്യകൃത്സ്നത്തിലിതു സങ്കടമെന്നുവന്നു.

190 ഭൂമന്ത്യത്രാണങ്ങെയ്യു കരുണാനിധി ദേവൻ_ ഉപരിലോകം പ്രാപിച്ചിട്ടു വാനെഴുന്നെള്ളി.

191 നാല്പതു സംവത്സരം കഴിഞ്ഞോരനന്തരംഘാതകയൂദകുലം മുടിവാൻകാലംവന്നു.

192 ഉത്തരദിക്കിലുടക്കോപ്പുകളൊക്കക്കൂട്ടി പൃതനയോടുകൂടെ സേനാനായകനായ

193 തെത്തോസെന്നോരു നരപോത്തമൻ പുറപ്പെട്ടു— മുടിഞ്ഞു സൎവ്വരാജ്യം വെന്തിട്ടു പുരങ്ങളും.

194 പടഭീതിയും പൂണ്ടവാസികളോരൊശലം_ പ്രസിദ്ധപുരത്തിങ്കൽ ശരണം നിരൂപിച്ചി_

പൊരുൾ.

186. (ഈ വണ്ണം) പരവശത്തോടുകൂടെ വാങ്ങുമാറായിരുന്നു, അതും തീൎന്നുപോയപ്പോൾ കോഴി, പ്രാവു മുതലായതിന്റെ കാഷ്ഠവും,

187. ദ്രവ്യം കൊടുത്തു വാങ്ങി ഭക്ഷണത്തിന്നായിട്ടു (ഇങ്ങനെ) കൎത്താവിന്റെ മരണം (അതായ്തു തന്നെ കൊന്നതു) മുഖാന്തരം യൂദന്മാരെ ശിക്ഷിപ്പാനായിട്ടു,

188. സവേ്വശ്വരൻ പഞ്ഞമെന്ന ക്ലേശത്തെ കല്പിച്ചല്ലൊ, (അപ്പഴെം) മററെല്ലാദോഷങ്ങളിലും വലുതായ ആ ദോഷം.

189 ഏററവും ഭയങ്കരപ്പെട്ടതെന്നു അറിപ്പാനായിട്ടു പഞ്ഞത്തെ കല്പിച്ചപ്പോൾ ഭൂലോകത്തിലെ സങ്കടങ്ങളിൽ ഇതു (ഏററം) വലുതായിട്ടു തീൎന്നു.

190. ലോകത്തിലെ മാനുഷരെ രക്ഷിച്ച കരുണയുള്ള തമ്പുരാൻ ആകാശമോക്ഷത്തിൽ എഴുന്നെള്ളീട്ടു.

191. നാല്പതു വൎഷം കഴിഞ്ഞശേഷത്തിങ്കൽ യൂദ കുലമായ ആ കുലപാതകക്കാരു മുടിവാൻ കാലം വന്നു.

192. വടക്കെ ദിക്കിൽ പടക്കോപ്പുകളൊക്കെ കൂട്ടി പടയോടുകൂടെ സേനാപതിയായ

193. തെത്തോസെന്ന കരുമഹാരാജാവു പുറപ്പെട്ടു പട ചെയ്യതിനാൽ രാജ്യമൊക്കെയും മുടിഞ്ഞു വീടുകളും കത്തിപ്പോയി.

നരകപർവ്വം.

195. ട്ടസംഖ്യജനംകൂടി നിറഞ്ഞു രാജധാനി_വളഞ്ഞു യൂദജന്മ വിനാശമടുത്തനാൾ.

196. വളരെ വളയുന്ന മാനുഷർ സംഖ്യമോടു_ കത്തൊരുദണ്ഡസംഖ്യം സംഖ്യാവാന്മാരാകിലും.

197. അത്യന്ത നരഗണംഭക്ഷണമുണ്ടാക്കുവാൻ- ഏറിയ ക്ലേശത്താലും സാദ്ധ്യമല്ലെന്നു വന്നു.

198. പുറത്തുമകത്തിലും ശത്രുക്കളൊരുപോലെ_ പുറത്തു പടയകത്തെത്രയും മഹാ പഞ്ഞം.

199. നിർഗ്ഗമിക്കുകിലഥ നിർണ്ണയമവസാനം- കരുണോനതയോടു വധിക്കും സൈന്യജനം.

200. പാർക്കിലോ പഞ്ഞം കൊണ്ടു നാശമെന്നതും സിദ്ധം-മരണാഗമം മന്ദമെന്ന ഭേദമേയുള്ളു.

201. സകല ജന്തുക്കൾക്കും ജീവരക്ഷാർത്ഥമെല്ലാം_ സങ്കടം പൊറുപ്പതിന്നില്ല സന്ദേഹമൊന്നും.

202. എന്നാലും കത്തുന്നഗ്നിക്കശനമുണ്ടാകണം- എങ്കിലോ മൃഗങ്ങളെക്കൊല്ലണമെന്നു വന്നു.

പൊരുൾ.

194. അപ്പോൾ കുടികൾ പട പേടിച്ചു 'ഓശ്ലേം' എന്ന കീർത്തിപ്പെട്ട പട്ടണത്തിൽ സങ്കേതംനിരൂപിച്ചു (ചെന്നു.)

195. (ഇങ്ങിനെ) എണ്ണമില്ലാത്ത ജനങ്ങൾകൂടി നിറഞ്ഞു നിന്നാറെ യൂദകുലത്തിന്റെ മുടിവു് അടുത്തിരുന്നതിനാൽ ആ രാജധാനിയെ ശത്രുക്കൾ വളഞ്ഞു

196. വളയുന്ന ഏറിയ മാനുഷരുടെ യുദ്ധംപോലെ സങ്കടങ്ങളായുള്ള ഒരു യുദ്ധവും(ഉണ്ടായി.യൂദന്മാരിൽ)ബുദ്ധിവിഹീനന്മാരുണ്ടായിരുന്നവെങ്കിലും.

197. ആ മഹാക്കൂട്ടമായ ജനങ്ങൾക്കു ഭക്ഷണമുണ്ടാക്കിക്കൊടുപ്പാൻ ഏറിയ ബുദ്ധിമുട്ടുചെയ്തിട്ടും സാദ്ധ്യമില്ലാതെയായി.

198. അകത്തും പുറത്തും ശത്രുക്കളൊരുപോലെയായി. പുറത്തു പടയും അകത്തു് എത്രയും മഹാ പഞ്ഞവുമായിരുന്നു.

199. പുറത്തേയ്ക്കു കടക്കുമെങ്കിൽ അപ്പോൾ മരിച്ചുപോകുമെന്നു നിശ്ചയം. കരുണകൂടാതെകണ്ടു പടയാളികൾ കൊല്ലും.

200. എന്നാലൊ അകത്തുപാർത്താൽ പഞ്ഞംകൊണ്ടു മരിക്കുമെന്നും തിട്ടംതന്നെ. മരണത്തിന്റെ വരവു മന്ദം(പോലെ)യുള്ള ഭേദമേ ഉണ്ടായുള്ളു.

201. (അപ്പുഴോ)സകലജന്തുക്കളും ജീവരക്ഷയ്ക്കുവേണ്ടി സങ്കടം ക്ഷമിക്കേണമെന്നുള്ളതിന്നു് ഒരുസംശയവുമില്ല.

202. എന്നാലും കത്തുന്നഗ്നിക്കുതക്കതായ ഭക്ഷണമുണ്ടാകണം. ആയതുകൊണ്ടു മൃഗങ്ങളെ കൊല്ലേണമെന്നു നിശ്ചയമായി.

നരകപർവ്വം.

203. പശുക്കളശ്വങ്ങളും പൂച്ചകളെലികളും—അശിപ്പാനിത്യാദികൾഭക്ഷണവിഷയമായ്.

204. കുപൂയഭക്ഷ്യമെങ്കില്പിന്നെയായതുംമുട്ടി— അപ്പോൾ ചത്തവരുടെ നാറന്ന ശവങ്ങളെ.

205. മുറിച്ചു വേവിക്കയുമംശയാൽ ഭക്ഷിക്കയും— അറച്ചിട്ടുവാൻ യോഗ്യം ദുഷ്ടതങ്ങളിൽ ദുഷ്ടം.

206. മാതൃക്കൾ പുത്രന്മാരെ വധിച്ചു മുറിക്കയും— സ്വന്തമാംസത്തെ ചുട്ടു തിങ്കയും ശങ്കിക്കാതെ.

207. മർത്ത്യശവങ്ങൾതിന്നോർ വ്യാഘ്രസ്വഭാവികളായ്—പുത്രരെ ഭക്ഷിച്ചവർ ജന്തുക്കളാകുന്നോരൊ.

208. ചേതോനാ മൃഗത്തെക്കാൾ ദുഷ്ടരായെന്നവന്നു—സങ്കടകാലേ സ്വകപുത്രരെക്കാണുന്നേരം.

209. സന്താപത്തിങ്കൽ സുഖമതിനാൽ വരുമല്ലൊ— പിതാവു കഴിയുമ്പോൾ സുതനെക്കൊണ്ടുതന്റെ.

210. സന്തതിവൎദ്ധിച്ചീട്ടും നാമവും ശേഷിച്ചീട്ടും— അന്തഃക്രിയകൾ കഴിച്ചീട്ടുവാൻ പുത്രൻവേണം.

211. പാതിയും ജനകന പുത്രനെന്നറിയണം—മാനുഷനെന്നാകിലോ ദുഷ്ടനായിരിക്കിലും.

പൊരുൾ.

203. പശുക്കൾ, കുതിരകൾ, പൂച്ച, എലി എന്നിവകളേയും മററമിപ്രകാരമുള്ളവകൾ തിന്മാൻ ഭക്ഷണത്തിനു തക്കതായി(ത്തീൎന്നു.)

204. നിന്ദിക്കപ്പെട്ട ഭക്ഷണമെങ്കിലും പിന്നീട് അതും ഇല്ലാതായി. അപ്പോൾ ചത്തവരുടെ നാറന്ന ശവങ്ങളെ

205. മുറിച്ചു വേവിക്കയും, ആശയോടുകൂടി തിന്നുകയും (ചെയ്യുന്നു എന്നതന്നെയല്ല) അറച്ചീട്ടുവാൻ തക്കതും, ദുഷ്ടതകളിൽ മഹാ കഠിനമുള്ളതുമാകുന്ന പ്രവൃത്തി

206. (അതായതു) തള്ളമാർ മക്കളെക്കൊന്നു മുറിക്കയും, മക്കളുടെ മാംസത്തെ ചുട്ടു ശങ്കകൂടാതെ തിന്നുകയും (ചെയ്തു.)

207. മാനുഷശവങ്ങൾ തിന്നുന്നവർ കടുവായുടെസ്വഭാവമുള്ളവരായി. മക്കളെ ഭക്ഷിച്ചവര് ജന്തുക്കളാകുന്നോരോ.

208. ജ്ഞാനമില്ലാത്ത മൃഗത്തെക്കാൾ ദുഷ്ടരായിത്തീൎന്നു. (എന്നാൽ) സങ്കടകാലത്തിൽ തന്റെ മക്കളെ കാണുന്നസമയം.

209. അതിനാൽ സങ്കടത്തിനു സുഖം വരുമല്ലൊ? പിതാവു മരിക്കുമ്പോൾ പുത്രനെക്കൊണ്ടു തന്റെ.

210 സന്തതി വൎദ്ധിക്കും, നാമവും ശേഷിക്കുമാറാകുന്നു. മരണാശ്ശേഷക്രിയകൾ കഴിപ്പാൻ പുത്രൻവേണം.

211. പുത്രൻ പിതാവിന്നു പാലിക്കുന്നവനാകുന്നു. മാനുഷനാകുന്നുവെങ്കിൽ ദുഷ്ടനായിരുന്നാലും.

നരകപവ്വം.

212 തന്നുടെ വംശം വധിച്ചീടുവാൻ തോന്നീട്ടുമൊ— മനുഷ്യ ജന്മികളിതറയ്ക്കുമൊരുപോലെ

213 അനുപായങ്ങളായ ദുഃഖങ്ങൾ ചെയ്യിക്കിലെ— മാനുഷർ കഷ്ടമിതു ചെയ്യുമൊന്നതു വരൂ.

214 ക്ഷുത്തിഹണ്ണുലോകത്തിലിങ്ങിനെ ക്രുദ്ധിച്ചപ്പോൾക്ഷുത്താപം നരകത്തിലെത്രയെന്നൊപ്പിക്കാമൊ?

215 അവനിപയ്യംദാഹംവലുതായിരിക്കിലും അവധിയായുള്ളതിന്നുപായം ചിലതുണ്ടാം.

216ഇല്ലാഞ്ഞാൽ കുറെ ദിനംകൊണ്ടതു കഴിഞ്ഞീട്ടും—എല്ലാനാൾ പാപികളുട്ടം വിശന്നുക്ഷമിച്ചീടും.

217 കാലംകൊണ്ടൊരു തണുപ്പൊന്നിനാലുണ്ടായ്വരാ—വലയുമൊടുങ്ങാതെ ദുഃഖിക്കമെല്ലാഴ്പ്പോഴും.

218 ഭാരസാധനങ്ങളിൽ ശ്രേഷ്ഠത്വം ഭൂമിക്കേറം ത്വരയായുള്ളവററിൽ ശ്രേഷ്ഠത്വം വായുവിന്നു.

219 സൂക്ഷ്മമായുള്ളതിലും ശ്രേഷ്ഠത്വം വ്യോമത്തിന്നും—ഭീമമുള്ളവററിലുംശ്രേഷ്ഠത്വം ദഹനനും.

220 വപുസ്സിൽ ദുഃഖങ്ങളിൽ ശ്രേഷ്ഠത്വമുഷ്ണത്തിന്നും—ബഹുസങ്കടമെല്ലാംവിരോധമെന്നാകിലും.

മൊഴി.

212 തന്റെ കുലത്തെ കൊന്നുതിന്മാൻ തോന്നുമൊ? മനുഷ്യവർഗ്ഗം ഒരുപോലെ ഇതു വെറുക്കുമാറാകുന്നു.

213 ഉപായമില്ലാത്തതായ സങ്കടങ്ങൾ ചെയ്യിച്ചുവെങ്കിലെ ഒരം കഷ്ടത മാനുഷർ ചെയ്യുയെന്നു വരികയുള്ളൂ.

214 ഇങ്ങിനെ വിശപ്പു ഒരം ലോകത്തിൽ ഇപ്രകാരംകഠിനപ്പെട്ടപ്പോൾ വിശപ്പാലുള്ളസങ്കടം നരകത്തിൽ എത്രയെന്നു പറഞ്ഞൊപ്പിക്കാമൊ?

215 ഭൂമിയിൽ വിശപ്പും ദാഹവും വലുതായിരുന്നാലും അവധിയുള്ളതു വിശപ്പിന്നു ഉപായം പലതുണ്ടാകും.

216 ഇല്ലാഞ്ഞാൽ കുറെ ദിവസം കൊണ്ടു അതു കഴിഞ്ഞുപോകും. എന്നാൽ പാപികളുടെ കൂട്ടം എല്ലാ നാളും വിശന്നു സഹിക്കേണം.

217 കാലംകൊണ്ടു ഒരു തണുപ്പും ഒന്നിനാലുമുണ്ടായി വരികയില്ല. ഒടുങ്ങാതെ വലയും, എല്ലാഴ്പ്പോഴും ദുഃഖിക്കയും ചെയ്യും.

218 ഘനമുള്ള സാധനങ്ങളിൽവലുതു ഭൂമിയാകുന്നു. വേഗതയുള്ളവററിൽ ശ്രേഷ്ഠത്വം കാററിനാണ്.

219നേർമ്മയുള്ളവററിൽ മത്വം ആകാശത്തിനാണ്. ഭയങ്കരമുള്ള വസ്തുക്കളിൽ ശ്രേഷ്ഠത്വം അഗ്നിക്കുമാകുന്നു.

220 ശരീരദുഃഖങ്ങളിൽ ശ്രേഷ്ഠത്വം ഉഷ്ണത്തിനാകുന്നു. ബഹുവിധമായ സങ്കടങ്ങളൊക്കെയും വിരോധം തന്നെ എങ്കിലും,

നരകപാപ്പം.

221 ദഹനകൃച്ഛ്രമതിലത്ത്യത്ഥം ഭയാനകം_ അല്പകാലത്തുമതു സഹിപ്പാൻവശമല്ല.

222 ക്ഷുല്പിപാസാദികളെ ക്ഷമിക്കുംലാഭാത്ഥമായ് പല ബന്ധങ്ങൾ പുനരത്ഥത്തെ രക്ഷിപ്പാനും.

223 ഭൂലോക സാമത്ഥ്യങ്ങൾ ലഭിപ്പാൻ ക്ഷണകാലെ ജ്വലനാസന്താപങ്ങൾ ക്ഷമിപ്പാനാരുമില്ല.

224 ഒരുത്തനാത്ഥതൃഷ്ണ പൂണ്ടതിചപലനായ്_ പരദ്രവ്യങ്ങളേറം ഹരിച്ചുസംക്ഷേപിച്ചു.

225 മരണകാലെ പാപിതന്നെ കണ്ടൊരുമുനി_ ദുരിതകൎമ്മം ശ്രുത്വാ പാപിയെ ബോധിപ്പിച്ചാൻ.

226 അന്യാത്ഥ സംക്ഷേപണം തന്നുടെ കുലനാശം_ അന്യായാജ്ജിതദ്രവ്യംതന്ന്യായാൽവിനശ്യതി

227 ദന്യായഗതമെല്ലാം തന്നായാലഴിഞ്ഞുപോം പവ്വതജലംപോലെവേഗേന പോയ്പ്പോയിടും.

228 പരസ്വാംക്ഷണപ്രപ്രഭാ സ്വല്പവും പ്രകാശിക്കും_ പരാത്ഥലാഭം നിത്യ നരക ദുഃഖകൃച്ഛ്രം.

229 അരമിതൊടുങ്ങിടും ഖേദിക്കും നിരവധി_ ക്ഷണത്തിൽ കഴിയുന്ന ദ്രവ്യത്തെക്കൂട്ടുവാനായ്.

പൊരുൾ.

221 തീയുടെ ദുരിതം അതിൽ എല്ലാററിലും ഭയങ്കരപ്പെട്ടതാകുന്നു. അല്പനേരംപോലും അതു സഹിപ്പാൻ വശമല്ല.

222 ലാഭത്തിന്നായ്ക്കൊണ്ടു വിശപ്പും ദാഹവും (ചിലർ) സഹിക്കും, ഇതു കൂടാതെയും, ദ്രവ്യം കാപ്പാനായി പല ബന്ധങ്ങളും ക്ഷമിക്കും.

223 ഭൂലോകബഹുമാനഅവസ്ഥകൾ അനുഭവിപ്പാൻ അല്പനേരം തീജ്വാലയുടെ വേദനഅനുഭവിപ്പാനാരുമില്ല.

224 ഒരുത്തൻ ദ്രവ്യത്തിന്റെ ആശ പൂണ്ടു ഏററം വിചാരപ്പെട്ട് പരദ്രവ്യങ്ങളെ അനേകം കവൎന്ന് സംഗ്രഹിച്ചു,

225 ആ പാപിയെ മരണസമയത്തിൽ ഒരു തപസ്സികണ്ടു അവന്റെ ആ നിഷ്ഠൂരമായ പ്രവൃത്തികേട്ടിട്ട് പാപിയെ (താൻ) പറഞ്ഞു ബോധിപ്പിച്ചു.

226 (അതായത്) അന്യരുടെ മുതൽ ഒതുക്കുക തന്റെ കുലനാശമാകുന്നു, ന്യായമില്ലാതെ സമ്പാദിച്ചദ്രവ്യം അതിന്റെ ന്യായത്താൽതന്നെ നശിക്കപ്പെട്ടുപോകും.

227 ദന്യായത്താൽ ലഭിക്കപ്പെട്ടതെല്ലാം ആ ന്യായത്താലഴിഞ്ഞുപോകും. മലയിലെ വെള്ളംപോലെ വേഗം പോയ്പ്പോകും.

228 പരദ്രവ്യം മിന്നൽപിണർപോലെ അല്പനേരം പ്രകാശിക്കും, പരദ്രവ്യത്തിന്റെ ലാഭമായതു നിത്യനരകത്തിൽ പീഡയും സങ്കടവുമാകുന്നു.

229 ഇതു വേഗമൊടുങ്ങുകയില്ല, അവധിയില്ലാതെകണ്ടു ദുഃഖിക്കും, വേഗം മാഞ്ഞുപോകുന്ന ദ്രവ്യത്തെ സമ്പാദിപ്പാനായിട്ടു,

നരകപവ്വം	പൊരുൾ.
230 ഗുണശ്രേഷ്ഠമാം മോക്ഷം ത്യജിക്കുന്നവൻ മൂഢൻ_ മരണമടുത്തിപ്പോളാത്മാവെ രക്ഷിക്കണം.	230 ഗുണങ്ങളിൽ മഹിമപ്പെട്ടതായ മോക്ഷത്തെ ഉപേക്ഷിക്കുന്നവൻ മൂഢൻ (തന്നെ) മരണമടുത്തു ഇപ്പോൾ ആത്മാവിനെ രക്ഷിക്കണം (ആയതുകൊണ്ടു)
231 പരമാത്ഥമുടയവക്കുടനെ കൊടുക്കണം_ അല്ലെങ്കിൽ നിത്യനാശം നിശ്ചയമെന്നുമുനി.	231 അന്യവസ്തു ഉടമസ്ഥന്മാക്കുടനെ കൊടുക്കണം ആയതല്ലെങ്കിൽ നിത്യ നാശം നിശ്ചയമായിട്ടു വരുമെന്ന മുനി_
232 ചൊല്ലിതു ദ്രവ്യലോഭ ചപലപാപി കേട്ട_ ചൊന്നതനുഷ്ഠിപ്പാനും മാനസമില്ല താനും.	232 പറഞ്ഞതുദ്രവ്യദുരാശകൊണ്ടു നില കെട്ടപാപികേട്ടു ആ പറഞ്ഞവണ്ണം പ്രവത്തിപ്പാൻമനസ്സില്ലാതെയിരുന്നു.
233 അന്യാത്ഥം കൊടുക്കുമ്പോളാത്മജനിസ്വരാവരും_ദാരിദ്ര്യംകൊണ്ടുപുത്രസങ്കടം ഭവിക്കുമ്പോൾ	233 അന്യരുടെ വസ്തു കൊടുക്കുമ്പോൾ പുത്രന്മാക്കുദാരിദ്ര്യം വരും. അതിനെദാരിദ്ര്യംകൊണ്ടു അവൎക്കു സങ്കടം ഉണ്ടാകുമ്പോൾ_
234 മരിപ്പാനനുകൂലം പിതാവിന്നുണ്ടാവ്വരാ_ ഇച്ചിന്തമുനി കണ്ടു പിന്നെയുമുരചെയ്തു.	233 പിതാവിന്നു മരിപ്പാൻ ആശ്വാസമുണ്ടാകയില്ല, ഇതു നിരൂപണ (ആ സമ്പന്നൻ വിചാരിക്കുന്നതു) മുനികണ്ടു പിന്നെയും പറഞ്ഞു.
235 നിശ്ചയദുഃഖഭയമാത്മജപ്രിയം നീക്കി_ ഉത്തര സ്നേഹമാക്കുണ്ടോയെന്നറിയണം.	235 നിശ്ചയമായ ദുഃഖത്തിന്മേൽ വേണ്ടിയ ഭയം പുത്രന്റെ പ്രിയത്തെക്കുറിച്ചു പോയല്ലോയി,(എ)ന്നാൽ അതിന്നു) പ്രതിസ്നേഹം അവൎക്കുണ്ടോയെന്നു (നീ) അറിയണം.
236 അതില്ലെങ്കിലൊസ്നേഹം വൃഥായെന്നുഃതാപത്രു_ പ്രേമമില്ലായ്കിൽപ്രിയം യോഗ്യമല്ലെന്നു നൂനം.	236 അതില്ലായെങ്കിൽ (നിന്റെ) സ്നേഹം വൃഥായാകുന്നുയെന്നു നിശ്ചയിക്കാം (അവൎക്കു) സ്നേഹമില്ലെങ്കിൽ (നിന്റെ) പ്രിയത്തിന്നു (അവർ)യോഗ്യരല്ലെന്നറക്കാം.
237 എങ്കിലൊനിന്നെ പ്രതി പുത്രന്മാർ ക്ഷണകാലെ ദീപജ്വാലോഷ്ണം ക്ഷമിച്ചീടുകിലത്ഥമെല്ലാം.	237 ആയതിനാൽ നിന്റെ മക്കൾ നിന്നെപ്രതി അല്പനേരം ദീപജ്വാലയുടെചൂടു ക്ഷമിക്കുമെങ്കിൽ അത്ഥമെല്ലാററിനെയും
238 ത്ര്യങ്ങളെയും വാങ്ങുകല്ലെങ്കിൽ കൊടുക്കെണ്ട_ അവമലോകതാപം ക്ഷമിപ്പാനറക്കുമ്പോൾ.	238 രത്നങ്ങളെയുംകൊടുക്കുക. അല്ലെങ്കിൽകൊടുക്കേണ്ടാ സാരമില്ലാത്ത ലോകസങ്കടംക്ഷമിപ്പാനറക്കുമ്പോൾ.

നരകപർവ്വം.

239. അവൎക്കു നിന്നെ പ്രതിയുള്ളക്കൂററിയന്നാം_സൽഗുണ നിധിയിതു പറഞ്ഞുപോയശേഷം.

240. രോഗിയാംപിതാവുതാൻ വരുത്തി പുത്രന്മാരെ_മമ രത്നങ്ങളായ മക്കളെ പിതാവു ഞാൻ.

241. ആമയം കൊണ്ടു വലഞ്ഞത്യൎത്ഥം ക്ഷമിക്കുന്നു_ നിങ്ങളെജ്ജനിപ്പിച്ചു പൊറുപ്പാനുള്ളതെല്ലാം.

242. ഇങ്ങിന്നു കൂട്ടിനിങ്ങൾ സുഖിച്ചിടുകവേണ്ടു എന്നാലും മമ ബന്ധം തണുപ്പാനൊന്നുവേണം.

243. ഇന്നു ദീപത്തിൽ വിരൽ ചുടണമൊരുക്ഷണം അതിനാൽ മമ വ്യാധിക്കാശ്വാസമുണ്ടായ്വരും.

244. ഇതെന്നെപ്രതി നിങ്ങളാത്മജന്മാരെ വേണം_അതിന്നുസമ്മാനവും തരുവനൎത്ഥമെല്ലാം.

245. ഇത്ര കൂറില്ലായ്കിലൊ നല്കുവാന്മടിയാകും_ പിതാവെന്നുള്ള കൂറുണ്ടെങ്കിലോ ചെയ്തീടുവിൻ.

246. താതൻ പറഞ്ഞ വാക്കു പുത്രന്മാർ കേട്ടശേഷം_കാലാല്പം ചിന്തിച്ചവർ കോപ്പിട്ടു തുടങ്ങിയാർ.

247. കാൽക്ഷണനേരം പോലും സാദ്ധ്യമല്ലെന്നു കണ്ടു_അന്നേരം പിതാവുതാൻ നരകാഗ്നിയെധരി_

പൊരുൾ.

239. അവൎക്കു നിന്നെപ്രതിയുള്ള കൂററിയാം സൽഗുണനിധിയായ (മുനി) ഇതു പറഞ്ഞുപോയശേഷം.

240. രോഗിയായ പിതാവ് തന്റെ മക്കളെവരുത്തി എന്റെ മാണിക്യമായ മക്കളെ! പിതാവായ ഞാൻ

241. രോഗംകൊണ്ടു വലഞ്ഞു. വളരെ സങ്കടം ക്ഷമിക്കുന്നു. നിങ്ങളെ (ഞാൻ) ജനിപ്പിച്ചു പൊറുപ്പാനുള്ളതുമെല്ലാം.

242. ഇതാ ഞാൻ നിങ്ങൾക്കു കൂട്ടി നിങ്ങൾ സുഖിച്ചുകൊൾകേ വേണ്ടു! എന്നാലും എന്റെ ബന്ധം പൊറുപ്പാൻ ഒരു കാൎയ്യം നിങ്ങൾ ചെയ്യണം. (അതായത്)

243. ഇന്നു വെളക്കിന്റെ തീയിൽ അല്പനേരം ഒരു വിരലിനെ ചുടണം അതിനാൽ എന്റെ വ്യാധിക്കാശ്വാസമുണ്ടാകും.

244. എന്റെ മക്കളെ! എന്നെ പ്രതി ഇതു നിങ്ങൾ ചെയ്യണം. അതിന്നു സമ്മാനമായി എന്റെ വസ്തുക്കളെ എല്ലാം ഞാൻ തരുന്നുണ്ട്.

245. ഇത്രയും പ്രിയം നിങ്ങൾക്കില്ലാഞ്ഞാൽ തരുവാന്മടിയാകും (ഭാഗ്യതുകൊണ്ടു) പിതാവെന്നുള്ള കൂറുണ്ടെങ്കിൽ നിങ്ങൾ ചെയ്യിൻ.

246. അപ്പൻപറഞ്ഞ വാക്ക് മക്കൾ കേട്ടശേഷം അല്പനേരമല്ലോ വേണ്ടുയെന്നുവിചാരിച്ച് (അതു) ചെയ്യാമെന്നാച്ചു പരീക്ഷിച്ചുതുടങ്ങി (എന്നാറെ)

247. കാൽക്ഷണനേരംപോലും ചൂടുസഹിപ്പാൻ പാടില്ലെന്നുകണ്ട് അന്നേരം പിതാവായ താൻ നരകതീയുടെ വലിപ്പം വിചാരിച്ചു.

നരകപർവം

248 ച്ചാമുനി പറഞ്ഞപോൽ വേഗത്തോടനുഷ്ഠിച്ചാൽ_ മന്ദോഷ്ണമല്ലോ ദീപജ്വാലോഷ്ണതിശമെല്ലാം.

249 എന്നാലും ക്ഷണകാലേ ക്ഷമിച്ചു കൂടുന്നില്ല_ ഭൂമഹോഷ്ണങ്ങളെല്ലാം കൂടക്കൂട്ടുകേ വേണ്ടു.

250 ഭൂമ്യഗ്നി ശീതം തന്നെ നരകാഗ്നിയമഗ്നി_ കണ്ടിതു മുനിശ്രേഷ്ഠനെത്രയും വിഷാദിച്ചു.

251 തിശമിതനുപമമെന്നുറച്ചിതു കണ്ടു_ വിശ്വസ്തരായുള്ളോരിലൊരുത്തൻ മരിച്ചിട്ടു.

252 നാശമില്ലാത്ത ജീവൻ പിന്നെയും പ്രത്യക്ഷമായ്_ അക്കാലം മുനിവരൻ ചോദിച്ചു ഭയത്തോടും.

253 തേ കർമ്മഫലമേത സുഖമൊസന്താപമൊ_ ഭാഗ്യത്തിൻശ്രേഷ്ഠമോക്ഷം പ്രാപിപ്പാൻയോഗമുണ്ടോ?

254 ദുർഗ്ഗതിയകപ്പെട്ടൊ? സങ്കടംഭവിച്ചിതൊ?_ എന്നുടെ പാപംകൊണ്ടു നരകഗതപാപി.

255 അനന്തമായ തീയിലെത്രയും ദഹിക്കുന്നേൻ_ ചൊന്നിതു ചത്തസഖി മുനിയുമുരചെയ്തു.

256 അഗ്നിനാഭൂതദുഃഖമത്ര്യത്ഥംഭൂരമതോസന്താപ്തനായ തവസങ്കടമറിവതി_

പൊരുൾ.

248 ആ തപസ്വി പറഞ്ഞപോലെ വേഗം പ്രവൎത്തിച്ചു കുറഞ്ഞ ചൂടുള്ളതല്ലൊ വിളക്കിൻ തീജ്വാലയുടെ ഉഷ്ണമെല്ലാം.

249 എന്നാലും അതിനെ അല്പനേരം ക്ഷമിപ്പാൻ പാടാകുന്നില്ല,(എന്നിരിക്കയിൽ)ഭൂമിയിലെവലിയചൂടുകളെല്ലാം ഒന്നിച്ചുകൂട്ടിയാലും (നരകതീയോടൊക്കയില്ല.

250 ഭൂമിയിൽ പെരുമാറുന്നതീശീതളമുള്ളതായും നരകത്തിലെതീപെരിയ കടുപ്പമുള്ളതായുമിരിക്കുന്നു.(ഠരം വണ്ണം പുത്രന്മാരുടെ) കൃതികണ്ടു മഹാമുനി,എത്രയും വിഷാദിച്ചു.

251 തീയുടെ ചൂടു ഉപമയില്ലാത്തതാകുന്നുവെന്നുറച്ചു_ വിശ്വസ്ഥരായുള്ളതിൽ ഒരുവൻമരിച്ചിട്ടു_

252 മരണമില്ലാത്ത ആത്മാവു പിന്നെയും കാണപ്പെട്ടു_ അന്നേരം മഹാമുനി ഭയത്തോടുകൂടെ ചോദിച്ചു

253 നിന്റെ പ്രവൃത്തിയുടെ ഫലമേത? സുഖമോ, ദുഃഖമൊ? ഭാഗ്യത്തിന്റെ വിശേഷമോക്ഷം പ്രാപിപ്പാൻ (നിനക്കു) യോഗമുണ്ടോ?

254 നരകത്തിൽ അകപ്പെട്ടോ? സങ്കടം ഭവിച്ചോ? (എന്നു ചോദിച്ചു) (അന്നേരം) നരക പാപി (പറഞ്ഞു) എന്റെദോഷം കൊണ്ടു_

255 അറുതിയില്ലാത്ത തീയിൽ എത്രയും ഞാൻ ഉരുകുന്നുവെന്നു_ ആ ചത്തുപോയകൂട്ടുകാരൻ പറഞ്ഞു അപ്പോൾ മുനി ചോദിച്ചു.

256 തീയാൽ അനുഭവിക്കുന്ന ദുഃഖംഅത്ര അധികമുള്ളതൊ? (പക്ഷെ) പിടിക്കപ്പെട്ടവനായ നിന്റെ സങ്കടമറിയുന്നതിനു_

നരകപവ്വം	പൊരുൾ.
257 എന്തൊരു കഴിവുള്ളവെന്നിതു-പറഞ്ഞിട്ടആ മരിച്ചവൻ ജലം നിറഞ്ഞ പാത്രം തന്നിൽ.	257 എന്തൊരുകഴിവുള്ളു? എന്നു പറഞ്ഞാറെ; ആ മരിച്ചവൻ വെള്ളം നിറഞ്ഞ പാത്രത്തിൽ_
258 കൈമുക്കി ദീപമതിലിടുവാനരചെയ്യു_ചെയ്യിതു മുനിവരനോടുള്ള ദീപമഥ.	258 കൈമടക്കി അതിന്റെ ശേഷം (ആ വെള്ളത്തിൽ) വെളക്കു ഇടുവാൻ പറഞ്ഞു. അവ്വണ്ണം കാട്ടുകൊണ്ടുള്ള ഒരു വെളക്കിനെ മുനി ഇട്ടു.
259 അത്തോയംതൊട്ടക്ഷണമുരുകിമെഴുകുപോൽ_ സജ്ജനാമൊരുമുനിമൃതനെ ജീവിപ്പിച്ചു_	259. ആ വെള്ളത്തിൽ തൊട്ടക്ഷണം മെഴുകുപോലെ ഉരുകിപ്പോയി. (ഇതു കൂടാതെയും ഉത്തമനായ ഒരു തപസ്വി ഒരു ചത്തവനെ ജീവിപ്പിച്ചിട്ടു_
260 ട്ടിജീവൻ ദുഃഖത്തോടെപ്പൊഴും കരയുന്നു_ കണ്ടിതു മുനിവരൻ കാരണം ചോദിച്ചപ്പോൾ.	260 അവന്റെ ജീവിതകാലമൊക്കെയും ദുഃഖത്തോടെ കരഞ്ഞിരുന്നു. ഇതു കണ്ടു ആ മഹാ താപസൻ എന്തുകാരണമെന്നു ചോദിച്ചു.
261 കണ്ണുനീർ വീഴ്ത്തിക്കൊണ്ടു പ്രതി വാക്യത്തെ ചൊന്നാൻ ധൃഷ്ടദുഃഖങ്ങളുടെ സ്മരണമതിന്മൂലം.	261. അന്നേരം അവൻ കണ്ണുനീർ വീഴ്ത്തിക്കൊണ്ടു ഉത്തരം പറഞ്ഞതു. നരകത്തിലെ കഠിനമായദുഃഖങ്ങളുടെമേൽ ഓക്കുന്നതു കാരണത്താലാണു.
262 കൊണ്ടിതുഭയങ്കരം ദുൎഗ്ഗന്ധ്യുഷ്ണമെടൊ_ ഭൂമിയിലഗ്നിതാപം മൂന്നു സഹസ്രവഷം.	26 . (എന്നാലൊ) കൂട്ടുകാരാ! ഭയങ്കരമായ് നരകത്തിലെ തീ എത്രയും ചൂടുള്ളതു തന്നെയെന്നറിക, ഭൂമിയിലെ തീയുടെ സങ്കടം മൂവായിരം വഷം_
263 ക്ഷമിച്ചാലതില്പരമൊരഹോരാത്രകാലം_ നരകസന്താപത്തിൽ ക്ഷമിക്കും താപമേറം.	293. ക്ഷമിക്കുന്നതിനെക്കാളധികം ഒരു രാപകൽ ദുരിതമായ നരകത്തിലെ സങ്കടമനുഭവിക്കുന്നതാണ്.

നരകപർവ്വം.	പൊരുൾ.
264 നിർണ്ണയമെന്നും ചൊല്ലിപ്പിന്നയും കരയുന്ന ഇത്ഥമാമുള്ള വഹ്നിയധോ ഭുവനത്തിങ്കൽ.	264 എന്നതു നിശ്ചയം തന്നെയെന്നും പറഞ്ഞ പിന്നയും കരയുന്ന ഇപ്രകാരമുള്ള തീ നരകപാതാളത്തിൽ
265 സപ്തസഹസ്രവൎഷമനിശം ജ്വലിക്കുന്നു_ ഉഷ്ണനിൎഗ്ഗമമില്ല വഹ്നിയാലുണ്ടാകുന്ന.	265 ഏഴായിരക്കാലമായി നിത്യവും ജ്വലിക്കുന്നു. ചൂടിന്നറുതിയില്ല; തീയാലുണ്ടാകുന്ന
266 തീക്ഷ്ണങ്ങളൊക്കക്കൂടക്കൂടുന്നു നിരന്തരം_ സദനമിതു നമുക്കത്യന്തം ഭയഗൃഹം.	266 ഉഷ്ണങ്ങളൊക്കെക്കൂടെ നിത്യവുംകൂടി വൎദ്ധിച്ചുവരുന്നു. ഇതു നമുക്കെത്രയും ഭയങ്കരമായ ഘോരസ്ഥലം (എന്നു നരകവാസികൾ പറയും)
267 പാദവുമുദരവും ഹൃദയം കരങ്ങളും ജിഹ്വയും കപോലവും രണ്ടു നയനങ്ങളും.	267 കൈകളും കാൽകളും വയറും ഹൃദയവും നാവും കവിളും രണ്ടു കണ്ണുകളും
268 ദഹിച്ചു തീയ്മം കൊണ്ടു നിയതം ക്ഷമിക്കുന്നു രക്തവും തലച്ചോറും മൈവയസ്ഥിസാരം.	268 തീ കൊണ്ടു ദഹിച്ചു നിത്യവും സങ്കടം അനുഭവിക്കുന്നു. ചോരയും തലച്ചോറും നെയ്യും അസ്ഥിക്കകത്തുള്ള മജ്ജയും_
269 പിത്തം ശ്ലേഷ്മവും സദാ ഉരുകിത്തിളക്കുന്നു_ ആകാശേ ശകുന്തൾ മത്സ്യങ്ങൾ സമുദ്രത്തിൽ.	269 പിത്തവും ശ്ലേഷ്മവും എപ്പൊഴും ഉരുകിതിളക്കുന്നു. ആകാശത്തിൽ പക്ഷികളും വെള്ളത്തിൽ മത്സ്യങ്ങളും.
270 തീക്കനലഗ്നിയിൽ പോൽ പാപി നരകാഗ്നിയിൽ_ സന്തതം വലയുന്ന കത്തുന്ന ദഹിക്കുന്നു.	270 തീയിൽ തീക്കനൽ എന്ന പോലെ പാപികൾ നരകാഗ്നിയിൽ എപ്പൊഴും വലയുന്നു, കത്തി ദഹിക്കുന്നു.
271 തപ്തപാപികളതിലെപ്പൊഴും ഖേദിക്കുന്നു_ അഗ്നിയാകാശമവൎക്കഗ്നിയെ ശ്വസിക്കുന്നു.	271 എരിയപ്പെട്ട പാപികൾ എപ്പൊഴും അതിൽ ഖേദിക്കുന്നു. അവൎക്കു ആകാശം തീയാകുന്നു. ശ്വാസം വിടുന്നതും തീ തന്നെ.

നരകപവ്വം.	പൊരുൾ.
272 പാനീയമവക്കഗ്നിയഗ്നിയെ കുടിക്കുന്നു_തീയവക്കുതന്നെ ചുടുന്ന ഭയങ്കരം.	272 കുടിപ്പാനുള്ള വെള്ളം അവക്ക തീയാകുന്നു. അഗ്നിയെ അവർ കുടിക്കുന്നു. അവക്ക തീയും അതുതന്നെ ഭയങ്കരമാംവണ്ണം അവരെ ചുടുന്നു.
273 ക്ഷ്മായവക്കഗ്നിയതിലെപ്പൊഴുമിരിക്കുന്ന അഗ്നിശയന മതിലെപ്പൊഴും കിടക്കുന്നു.	273 അവക്ക ഭൂമിയെന്നതുതീയാകുന്നു. അതിൽ എപ്പൊഴുമിരിക്കുന്നു. കട്ടിലും തീ തന്നെ. അതിലെപ്പൊഴും കിടക്കുന്നു.
274 തീനഗ്നിയവക്കു സന്തതം ഭക്ഷിക്കുന്നു_ ശ്വസിച്ചാ ലൊരാശ്വാസമില്ല നിശ്വാസമുള്ളൂ.	274 അവക്കതിൽ അഗ്നിയാകുന്നു അതിനെ എപ്പൊഴും ഭക്ഷിക്കുന്നു. ശ്വാസം വിട്ടാലൊരാശ്വാസമില്ല ദീൎഘശ്വാസമെയുള്ളൂ.
275വസിപ്പാനിടംപോരതിങ്ങീട്ടും വലയുന്നു_കുടിച്ചാൽ ഭക്ഷിച്ചാലും പയ്യു ദാഹവും തീരാ.	275 വസിപ്പാൻസ്ഥലമില്ല തിങ്ങീട്ടും വലയുമാറാകുന്നു. കുടിച്ചാലും തിന്നാലും വിശപ്പും ദാഹവും തീരുകയില്ല.
276 കിടന്നാലനുകൂലമില്ലസങ്കടമുള്ളു_കത്തുന്നെങ്കിലും ഭസ്മമാകുവാൻ ഭാഗ്യമില്ല.	276 കിടന്നാലാശ്വാസമില്ല സങ്കടമെയുള്ളൂ. കത്തുന്നെങ്കിലും ഭസ്മമാകുവാൻ ഭാഗ്യമില്ല.
277 സന്തതം നശിക്കുന്നു നാശത്തിൽ ജീവിക്കുന്നു_ ഇത്യാദി ദുഃഖം സൎവ്വ പാപികൾ സഹിക്കുന്നു.	277 എപ്പൊഴും നശിക്കുന്നു. നാശത്തിൽ ജീവിക്കുന്നു. ഇപ്രകാരവും മററുമുള്ള ദുഃഖം പാപികൾ എല്ലാവരും സഹിക്കുന്നു.
278 കൃതവിശേഷത്തിന്നു വിശേഷമുള്ള ക്രൂരം_ നരകേ വിശേഷിച്ചു കല്പിച്ചു പരാപരൻ.	278 പ്രവൎത്തിയുടെ തരംപോലെ തരംതരമായ സങ്കടവും നരകത്തിൽ വിശേഷമായിട്ടു സൎവ്വേശ്വരൻകല്പിച്ചു
279 ധരണിസ്ഥലത്തിങ്കൽ സമൎത്ഥരവർ തന്നെ_ ശേഷമുള്ളവർകളെ നിന്ദിച്ചു നിഗളിച്ചു.	279 ഭൂമിയിൽ സമൎത്ഥന്മാരായി നടന്നവർ ശേഷമുള്ളവരെ നിന്ദിച്ചു നിഗളിച്ചു.
280 ശ്രേഷ്ഠത്വമവക്കുള്ളുവെന്നുള്ള ഭാവത്തോടും സ്വഗുണം പ്രശംസിച്ചു മുഖ്യരായ് നടന്നവർ.	280 അവക്ക മാത്രമെ ശ്രേഷ്ഠത്വമുള്ളുവെന്നുള്ള ഭാവത്തോടും തന്നത്താനുള്ള ഗുണവും പുകഴ്ത്തി മുഖ്യന്മാരായി നടന്നവര്

നരകപവം.	പൊരുൾ.
281 ആഗസാ നിന്ദവാക്കും ചവുട്ടമടികളും_ അഹംകൃതിയെക്കൊണ്ടു ക്ഷമിക്കും സദാകാലം.	281 (ആ) കുററത്താൽ നിന്ദവാക്കും ചവുട്ടും അടികളും നിഗള പ്രവൃത്തിമൂലം എന്നന്നേക്കുമായി ക്ഷമിക്കേണ്ടിവരും
282 അഹങ്കാൎയ്യഗ്രേസരൻ ബലുസുവെന്ന പാപി_സ്വഗുണം ചിന്തിച്ചിട്ടു സൎവ്വശ നിന്ദയോടും.	282 അഹങ്കാരികളിൽ മുമ്പനായ ബലിസുയെന്ന പിശാചു തൻെറ ഗുണം നിരൂപിച്ചു് സൎവ്വേശ്വരനെ നിന്ദിച്ചു്.
283 നിൎഗ്ഗുണ നിധിദേവകല്പന വഴങ്ങാതെ_സൎവ്വവസ്തുക്കളെക്കാൾ പ്രാധാന്യം ഭാവിച്ചവൻ.	283 ഗുണങ്ങളുടെ നിക്ഷേപമായ ദൈവകല്പനയെ വഴങ്ങാതെ സൎവ്വവസ്തുക്കളെക്കാൾ പ്രധാനമായതു് അവനാകുന്നുവെന്നവൻ വിചാരിച്ചുവെന്ന ആ
284 ഗൎവ്വദൎപ്പാദഫലമിക്കാലം രസിക്കുന്നു_ നരകെ പ്രധാനിയായ് നിരന്തദുഃഖങ്ങളിൽ.	284 അഹങ്കാരമായ ദുഷ്ട സ്വഭാവിൻെറ ഫലം ഇപ്പോൾ അനുഭവിക്കുന്നു_നരകത്തിൽ പ്രധാനിയായിട്ടു നിത്യ ദുഃഖങ്ങളിൽ
285 വഹ്നിയാം സിംഹാസനേ വാഴുന്ന ശ്രേഷ്ഠപാപി_ നിന്ദ്യരിൽ മുഖ്യേ മുഖ്യ താപങ്ങൾ പൊറുക്കുന്നു.	285 തീ കൊണ്ടുള്ള സിംഹാസനത്തിന്മേൽ ആ മഹാ പാപിയായവൻ വാഴുന്നു. നിന്ദ്യന്മാരിൽ വച്ചു ശ്രേഷ്ഠനായിട്ടു വലുതായ സങ്കടങ്ങളെ ക്ഷമിക്കുന്നു.
286 പ്രധാന കാമമിപ്പോളേതും കുറഞ്ഞില്ല_ പ്രധാനാഭിപ്രായവും ദുഃഖവൎദ്ധന താനും.	286 ശ്രേഷ്ഠനാകേണമെന്നുള്ള മോഹം ഇപ്പഴും ഒട്ടും കുറഞ്ഞില്ല; പ്രധാനനെന്നുള്ള അഭിപ്രായം കൂടെയും ദുഃഖത്തിൻെറ വൎദ്ധന തന്നെയാകുന്നു
287 അവനോളവുമിപ്പോൾ പ്രശസ്തനാരുമില്ല- അവനെ വഴങ്ങുന്നമെല്ലാരുമെന്ന ഭാവം.	287 ഇപ്പോൾ അവനോളം ശ്രേഷ്ഠൻ ആരുമില്ല_അവനെ എല്ലാവരും വഴങ്ങുന്നമെന്നു ഭാവം.
288 ധരിച്ചു ചതസ്സോടു സന്താപം പിടിക്കുന്നു_ വിരൂപ ദുഷ്ടൻ ശാപ വിഷയൻ ദുൎഭാഗ്യവാൻ.	288 ഉള്ള മനസ്സോടു കൂടെ എപ്പഴും പിടിക്കുന്നു. വിരൂപിയായ ദുഷ്ടനും ശപിക്കപ്പെട്ടവനും ദുൎഭാഗ്യവാനുമാകുന്നു.

നരകപൎവ്വം.

289 അധമനെല്ലാരിലും ദ്വേഷ്യനുമെല്ലാരിലും_ അധഃസ്ഥിതനും നിന്ദാഭാജനനികൃഷ്ടനും.

290 അന്തരഹിത താപം കൊണ്ടവൻ ഖേദിക്കുന്നു_ അൎത്ഥതൃഷ്ണകൾ തീൎപ്പാനന്യായകൎമ്മം ചെയ്തു

291 നീതിയെന്നിയെ പരദ്രവ്യത്തെ ഹരിച്ചവർ_ അത്യന്ത ദീനന്മാരായ് നരകേ ക്ഷമിക്കുന്നു.

292 മമാൎത്ഥാഗ്രഹംകൊണ്ടു വിററ ഞാൻ സൎവ്വേശനെ_ സുമൂഢവണിക്കന്ധലോചനൻ മഹാപാപി.

293 ഭീതിദമായ ഉരുൾമേലിപ്പോൾ നിഷ്കൃപയാ_ ശത്രുക്കളതിലിട്ടിട്ടു യന്നെ ദുഷ്കമിക്കുന്നു.

294 ഉരുളുരുളുന്നേരം ഹാ! ഹാ! ദുഃഖങ്ങൾ ഘോരഘോരം_ നരകഗണമൊക്കെ മാറുന്നു ഭയങ്കരം.

295 ഈ വട്ടത്തിന്മേൽ നിത്യം കിടന്നു ക്ഷമിക്കുന്നോൻ_ഈ വണ്ണമവരുടെ കോപ ഭാജനമായി.

296 അന്യ സങ്കടങ്ങളില്ലാരുണ്യ ഹീനജനം_മാനുഷ നിസ്സഹായത്തിന്നു നിഷ്കൃപരും.

297 എപ്പോഴുമൎത്ഥാഗ്രഹം പൂണ്ടവർ ദുഃഖിക്കുന്നു താപത്തിലനുഗ്രഹം കണ്ടവർ ധരിച്ചിട്ട്.

പൊരുൾ.

289 എല്ലാരിലും നീചനും എല്ലാവരിലും ദ്വേഷിക്കപ്പെടുവാൻ തക്കവനുമാകുന്നു. താഴെ കിടക്കുന്നവനും നിന്ദകളുടെ ഭാജനവും ആയി.

290. അവസാനമില്ലാത്ത സങ്കടം കൊണ്ട് അവൻ ഖേദിക്കുന്നു. ദ്രവ്യത്തിന്മേലുള്ള ആശ തീൎപ്പാനന്യായപ്രവൃത്തി ചെയ്തു.

291. നീതികൂടാതെ അന്യരുടെ വസ്തുക്കളെ കവൎന്നെടുത്തവർ ഏറ്റം സങ്കടപ്പെട്ടവരായിട്ടു നരകത്തിൽ ക്ഷമിക്കുന്നു.

292. എന്റെ ദ്രവ്യാഗ്രഹംകൊണ്ടു ഞാൻ സൎവ്വേശ്വരനെ വിററു. എത്രയും മൂഢനായ കച്ചവടക്കാരനും കൺകുരുടനും മഹാ പാപിയുമായി.

293. ഭയങ്കരപ്പെട്ടതായ ചക്രത്തുമ്മൽ കരുണകൂടാതെ ഇപ്പോൾ ശത്രുക്കൾ എന്നെ കെട്ടി ദുഷ്കൎമ്മപ്പെടുത്തുന്നു.

294. ചക്രം തിരിയുന്നനേരം അയ്യോ! കഠിനമായ ദുഃഖമനുഭവിക്കുന്നു. നരകപിശാചുക്കളൊക്കയും ഭയങ്കരമായി മാറുന്നു.

295. ഈ ചക്രത്തുമ്മേൽ നിത്യവുംകിടന്നു ക്ഷമിക്കുന്നോൻ ഈ വണ്ണമവരുടെ കോപത്തിന്നു പാത്രമായി എന്നു കരഞ്ഞു പ്രലാപിക്കുന്നു.

296. അന്യവരുടെ സങ്കടങ്ങളിന്മേൽ ദയയില്ലാതിരുന്നവരും അന്യവരുടെ ദാരിദ്ര്യത്തിന്നു വിസ്മരികളായിരുന്നവരും.

297. എപ്പോഴും ദ്രവ്യാഗ്രഹം പൂണ്ടു നടന്നവരും ദുഃഖിക്കുന്നു സങ്കടങ്ങളിൽ അനുഗ്രഹം കാണ്മാൻ ഓൎത്തിട്ട്

നരകപർവ്വം.

298. സഹായം വേണമെന്നുമേററമപേക്ഷിക്കുന്നു_അഹിതഭാവത്തോടു ശേഷമുള്ളവർകളും.

299. അന്യവേദന കണ്ടു സന്തോഷം പൂണ്ടപോലെ_മനസി ദയാഭാവമൊട്ടുമേ ധരിക്കാതെ.

300. അവരെ പരിഭാഷിച്ചൗത്ഥ്യം സഹിക്കുന്ന ഭുവനപുരത്തിലെ സാമർത്ഥ്യം കണ്ടു കണ്ട്.

301. സ്വനിസ്വം തീരുവാനായത്യത്നമുണ്ടാക്കണം_എന്നുള്ള മനോരഥം ധരിച്ചീടുന്നു വൃഥാ.

302. നിഷ്ഫലമെന്നുകണ്ടു കോപിച്ചു ക്രുദ്ധിക്കുന്നു_ദുഷ്ടാശ പൂണ്ടു കാമചാരികളായുള്ളോർ.

303. അകാമസാധനങ്ങൾ പ്രാപിച്ചു വലയുന്നു_കാമിച്ചു പിഴച്ചവർ ദ്വേഷിച്ചു ക്ഷമിക്കുന്നു.

304. സരസങ്ങൾ സാധിച്ചീടുവാൻ ക്ലേശിച്ചവർ മാംസകൃച്ഛ്രങ്ങളിപ്പോൾ പ്രാപിച്ചു പീഡിക്കുന്നു.

305. ആരസസുഖങ്ങൾക്കിത്തരഫലലാഭം_സ്വശ്രമതപമവർക്കിച്ഛയായെന്ന മൂലം.

306. കഠിനകൂട്ടത്തിന്മേലോരോരോ ശരീരാംഗം_കഠിന പിശാചുക്കൾ സന്തതമടിക്കുന്നു.

പൊരുൾ.

298. സഹായം വേണമെന്നും ഏററമപേക്ഷിക്കുന്നു. ശത്രുഭാവത്തോടെ ശേഷമുള്ളവര്.

299. അന്യരുടെ വേദനകണ്ടു സന്തോഷംപൂണ്ടപോലെ മനസ്സിൽ ദയഭാവമൊട്ടും വിചാരിക്കാതെ.

300. അവരെ പരിഹസിച്ച് ഏററം നിന്ദിക്കുന്നു. ലോകവാഴ്ചയിലെ സാമർത്ഥ്യം കണ്ടുകണ്ട്.

301. ദാരിദ്ര്യം തീരുവാനായി ഏററം ദ്രവ്യം ഉണ്ടാക്കണം എന്നുള്ള മനോഭാവം വൃഥാ വിചാരിച്ചു നടക്കുന്നു.

302. അതു നിഷ്ഫലമെന്നു കാണുമ്പോൾ കോപിച്ചു ദ്വേഷിക്കുന്നു. ദുഷ്ടാശപൂണ്ടു മോഹവഴിയെ നടക്കുന്നവര്.

303. മോഹമില്ലാത്ത കൂട്ടങ്ങളനുഭവിച്ചു വലയുന്നു. മോഹിച്ചു പിഴച്ചവർ ദ്വേഷിച്ചു ക്ഷമിക്കുന്നു.

304. മാംസത്തിന്റെ രസങ്ങൾ സാധിപ്പാനാശപ്പെട്ടവർ ഇപ്പോൾ ശരീരദുരിതങ്ങളനുഭവിച്ച് പീഡിക്കുന്നു.

305. ആ ഇച്ഛകളുടെ സുഖങ്ങൾക്കുപകരം ഇത് അനുഭവമാകുന്നു. അല്പമായ തൊഴിൽ അവർക്ക് ഇച്ഛയായിരുന്നു എന്നതു കാരണം.

306. ഓരോരോ ശരീരാംഗം കഠിനമായ കൂടത്തിന്മേൽവച്ച് ഓരോരോ പിശാചുക്കൾ കഠിനമായി എപ്പോഴും അടിക്കുന്നു.

നരകവൎണ്ണം.

307. പരസ്ത്രീഗാമിജ
നം കത്തുന്നചൂളതന്നിൽ_
സൎപ്പങ്ങളുടെ സുദംഷ്ട്രാശ്ലേ
ഷം കടികളും.

308. സുദണ്ഡത്തോടു
കൂടെനിയതം പൊറുക്കുന്നു
സോദ്ദമപുരവാസദുൎജ്ജനം
ദഹിച്ചിട്ടു.

309. ഗന്ധക വഹ്നിവ
ൎഷം പൂൎവ്വനാശകരണം_ ദ
ഗ്ദ്ധരെ ദഹിപ്പിപ്പാനിപ്പോ
ഴും വൎഷിക്കുന്നു.

310. ഇത്യാദിരാഗംകൊ
ണ്ടു ചപലമായ ജനം_പ്രീ
തമല്ലാത്ത വാസം ലഭിച്ചു
സഹിക്കുന്നു.

311. ക്ഷണാൎദ്ധംകൊണ്ടു
മോഹരസങ്ങൾ കഴിഞ്ഞു
പോയ്_ ദണ്ഡലാഭങ്ങളെ
ല്ലാം കാലങ്ങളൊടുങ്ങാതെ.

312. ദുഃഖഭാജനമിപ്പോ
ൾമോഹപാത്രാംഗമെല്ലാം_
സുഖസ്പൎശത്തിൽ പരം ദുഃ
ഖസ്പൎശനമാകും.

313. അന്യേഷാം ഹി
തത്തിങ്കലീൎഷ്യപൂണ്ട ചേത
സ്സോ_ടന്യമംഗലംകണ്ടുതാ
പിച്ച ദുഷ്ടജനം.

314. പൈശുന്യം കൊ
ണ്ടു നിത്യ ദീനരായിരിക്കു
ന്നു_വിധിതമവർകളിൽ കു
ഹരമഹികൾക്കായ്.

പൊരുൾ.

307. പരസ്ത്രീകളെ ആഗ്രഹിച്ചു
നടന്നവർ കത്തുന്ന ചൂളയിൽ സൎപ്പ
ങ്ങളുടെ എത്രയും ദ്വേഷിക്കപ്പെട്ട ചേ
ഷ്ടയും കടികളും.

308. മഹാ ദണ്ഡത്തോടുകൂടെ നി
ത്യവും അനുഭവിക്കുന്നു. സോദ്ദമനഗ
രിലെ ദുൎജ്ജനം ദഹിച്ചിട്ട്.

309. മുൻപിൽ നശിപ്പാൻ കാര
ണമായ ഗന്ധകത്തീമഴ ദഹിക്കപ്പെട്ട
വരെ ദഹിപ്പിപ്പാനിപ്പഴും പെയ്യുന്നു.

310. ഇപ്രകാരമുള്ള രാഗത്താൽ
പരവശമുള്ള ജനങ്ങൾ സന്തോഷമി
ല്ലാത്ത പൊറുതി അനുഭവിച്ചു സഹി
ക്കുന്നു.

311. അക്ഷണംകൊണ്ടു മോഹര
സങ്ങൾ കഴിഞ്ഞുപോയി. അതിന്റെ
ഫലമായ ദണ്ഡങ്ങൾ ഒരുനാളുമൊടു
ങ്ങാതെ.

312. മോഹ(പാപ)ത്തിന്നു പാത്ര
മായ ശരീരമെല്ലാം ഇപ്പോൾ ദുഃഖ
ത്തിന്റെ പാത്രമായിത്തീൎന്നു.സ്പൎശസു
ഖത്തേക്കാൾ (അതായത് ദേഹരസ
ത്തേക്കാൾ)അധികം സ്പൎശദുഃഖമേറും.

313. അന്യരുടെ ഇഷ്ടത്തിന്മേൽ
ഈൎഷ്യതോന്നിയവരും ആരാന്റെ ഗു
ണംകണ്ടു ദുഃഖിച്ച ദുഷ്ടജനങ്ങളും.

314.പൈശുന്യംകൊണ്ടുനിത്യവും
സങ്കടമനുഭവിക്കുന്നു. സൎപ്പങ്ങൾക്കു
പാതാളം അവരിൽ വിധിക്കപ്പെട്ടു.

നരകപൎവ്വം

315 സന്ധികൾ ചങ്കും മുള്ളും സൎപ്പങ്ങൾ മുറിക്കുന്നു_ മാനുഷ ജ്യേഷ്ഠൻനിജ പൂജകൾ കയ്യേല്ക്കാതെ.

316 ഭ്രാതാവിനച്ചാദേവൻ ഭയയാത്രുക്കണ്ണാത്ത ഹേതുനാ രോഷത്തോടു പൈശുന്യ ചപലനായ്.

317 ഭ്രാതൃഹശാപമേററം സുഖരഹിതനവൻ_ ഉത്തരാനുജ സുഖം കണ്ടേററം താപിക്കുന്നു.

318 കരളിക്കാലം ക്രൂരസൎപ്പങ്ങൾ കരളുന്നു_കരളും നാശത്തിന്നു സന്തതം വൎദ്ധിക്കുന്നു.

319 നീചസാരമേയം പോലൌദരികന്മാരിപ്പോൾ വിശന്നുദാഹിക്കുന്നു വെന്തുവെന്തുരുകിയ.

320 ഗന്ധകം ചെഞ്ചല്യവും ഭക്ഷണമവൎക്കായി_എന്നതുകൊണ്ടു ക്ഷുത്തു വൎദ്ധിക്കെയുള്ളു താനും.

321 കോപകാരണം കൊണ്ടു നിത്യ നരകവാസം_പ്രാപിച്ച ചണ്ഡഗണം ക്രുദ്ധിച്ച ശ്വാക്കൾപോലാം.

322 അന്യോന്യം കടിക്കയും തല്ലയും ഭയങ്കരം_മന്ദരുമ്മടിയരുമനുഷ്യന്മാരും പിന്നെ.

പൊരുൾ.

315 നാഡികളും ശങ്കും മുള്ളും സൎപ്പങ്ങൾ കടിച്ചു മുറിക്കുന്നു. സകല മാനുഷരുടെയും ജ്യേഷ്ഠൻ (അതായ്തു കായൻ) തന്റെ പൂജകൾ കൈക്കൊള്ളാതെ.

316 അനുജന്റെ (അതായ്തു ഹാബേലിന്റെ) പൂജ മനഃഗുണമായിദൈവം തൃക്കണ്ണാത്തതിനാൽ ദ്വേഷത്തോടുകൂടെ പൈശുന്യ ദുഷ്ടനായി_

317 കൂടപ്പിറപ്പിനെ കൊന്ന ശാപംമൂലം അവൻ ഗുണമില്ലാത്തവനായി. അതിന്റെശേഷം അനുജനുണ്ടായ സുഖം കണ്ടു ഏററം ദുഃഖിക്കുന്നു (എന്നു_)

318 അവന്റെ കരളിനെ ഇപ്പോൾ ക്രൂരമായ സൎപ്പങ്ങൾ കരളുന്നു. എന്നാലൊ ആ പൈശുന്യമായ കരൾ നാശത്തിന്നായിട്ടു എപ്പോഴും വൎദ്ധിക്കയും ചെയ്യുന്നു.

319 വയററിനെ പോററിവന്നവർ ഇപ്പോൾ നീച നായ്ക്കളെപ്പോലെ വിശന്നു ദാഹിക്കുന്നു,വെന്തുവെന്തുരുകിയ.

320 ഗന്ധകവും മനോശിലയും അവൎക്കുഭക്ഷണമായിരിക്കുന്നു.എന്നതുകൊണ്ടു വിശപ്പു വൎദ്ധിക്കയെത്രേയുള്ളു.

321 കോപത്തിന്റെ കാരണം കൊണ്ടു നരകത്തിൽ പോയിരിക്കുന്ന ചണ്ഡാളക്കൂട്ടര് കോപിച്ച പട്ടികളെപ്പോലെ_

322 തമ്മിൽ തമ്മിൽ ഭയങ്കരമായി കടിക്കയും അടിക്കയും ചെയ്യുന്ന മന്ദരും മടിയന്മാരും അമാന്തികളുമായ മനുഷ്യരും.

നരകപവ്വം

323 മൂച്ഛയേറിയബഹു
സൂചികളും ആണികളും ധ
രിച്ച പയ്യങ്കത്തിങ്കിടന്നു ക
രയുന്നു.

324 ദൈവോന ബ്രഹ്മാ
വിഷ്ണു ശിവാദി പിശാചുക്ക
ൾ—അവനമസ്സോടനുസ
രിച്ച മൂഢവ്രജം.

325 ഭ്രാന്തന്മാരെന്നപോ
ലെ തുടരിൽ ബന്ധന്മാരാ
യ്— സന്താപസ്സർഗ്ഗം കൊ
ണ്ടു സദ്ദൈവമറിഞ്ഞതി.

326 നിഷ്ഠുരപിശാചുക്ക
ൾ വരുത്തും സുതോദത്താ
ൽ— ശ്രേഷ്ഠദൈവത്തെ കൂ
പ്പിയാരാധിക്കുന്നു സദാ.

327 മാംസദുഃഖങ്ങളി
പ്പോൾ സ്വല്പം കേൾപ്പി
ച്ചേനഹം— ആത്മദുഃഖങ്ങ
ൾ ചൊൽവാൻ പാടവമു
ണ്ടാകുമൊ?

328 പരിച്ഛേദോന മി
തു ചൊല്ലുവാൻ പണിയേ
റം— ധരിച്ചുകൊള്ളുവാനും
പ്രയത്നമവ്വണ്ണമെ.

329 പൂവ്വത്തിലൊരു
വനവാസി ഗമിക്കുന്നേരം—
മരിച്ചവന്റെ യസ്ഥി ച
വുട്ടിയറിയാതെ.

330 ഉടനെ അയ്യൊയെ
ന്നു ദുഃഖരോദനസ്വരം—
കേട്ടപ്പോൾ വിഷാദിച്ചു ത
പസ്വിസ്ഥിതിചെയ്തു.

331 ആരിഹ കരയുന്നു
വെന്നു ചോദിച്ചാറെ—ന
രകഗതനഹമെന്നൊരുത്ത
രമണായി.

പൊരുൾ.

323 മൂച്ഛഏറിയ അനേകം സൂ
ചികളും ആണികളും തറയ്ക്കപ്പെട്ട ക
ട്ടിലിന്മേൽ കിടന്നു കരയുന്നു.

324 ദൈവമല്ലാത്ത ബ്രഹ്മാവു,
വിഷ്ണു, ശിവൻ ആദിയായിട്ടുള്ള പി
ശാചുക്കളെ നമസ്കരിച്ചുകൊണ്ടു അ
നുസരിച്ച മൂഢജനങ്ങൾ—

325 ഭ്രാന്തന്മാരെപ്പോലെ തുടലിൽ
ബന്ധിക്കപ്പെട്ടവരായി ശരീര ചൂടി
ന്റെ വേദനകൊണ്ട് (ഇപ്പോൾ) ദൈ
വത്തെ അറിഞ്ഞു.

326 എത്രെയും നിഷ്ഠുരികളായപി
ശാചുക്കൾ വരുത്തുന്ന അതിവേദന
യാൽ സത്യ ദൈവത്തെ എപ്പൊഴും
വിളിച്ചാരാധിക്കുന്നു.

327 ഇപ്പോൾ മാംസ ദുഃഖങ്ങളെ
കുറിച്ചു ഞാൻ അല്പമായിട്ടു പറഞ്ഞു
ആത്മാവിലെ ദുരിതങ്ങൾ പറവാൻ
വശമുണ്ടാകുമൊ?

328 പരിച്ഛേദിപ്പാൻ പാടില്ലാ
ത്ത ഇത് പറവാൻ പ്രയാസമേറം.
അപ്രകാരം തന്നെ ബുദ്ധിയിലടക്കി
ക്കൊൾവാനും പ്രയാസം.

329. പണ്ടു ഒരു തപസ്സി വനവാ
സത്തിൽനടക്കുമ്പോൾ മരിച്ചവന്റെ
അസ്ഥിയെ അറിയാതെ ചവുട്ടി.

330 ഉടനെ അയ്യൊ! എന്നു ദുഃഖ
നിലവിളിയുടെ സ്വരം കേട്ടാറെ ത
പസ്സി വിഷാദിച്ചു അവിടെ നിന്നു.

331 ആരാ? ഇം കരയുന്നതെന്നു
ചോദിച്ചപ്പോൾ ഞാൻ ഒരു നരക
പ്രാപ്തനെന്നു ഉത്തരം പറഞ്ഞു.

നരകപർവ്വം

332 ഇതു കേട്ടുടൻ നിൻെറ ദുർഭാഗ്യത്തിൻെറ മൂലം— എതെന്നും ദുർഗ്ഗത്യാധി എങ്ങനെയെന്നുമിവ.

333 താപസൻ ചോദിച്ചപ്പോൾ ചത്തവൻചൊന്നാനുടൻ—മേ പാപം മമദുഃഖ ഹേതുവെന്നറിഞ്ഞാലും

334 ഭൈരവതാപന്നിത്യമേതെന്നു ചൊന്നുകൂടാ— ശരീരദുഃഖമതി ഭാരമെന്നിരിക്കിലും.

335 ആത്മസങ്കടംമഹാഭാരമെന്നറികെടോ— തന്മഹത്വത്തെ ച്ചൊൽവാൻ മഹാ വിഷമമാകും.

336 ദേഹമുള്ളവർകൾക്കമിതിൻെറ പ്രകാരങ്ങൾ ഗ്രഹിച്ചു കൂടായെന്നാലാത്മദുഃഖങ്ങൾ ദുഃഖം.

337 ദേഹതാപങ്ങളതിനോടൊട്ടുമൊപ്പമല്ല— മഹത്വ മിത്രയെന്നുമളവിലടങ്ങീടാ.

338 സത്യമിപ്പറഞ്ഞവാക്കാത്മസങ്കടവിധം— അതു ഭൂവാസികൾക്കു ധരിപ്പാൻ പണി തുലോം.

339 ദേഹത്തോടാത്മാവൊന്നിച്ചിരിക്കും കാലങ്ങളിൽ ദേഹബന്ധങ്ങൾകൊണ്ടു ദേഹിയും ഖേദിച്ചീടും.

പൊരുൾ.

332 ഇതു കേട്ട ഉടനെ നിൻെറ ദുർഭാഗ്യത്തിൻെറ കാരണമെന്തെന്നും നരകദുരിതം എങ്ങിനെയെല്ലാമാണെന്നും മററും.

333 തപസ്വി ചോദിച്ചപ്പോൾ ചത്തവൻ ഉടനെ പറഞ്ഞു. എൻെറ ദുഃഖത്തിന്നു കാരണം എൻെറ പാപമെന്നറിഞ്ഞു കൊൾക.

334 നിത്യവും ഭയങ്കരപ്പെട്ടതായ ദുരിതം എതെന്നും പറവാൻ മേലാ. പക്ഷെ ശരീരം ദുഃഖം എത്രയും കഠിനപ്പെട്ടതെന്നു വരികിലും.

335 ആത്മാവിൻെറ സങ്കടം മഹാഭാരമായതെന്നറിക. അതിൻെറവലിപ്പത്തെ പറവാൻ മഹാ വിഷമമുള്ളതാണ്.

336 ശരീരത്തോടുകൂടിയിരിക്കുന്നവൎക്കു ഇതിൻെറ പ്രകാരങ്ങൾ ഗ്രഹിച്ചുകൂടാ. എന്നാൽ ആത്മാവിലെ ദുഃഖം മഹാ ദുഃഖംതന്നെ.

337 ശരീരസങ്കടങ്ങൾ അതിനോടു ശരി നില്ക്കുന്നതല്ല. അതിൻെറ വല്ലഭമിത്രയെന്നു കണക്കിലടങ്ങുകയില്ല.

338 ഈ പറഞ്ഞ വാക്കുകൾ സത്യമുള്ളതാണ്. ആത്മസങ്കടത്തിൻെറ അവസ്ഥ ഭൂലോകവാസികൾക്കു അടക്കുവാനെത്രയും പ്രയാസം.

339 ശരീരത്തോടെ ആത്മാവു ഒന്നിച്ചിരിക്കുന്ന കാലങ്ങളിൽ ദേഹത്തിൻെറ ബന്ധങ്ങൾകൊണ്ടു ആത്മാവും സങ്കടപ്പെടും.

നരകപർവ്വം.

340 എന്നാലും സ്വക ദുഃഖമതല്ലമപരമുള്ളു— അന്യദുഃഖവുമുണ്ടു സ്വാധിയു നരകത്തിൽ.

341 അന്യദുഃഖങ്ങൾദേഹ കഷ്ടകൃച്ഛ്രങ്ങളെല്ലാം— മനോവേദന ബഹു പീഡകൾ സ്വകഭാരം.

342 ധീസ്മരണവും പിന്നെ മനസ്സുമിതിമൂന്നും ശാസ്ത്രത്തിൽ സിദ്ധംപോലെ വരമാത്മാവിന്നുണ്ടു.

343 ഇതൊക്കപ്പാപികൾക്ക പീഡവാഹമേയുള്ളു— അതീത വസ്തുക്കളെ ദർശിപ്പാനുള്ള നേത്രം.

344 സ്മരണവശമെന്നു ശാസ്ത്രികൾ ചൊല്ലീടുന്നു— നരകഗണം വ്യഥാ വിഷയമിതുകൊണ്ടു.

345 കണ്ടതിതീവ്രബാധ ധരിച്ചു വേദിച്ചീടും—പ്രണയം ഭാഗ്യങ്ങളും പുഞ്ചിരി പുതുമയും.

346 ലീലകൾഭോഗങ്ങളും നർത്തന ഗാനങ്ങളും— ഭൂലോകസുഖമെല്ലാം കഴിഞ്ഞതിക്രാന്തനായ്.

347 ചെയ്യു ദുരിതഫലമെന്നുമെ കഴിയാതെ— നിത്യമനുഭവിക്കുമെന്നിവ സ്മരിക്കുന്നു.

പൊരുൾ.

340 എന്നാലും അതതിന്റെ(അതായത് ആത്മാവിന്റെ) ദുഃഖമല്ല വേറിട്ടുള്ളതാകുന്നു. നരകത്തിൽ തന്റെ ദുഃഖവും അന്യദുഃഖവുമുണ്ടു.

341 ദേഹദുഃഖങ്ങളും സങ്കടങ്ങളുമെല്ലാം അന്യദുഃഖങ്ങളത്രെ. ഹൃദയദുഃഖം വളരെ സങ്കടമുള്ളതും തനിക്കു ഭാരമുള്ളതുമാകുന്നു.

342 ബുദ്ധി, ഓർമ്മ, മനസ്സ എന്ന ഈ മൂന്നും ആത്മാവിന്നു വരമായിട്ടുള്ളതാണെന്നു ശാസ്ത്രത്തിൽപറയപ്പെട്ടിരിക്കുന്നുവല്ലൊ.

343 ഇതൊക്കെ പാപികൾക്കു ദുഃഖത്തിന്നു കാരണമാകയെയുള്ളു. കഴിഞ്ഞ വസ്തുക്കളെ കാണ്മാനുള്ള കണ്ണു—

344 ഓർമ്മയുടെ വശമാകുന്നുവെന്നു ശാസ്ത്രികൾ ചൊല്ലിവരുന്നു. നരകത്തിലുള്ളവരുടെ കൂട്ടം ദുഃഖങ്ങൾക്കു വിഷയമാകുന്നുവെന്നു ഇതിനാൽ(അതായത് ഓർമ്മയെന്ന കണ്ണാൽ)

345 കണ്ടു ഏററവും കഠിനദുഃഖം പൂണ്ടു വേദിക്കും. സ്നേഹവും ഭാഗ്യങ്ങളും പുഞ്ചിരിയും പുതുമകളും.

346 ലീല സന്തോഷങ്ങളും ആട്ടം പാട്ടുകളും ഭൂമിയുടെ സുഖമെല്ലാം കഴിഞ്ഞു കഴിഞ്ഞു പോയി.

347 ചെയ്യു ദോഷത്തിന്റെഫലം എന്നും തീരാതെ കണ്ടു നിത്യവും അനുഭവിക്കും എന്നുള്ളതിനെ ഓർക്കുന്നു.

നരകപർവ്വം	പൊരുൾ
348. ദർശന മാത്മാവിന്നു ബുദ്ധിതദ്വത്തിമൂന്നും_ ധാരണം പരിച്ഛേദം യോജന മിതിശ്രുതം.	348. ആത്മാവിൻെറ കണ്ണുബുദ്ധി യെന്നതാകുന്നു. അതിൻെറ തൊഴിൽധരിക്ക,നിശ്ചയിക്ക, ചേക്കയെന്ന മൂന്നുമാകുന്നു.
349. മൂന്നിനാലനുതാപം കാരണം പാപിക്കുള്ള ഏന്നുമൊടുങ്ങിടാത്ത സങ്കടഭവനവും.	349. ഒരുംമൂന്നിലും പാപിക്കു ദുഃഖത്തിന്നുകാരണമേയുള്ള എന്നും തീരാത്ത സങ്കടങ്ങളുടെവീടും_
350. പുനരപ്രാപ്യമായ ഗുണത്യാഗവും പിന്നെ_ അനഘഗുണത്തോടു സന്തത വിരോധവും.	350. വീണ്ടുംലഭിപ്പാൻ യോഗ്യമല്ലാത്ത ഗുണങ്ങളുടെ ഉപേക്ഷയും പിന്നെയുംകറയില്ലാത്തപുണ്യത്തോടുഎപ്പോഴും വിരോധവും (ഉണ്ടായിരിക്കുന്നതും)
351. അനാദി ശാപ പരിഗ്രഹവും ദൗർഭാഗ്യവും. എന്നിവററിന്നുമൂലമസാരലാഭമത്രെ.	351. ആദിയില്ലാത്ത (ദൈവത്തിൻെറ)ശാപമേററതും ദൗർഭാഗ്യം വന്നതുംഎന്നിവററുകൾക്കു കാരണംഅല്പലാഭംമാഗ്രഹിച്ചതത്രെ.
352. തനുകാലത്തിൽകഴിഞ്ഞെത്രയും വർജ്ജ്യഭോഗം_എന്നതി ധരിച്ചിട്ടുപരിച്ഛേദിക്കുമഥ.	352 എത്രയും വെറുപ്പാൻതക്കസുഖങ്ങൾ അല്പകാലംകൊണ്ടു കഴിഞ്ഞുപോയല്ലൊ. എന്നിപ്രകാരം കാത്തിട്ടു അതിൻെറശേഷംപരിച്ഛേദിക്കും.
353. സ്വാരീശ വിധിവശാൽ ഖേദിപ്പാൻ യോഗം വന്നു_ നരക ദുഃഖമെല്ലാം ഭവിച്ചുസദാകാലം.	353 (അതായ്തു) ദൈവവിധിവശാൽദുഃഖിപ്പാൻ സംഗതി വന്നു. എല്ലാ നരകദുഃഖവും എന്നെന്നേക്കുമായിഭവിച്ചു.
354. അന്തരമതിനില്ല കൂടസ്ഥവിധിയത- പ്രാപ്ത ഭോഗങ്ങളെല്ലാം കഴിഞ്ഞു ലവകാലെ.	354 അതിന്നു അന്തരമില്ല. ഏളക്കമില്ലാത്ത വിധി അതാകുന്നു. അനുഭവിച്ച സുഖങ്ങളെല്ലാം. അല്പനേരംകൊണ്ടു കഴിഞ്ഞുപോയി.
355. ലബ്ധസുഖങ്ങളെല്ലാമതി ദുഷ്യങ്ങളല്ലൊ_ തദ്ധേതുത്യക്ത ഗുണമനാദ്യനന്തൻ തന്നെ.	355 ലഭിക്കപ്പെട്ട സൌഖ്യങ്ങളെല്ലാംഅധികം ദൂഷ്യങ്ങളാകുന്നല്ലൊഅതുനിമിത്തം ഉപേക്ഷിച്ച ഗുണംആദിയുമന്തവുമില്ലാത്ത (ദൈവം) തന്നെ.

നരകപർവ്വം

356. മമദോഷതപംകൊണ്ടു നിയമമിതു വന്നു_മംഗലാബ്ധിയെ രസിച്ചജസ്രം സുഖിപ്പാനായ്.

357. എന്നെക്കാരുണ്യത്തോടുസൃഷ്ടിച്ചസർവ്വേശ്വരൻ_ അന്തകാരണംമമ കല്പിച്ചു നിജഗുണം.

358. മംഗലപൂർണ്ണം മമ ലക്ഷ്യമെന്നറിയാതെ_ഭ്രാന്തനസാരത്തെ ഞാൻ സേവിച്ചതെത്ര കഷ്ടം!

359. ഉത്തമ ദാഹന്തീർപ്പാനബ്ധിയനപേക്ഷിക്കാതെ_നീർത്തുള്ളി കുടിപ്പാനായ് ക്ലേശിച്ചുനടന്നു ഞാൻ.

360. ഇതിപ്പോൾ കഴിഞ്ഞതായ്മററുമിനിവരാ സന്തതം ക്ഷമിപ്പാനും സന്തതം വലവാനും.

361. സന്തതംഖേദിപ്പാനും യോഗമിന്നിനിക്കുള്ളു സന്തതമിതെന്നുള്ള വെത്ര കാലങ്ങളിത.

362. സഹസ്രവർഷമതൊ ശത സഹസ്രമ്പോര സഹസ്രകല്പവർഷംസന്തത കാലമതൊ.

363 സന്തത മിതിലേററമെന്നമെ കഴിഞ്ഞീടാ_ ഇതിപ്പോൾ തുടങ്ങിയൊരെയപ്പൊഴുന്തുടങ്ങുന്നു.

പൊരുൾ

356. എന്റെദോഷതാപം കൊണ്ടു ഈ വിധിവന്നു. നന്മക്കടലാകുന്നവനെ അനുഭവിച്ചു എന്നും സുഖിപ്പാനായിട്ടു.

357. കാരുണ്യത്തോടു കൂടെസർവ്വേശ്വരൻ എന്നെസൃഷ്ടിച്ചു. തന്റെ ഗുണം ഇനിക്കു ഒടുക്കകാരണം (അതായ്തുഗതി) കല്പിച്ചു.

358. നന്മകളുടെ പൂർണ്ണതയത്രെ എന്റെ ലാക്കു (അതായ്തുഗതി) എന്നുഅറിയാതെഭ്രാന്തനായിട്ടു അല്പഗുണത്തെ ഞാൻസേവിച്ചതുഎത്രയൊ കഷ്ടം!

359. എല്ലായിലും വലുതായ ദാഹത്തെ തീർപ്പാൻസമുദ്രത്തെ അപേക്ഷിക്കാതെ നീർത്തുള്ളികുടിപ്പാനായിട്ടു ഞാൻക്ലേശിച്ചു നടന്നു.

360. ഇതിപ്പോൾകഴിഞ്ഞു പോയി മറേറതുമിനി വരാനില്ല.എപ്പഴുംക്ഷമിപ്പാനും എപ്പഴും വലയുവാനും.

361. എന്നുംഖേദിപ്പാനും ഇന്നിനിക്കു സംഗതിയായി.(എന്നാലൊ) എപ്പഴും എന്നതു എന്താകുന്നു? അതത്രെ കാലമാകുന്നു?

362. ആയിരക്കാലമൊ,(അതല്ല) മൂവായിരംക്കാലമൊ,അതുമല്ലാ അനേകായിരം കോടികാലം അതാകുന്നൊ?

363. എപ്പഴും എന്നതു അതിലധികമാകുന്നു. ഒരുനാളും അതു കഴികയില്ല. ഇതിപ്പോൾതുടങ്ങിയൊ എപ്പഴുംതുടങ്ങുന്നു.

കേരള സാഹിത്യ അക്കാദമി

നരകപൎവ്വം	പൊരുൾ.
364 അതീതമതിനില്ല വൎത്തമാനമെയുള്ളു– ഇതെല്ലാം കുറയാതെ മുഴുവൻ ശേഷിക്കുന്നു.	364 കഴിഞ്ഞകാലമതിനില്ല് എപ്പൊഴും നില്ക്കുന്നകാലമെയുള്ളു ഇതെല്ലാം കഴിയാതെ മുഴുവനും ശേഷിക്കുന്നു.
365 ഇത്താപസമുദ്രത്തിന്നാഴന്നീ പരീക്ഷിച്ചാൽ– അതലമിതെപ്പൊഴുന്നിലയുമിതിന്നില്ല.	365 ഈ ദുഃഖ സമുദ്രത്തിൻ ആഴം നീ പരീക്ഷിച്ചാൽ ഇത് എപ്പൊഴും അഗാധമാകുന്നു. നിലയിതിനില്ല.
366 സമവീഥിയിലതിഭാരമായുള്ളൊരുണ്ട– സമാത്രം കൊണ്ടു നിലന്തൊട്ടീടുമെന്നാകിലും.	366 (കുന്നുകുഴിയില്ലാതെ) സമമായിരിക്കുന്ന വഴിയിൽ ഏററം ഭാരമുള്ള ഒരു ഉണ്ട (നിലത്തു വച്ചാൽ) (ഉണ്ടയിൽ നിന്നു) ഏററവും അല്പം (അംശം) നിലത്തു തൊട്ടിരിക്കുമെങ്കിലും,
367 എന്നാലും കനമൊക്കെത്തൊട്ടു നിലത്തെക്കൊള്ളും– സന്തത കാലമുണ്ട കനക്കുമെന്നപോലെ.	367 എന്നാലും (ഉണ്ടയുടെ) ഭാരമൊക്കയും തൊട്ടിരിക്കുന്ന നിലത്തിൽ കൊള്ളും. എപ്പൊഴും ഉണ്ട കനമായിരിക്കുമെന്നപോലെ–
368 മതിയിലല്പം കൊണ്ടു സമസ്തം കനക്കുന്നു– ഇതിയുള്ളവയെല്ലാന്നിശ്ചയിച്ചറിഞ്ഞിട്ടു.	368 ബുദ്ധിയിൽ മാത്രം കൊണ്ടിട്ടു സമസ്തവും കനത്തിരിക്കുന്നു. ഈ വണ്ണമുള്ളവകളെല്ലാം നിശ്ചയിച്ചറിഞ്ഞിട്ട്,
369 എങ്കിൽ ഞാൻ നിൎഭാഗ്യവാനെന്നു തോന്നീടുമഥ– സങ്കടം നിരന്തരം ശരണമിനിക്കില്ല.	369. ഇപ്പോൾ ഞാൻ നിൎഭാഗ്യവാനായല്ലൊ എന്നു വിചാരിക്കും. എപ്പൊഴും (എനിക്കു) സങ്കടം (ഒരു നാളും രക്ഷയുണ്ടെന്നുള്ള) ശരണവുമില്ല.
370 ആൎത്തിയെയൊഴിപ്പാനുമുപായമൊന്നും വരാസത്തെക്കാൾ വിനാശനമാഗ്രഹാസ്പദമെന്നാൽ.	370 ദുഃഖത്തെയൊഴിപ്പാനുപായമൊന്നുമില്ല, ഉണ്ട എന്നിരുന്നെക്കാൾ ഇല്ലായ്മയത്രെ ആഗ്രഹത്തിന്നു വിഷയമാകുന്നതു. എന്നാൽ–
371 സത്തെ ത്യജിപ്പാൻ മയാ സാദ്ധ്യമാകയുമില്ല– ഇത്തരം നിരൂപണം ബുദ്ധിയിൽ തോന്നും കാലം.	371 സത്തിനെ ഉപേക്ഷിപ്പാൻ സാദ്ധ്യമാകയുമില്ല. ഈ വണ്ണമുള്ള നിരൂപണ ബുദ്ധിയിൽ തോന്നുന്ന സമയം.

നരകപർവ്വം.	പൊരുൾ.
372 ചേതസി പരവശമെങ്ങനെയൊപ്പിക്കേണ്ടു അത്യന്ത പീഡാ പരിവേദനോ പശ്ചാത്താപം.	372 ബോധത്തിന്റെ പരവശമെങ്ങിനെ ഒപ്പിക്കേണ്ടു? അത്യന്തമായ പീഡയും മഹാവേദനയും കഴിഞ്ഞതു ചൊല്ലിയുള്ള ദുഃഖവും (ഉണ്ടാകും)
373 ഭീതിയും ക്രോധ ദ്വേഷമക്ഷാന്തി പരിഭ്രമം_ ഇത്യാദിയുള്ള രസന്നിറയുമ്മനസ്സിങ്കൽ.	373 ഭീതിയും കോപവും ദ്വേഷവും ക്ഷമയില്ലായ്കയും പരിഭ്രമവും, ഇപ്രകാരമുള്ള രസങ്ങൾ മനസ്സിൽ നിറകയും.
374 അത്യുഗ്രം ഭയങ്കര വായുവുമോളങ്ങളും_ ഉദധി കലക്കുമ്പോൾ വലയുംയാനപാത്രം.	374 എത്രയും ഭയങ്കരമായ കാററും ഓളങ്ങളും കടലിനെ കലക്കുമ്പോൾ കപ്പൽ എളകും.
375 അദ്രിസമാനമായ പൊക്കത്തിന്മേലറകയും_ പാതാളത്തോളമുടനിറങ്ങുകയുമൂർമ്മി.	375 മലയ്ക്കുശരിയായ പൊക്കത്തിൽ കേറുകയും, ഉടനെപാതാളത്തോളമിറങ്ങുകയും, ഓളങ്ങൾ_
376 പോതത്തിലടിക്കയും പാമരം പൊട്ടുകയും_ മാർഗ്ഗം കൂടാതെയങ്ങോട്ടുമിങ്ങോട്ടുമോടുകയും.	376 കപ്പലിന്മേലടിക്കയും പാമരം പൊട്ടുകയും, വഴികൂടാതെ അങ്ങോട്ടുമിങ്ങോട്ടുമോടുകയും (ചെയ്യുന്നു.)
377 നരകവാസിയുടെ മാനസേ നാനാരസ_ഗരങ്ങളതുപോലെ നാനാരസങ്ങൾ തന്നെ.	377 നരക വാസിയുടെ മനസ്സിൽ (മുമ്പിൽ) അനേക വിധത്തിലുള്ള ഇഷ്ടങ്ങൾ അനുഭവിച്ചതുപോലെ (ഭീതിയും മററും) നാനാപ്രകാരമുള്ള രസങ്ങൾ ഭവിക്കും.
378 അതിനാലനുകൂലം നാശമെന്നറിഞ്ഞാലും_ ശക്തനാം വില്ലാളിയാൽ പ്രഹിതമായശരം.	378 അതിനാൽ അനുകൂലമുണ്ടാകയില്ലെന്നറിഞ്ഞുകൊൾക. ശക്തനായ വില്ലേവുകാരനാൽ എയ്യപ്പെട്ട അമ്പ്_
379 സത്വരം ലക്ഷ്യ പ്രതിയുഴറുന്നതു പോലെ_അന്തകാരനത്തോടു രഞ്ജിച്ചു സന്തോഷിപ്പാൻ.	379 ഉടനെ ലാക്കിനെ നോക്കി പാഞ്ഞെത്തുംവണ്ണം അന്തകാരണം (അതായതു മാനുഷന്റെ ഗതിയാകുന്ന ദൈവത്തോടു) ചേർന്നുകൊണ്ടു സന്തോഷിപ്പാൻ_

നരകപർവ്വം.

380 അതീവ മനോര സം ചേതസി ധരിച്ചീടും_ നിഷ്ഫല സാദ്ധ്യമതു ദുഃഖ കാരണമത്രെ.

381 അഫലം പ്രതി സർവ്വമംഗല ത്യാഗമൂലം_ അത്യാർത്തം പ്രസൂതിജം മ നസി ഭവിച്ചീടും.

382 ഇതെല്ലായിലും ശ്രേഷ്ഠനരകമിതുതന്നെ _ തനിക്കു ലാഭമായ രത്നങ്ങ ൾ നിറഞ്ഞുള്ള.

383 യാനപാത്രങ്ങൾ ചെട്ടി താൻകണ്ടു നില്ക്കു ന്നേരം_ മരുൽക്കോപത്താൽ മുങ്ങിസ്സമുദ്രേ താഴമ്പൊഴെ

384 ധരിക്കുമാത്തിയ തിനസാര രൂപമുള്ള_ നര ക ചേതസ്സികലുള്ളൊരു പ്രസൂതിജം.

385 വജ്ജിത ഗുണ ത്തോടു സമാനം നിരുപ മം_സങ്കടമെന്നു ബുദ്ധ്യാ നിശ്ചയിച്ചുറക്കേണ്ടു.

386 എങ്കിലീ ദുഃഖഭയം മനസി ധരിച്ചിട്ടു_ ധമ്മമാ ഗ്ഗത്തിൽ നടന്നാനന്ദം പ്രാ പിപ്പാനായ്.

387 ഭൂമർത്ത്യർ ശ്രമി ക്കുകിൽ ബോധമുള്ളോനാ യീടും_ നരകദുഃഖം പറ ഞ്ഞവണ്ണമെന്നാകിലും.

പൊരുൾ.

380 അധികമായ മനോരസം മ നസ്സിൽ ധരിക്കും നിഷ്ഫലമായ ആ സാദ്ധ്യം ദുഃഖത്തിന കാരണമത്രെ.

381 ഫലമില്ലാത്തതിനെക്കുറിച്ചു സർവ്വ നന്മകളുടെയും ഉപേക്ഷ നിമി ത്തം ഏററവും അതി വേദന മന സ്സിൽ സംഭവിക്കും.

382 ഇതെല്ലായിലും വലുതു നര കം ഇതു തന്നെ, തനിക്കു ലാഭമുള്ള മാണിക്കങ്ങൾ നിറഞ്ഞിരിക്കുന്ന_

383 കപ്പലുകളെ ചെട്ടി കണ്ടുനി ല്ക്കുന്ന സമയം കാററിന്റെ കോപ ത്താൽ കടലിൽ മുങ്ങിത്താഴമ്പോൾ_

384 (അവന്നു) സംഭവിക്കുന്ന ദുഃ ഖത്തിന്നു അല്പമായ രൂപമെയുള്ളൂ. ന രകവാസിയുടെ മനസ്സിങ്കൽ മനോദുഃ ഖം_

385 ഉപേക്ഷിക്കപ്പെട്ടഗുണത്തോ ടുതുല്യമുള്ളതാകുന്നു_ അതു ഉപായമി ല്ലാത്ത സങ്കടമെന്നു ബുദ്ധിയിൽ നി ശ്ചയിച്ചുറക്കേണ്ടിയിരിക്കുന്നു.

386 എങ്കിലൊ ഈ ദുഃഖത്തി ന്റെ ഭയം മനസ്സിൽ ധരിച്ചിട്ടു പു ണ്യ വഴിയിൽ നടന്നു മോക്ഷം നേടു വാൻ.

387 ഭൂമിയിലുള്ള മനുഷ്യർ ശ്രമി ക്കുമെങ്കിൽ ബുദ്ധിയുള്ളവനായിരിക്കും നരകത്തിലെ ദുഃഖം ഈവണ്ണമെന്നു പറഞ്ഞു എങ്കിലും_

നരകപർവ്വം

388 നരകം പ്രതിഗമിച്ചീടുന്ന മൂഢരേരം– അനേക ദേവന്മാരെയദിതിപുത്രന്മാരെ.

389 സേനാനി ഭൂതന്മാരെ ഭഗവതികളെയും– സദ്ദേവ നിന്ദയോടു സേവിക്കും ജനാവലി.

390 വേദസത്യങ്ങളോടു വിരോധമതും പൂണ്ട–സത്യവേദികളോടു പരിചമ്ഥിദുഷ്ടരും.

391 സത്യം വേളുസത്തിന്ന ചെയ്യുന്ന നീചക്കൂട്ടം– ദൈവത്തെ വഞ്ചിപ്പാനാസ്സുവേശൻ പ്രമാണിച്ച

392 ദിവസംകഴിക്കാതെ നടക്കും പാപിവൃന്ദം– മാതാപിതാക്കന്മാരെ എജമാനന്മാരെയും.

393 നീതിപോലാദരിക്കാത്തധമ ദുഷ്കൃതികൾ – വൈരധാരികൾ നരഹിംസകത്താക്കന്മാരും.

394 പരസ്ത്രീഗാമികളും രാഗചപലന്മാരും– ചോരന്മാരത്ഥാത്ഥമായപദേശദുഷ്ടരും.

395 ചൌര്യസഹായന്മാരുമനൃത സാക്ഷികളും– പരസ്ത്രീകാമം പൂണ്ട ദുരായുക്തന്മാരും.

396 പരസ്വവിഷയത്തിൽ സ്പൃഹയുള്ളവർകളും– അഹങ്കാരികളത്ഥതൃഷ്ണയാ ചപലരും.

പൊരുൾ.

388 നരകത്തിൽ പോകുന്ന വഴിക്കു നടക്കുന്നമൂഢന്മാരേറയുണ്ടു. മുപ്പത്തുമുക്കോടിയെന്ന അനേക ദേവന്മാരെയും

389 പടനായകന്മാരെയും രാക്ഷസന്മാരെയും ഭഗവതികളെയും സത്യദൈവ നിരാസത്തോടുകൂടെ ആരാധിക്കുന്ന ജനങ്ങളുടെ കൂട്ടവും.

390 വേദ സത്യങ്ങളോടു വിരോധമതത്തിൽ പ്രവേശിച്ചവരും സത്യവേദത്തോടു ശത്രുക്കളായ ദുഷ്ടന്മാരും.

391 കള്ളത്തിന്നു സത്യംചെയ്യുന്നനീചന്മാരുടെ കൂട്ടവും ദൈവത്തെ സ്തുതിപ്പാനായിട്ടു താൻ പ്രമാണിച്ച–

392 ദിവസം ശുദ്ധമായി കൊള്ളാതെ നടക്കുന്ന പാപികളും, മാതാപിതാക്കന്മാരെയും എജമാനന്മാരെയും–

393 നീതിപോലെ ബഹുമാനിക്കാത്തനീചന്മാരായ പാപികളും, വൈരാഗ്യം മനസ്സിൽ ധരിച്ചിരിക്കുന്നവരും മനുഷ്യരെ കൊല്ലുന്നവരും–

394 പരസ്ത്രീകളെ പ്രാപിച്ചു (പിഴച്ച)വരും മോഹ ചപലന്മാരും കള്ളന്മാരും ദ്രവ്യത്തെക്കുറിച്ചു ചതിവു ചെയ്യു ദുഷ്ടരും.

395 കളവിന്നു സഹായക്കാരും കള്ള സാക്ഷികളും അന്യ സ്ത്രീകളെ മോഹിച്ചുകൊണ്ടു ദുരാശവച്ചു നടന്നവരും.

396 അന്യ ദ്രവ്യത്തിന്മേൽ ആഗ്രഹമുള്ളവരും അഹങ്കാരികളും ദ്രവ്യാഗ്രഹമുള്ള ചപലന്മാരും.

നരകപൎവ്വം

397 മോഹ പതിതന്മാരും പൈശൂന്യമുള്ളോൎക്കളും— അശന ശീലന്മാരും പാനമത്തരും പിന്നെ.

398 ഭൃശകോപികൾ മന്ദപാപികളിതിക്കൂട്ടം— മഴ വൎഷത്തിലേററം പെയ്യുന്നതുപോലെ.

399 ചുഴലിക്കാററുകൊണ്ടുപത്രങ്ങൾ വീഴുംവണ്ണം— ലോകമാനുഷർ സദാ വീഴുന്നു നരകത്തിൽ.

400 എങ്കിലൊ കൂട്ടരുണ്ടു സങ്കടം കുറഞ്ഞുപോ— മെന്നു ചൊല്ലീടും ചില ബോധരഹിതഭ്രാന്തർ.

401 സന്താപം കുറയുമൊ തീക്കനലേറുന്നേരം— മുള്ളുകളേറിയെന്നാൽ മുനകളേറുമത്രെ.

402 വളരനിസ്പന്മാരാൽ സാമൎത്ഥ്യവൃദ്ധിയുണ്ടൊ? തിഗ്മവൃദ്ധിയാൽ ശീതം ഭവിച്ചു വന്നീടുമൊ?

403 നന്നായി ജ്വലിക്കുമ്പോളത്യന്തം വഹ്നി തന്നിൽ— ഘൃതമിടുന്നതിനാൽ ദഹനൻ കെട്ടീടുമൊ?

404 ശത്രുക്കൾ വൎദ്ധിക്കുമ്പോൾ മത്സരംകുറയുമൊ? എന്നതുപോലെ നിത്യ നരക ഗത പാപി.

405 ജനമേറുന്നതിനാൽ സങ്കടമേറെയുള്ളു— എന്നാലും സമുദ്രത്തിലുള്ള നീരതൊക്കവെ.

പൊരുൾ.

397 മോഹ ദോഷം പിഴച്ചവരും, പൈശൂന്യമുള്ളവരും ഭക്ഷണ കൊതിയന്മാരും മദ്യപാനക്കാരും.

398 ഏററം കോപികളും മടിയന്മാരും ഇങ്ങിനെയുള്ള പാപികളുടെ കൂട്ടം വൎഷ കാലത്തിൽ മഴ ഏററം പെയ്യുന്നതുപോലെയും.

399 ചുഴലിക്കാററു കൊണ്ടു ഇലകൾ വീഴുംവണ്ണവും ലോകത്തിലെ മാനുഷർ എപ്പോഴും നരകത്തിൽ വീഴുന്നു.

400 എന്നാലൊ കൂട്ടരുണ്ടു, സങ്കടം കുറഞ്ഞുപോകും; എന്നു ബുദ്ധിയില്ലാത്ത ചില ഭ്രാന്തന്മാരു പറയും.

401 തീക്കനൽ ഏറുമ്പോൾ സങ്കടം കുറയുമൊ? മുള്ളുകളേറിയെന്നാൽ മുനകളും ഏറുകേയുള്ളു.

402 അധികദാരദ്ര്യപ്പെട്ടവരാൽ ശക്തി വൎദ്ധനയുണ്ടാകുമൊ? അത്യുഷ്ണ വൎദ്ധനയാൽ തണുപ്പുണ്ടായിവരുമൊ?

403 ഏററം നന്നായിട്ടു കത്തിജ്വലിക്കുമ്പോൾ തീയിൽ നൈ ഒഴിച്ചാൽ തീ കെട്ടുപോകുമൊ?

404 ശത്രുക്കൾ വൎദ്ധിക്കുമ്പോൾ മത്സരം കുറയുമൊ? എന്നതുപോലെ നിത്യനരകത്തിൽ പോകുന്ന പാപികൾ

405 കൂട്ടം ഏറുന്നതിനാൽ സങ്കടം ഏറുകേയുള്ളു. എന്നാലും സമുദ്രത്തിലുള്ള വെള്ളം ഒക്കെയും—

നരകപർവ്വം.	പൊരുൾ.
406 അന്ധ്യ കൂപത്തില്പ്പ കസ്സീടുവാൻ സാധിക്കിലും തരുപത്രങ്ങളെണ്ണി സംഖ്യ യെ യൊപ്പിക്കിലും.	406 മറകിണററിൽ പകരുന്നതി ന സാധിക്കിലും വൃക്ഷങ്ങളുടെ ഇല കളെ എണ്ണി സംഖ്യയെ കല്പിച്ചാലും
407 ഭൂരിസികതയിത്ര യെന്നളക്കുട്ടുകിലും—അസാ ദ്ധ്യം സാധിക്കിലും തല്പര മനോരത.	407 ഭൂമിയിലെ മണൽത്തരി ഇത്ര യെന്നു കൂട്ടിയാലും അസാദ്ധ്യമായു സാധിക്കാമെങ്കിലും ആനിത്യമായുള്ള
408 ദുസ്ഥല നരകാധി പറഞ്ഞൊപ്പിപ്പാൻ പണി അറിയും ക്ഷമിക്കുമ്പോൾ ക ണ്ടാൽ വിശ്വാസം വരും.	408 ദുർസ്ഥലമായ നരകത്തിലെ ആധി പറഞ്ഞൊപ്പിപ്പാൻ പ്രയാസം അതിനെ ക്ഷമിക്കുമ്പോൾ അറിയും. കണ്ടാൽ വിശ്വാസവും വരും.
409 പറഞ്ഞാലററം വ രം അനന്തമെന്ന മൂലം_ അറിവാൻ തക്കവണ്ണമല്ലം ഞാനറിയിച്ചേൻ.	409 പറഞ്ഞാലററം വരികയില്ലാ ത്തതായ കാരണത്താൽ അറിവാൻ തക്കവണ്ണം അല്പം ഞാൻ അറിയിച്ചു
410 അറിഞ്ഞീടരുതാ ത്തദുഃഖമ്മംക്ഷമിക്കുന്നേൻ_ സന്തതം ക്ഷമിക്കുന്നേനജ സ്രം ഖേദിക്കുന്നേൻ.	410 അറിഞ്ഞുകൊൾവാൻ വഹി യാത്ത ദുഃഖമ്മം ഞാൻ ക്ഷമിക്കുന്നേൻ നിത്യവും ക്ഷമിക്കുന്നേൻ. എപ്പഴും ദുഃഖിക്കുന്നേൻ.
411 സന്തതം വലയു ന്നേൻ ഹാ! പാപം!! മഹാ പാപം!!_ഇതി പറഞ്ഞശേ ഷം മറഞ്ഞു മഹാ പാപി.	411 എപ്പഴും വലയുന്നേൻ ഹാ!, പാപം!! മഹാ പാപം!!! ഇപ്രകാരം പറഞ്ഞ ശേഷം മഹാ പാപിയായവ ൻ മറഞ്ഞുപോയി.
412 ഇതികേട്ടവർ ഭയ മുത്തമ ഹൃദികൊണ്ടു_പരമ ഗുണമാർഗ്ഗഗമനമുറെച്ചിട്ടു	412 ഇപ്രകാരം കേട്ടവര് നല്ല ഹൃ ദയത്തിങ്കൽ ഭയം കൊണ്ടിട്ടു നല്ല ഗു ണമായ വഴിയിൽ നടപ്പാൻ ഉറച്ചു കൊണ്ടു
413 ദുരിതദ്വേഷം പൂ ണ്ടു നടന്നാർ യഥാകാമം_ എന്നാലും ഗുണാനുഗനെ ന്നൊരു മുനിവരൻ.	413 ദോഷങ്ങളെ അറച്ച് തൃപ്തി യോടുകൂടെ നടന്നുവന്നു എന്നാലും ഗു ണാനുഗൻ എന്നൊരുമുനി ശ്രേഷ്ഠൻ

നരകപൎവ്വം.

414 ചൊന്നതു കേട്ടു ബഹു ധൂപിതമനസ്സോടും_ നന്നായിച്ചിന്തിച്ചു തല്ക്കാരണമന്വെഷിച്ചാൻ.

415 സങ്കടമിത്ര ദോഷശിക്ഷയ്ക്കു നിയോഗിപ്പാൻ_ ഒന്നുകൊണ്ടവകാശം മനസ്സിത്തോന്നുന്നില്ല.

416 അന്നേരം വേദഗുരുവാകിയ തത്വബുധൻ_ മനസ്താപത്തെക്കണ്ടു ജ്ഞാനഗനെ നോക്കി.

417 തന്മൂലംചോദിച്ചപ്പോൾ പറഞ്ഞു ജ്ഞാനഗൻ_ അന്തോന നാഥൻ ദേവൻ കരുണാലയനെന്നു

418 ശാസ്ത്രികളെല്ലാവരും നിശ്ചലം പറയുന്നു_ അദലദയായുക്തനിങ്ങനെ ശിക്ഷിക്കുന്നു.

419 അല്പധീമാന്മാരായ മാനുഷർ പിഴക്കുന്നു_ ദോഷങ്ങളല്പ ക്ഷണംകഴിഞ്ഞിടുന്നവല്ലൊ.

420 ദുഷ്ക്രമനിത്യകാലമതിനുത്തരം താനും_ ഘോരം നിഷ്കരുണ വിധി ഗ്രഹിപ്പാനെളുതല്ല.

421 ധ്യാനിച്ചാലവകാശമ്മാനസെ കൊള്ളുന്നില്ല ഉത്തമനായ മുനിയിങ്ങനെ പറഞ്ഞപ്പോൾ.

പൊരുൾ.

414 പറഞ്ഞതു കേട്ടു ഏറ്റം തപിക്കപ്പെട്ട മനസ്സോടുകൂടെ നന്നായിട്ടു നിരൂപിച്ചു അതിന്റെ കാരണമന്വേഷിച്ചു.

415 ദോഷശിക്ഷയ്ക്കു ഇത്ര സങ്കടം നിശ്ചയിപ്പാൻ കാരണം ഒന്നുകൊണ്ടും മനസ്സിൽ തോന്നുന്നില്ല.

416 അന്നേരം വേദഗുരുവായ തത്വബോധൻ (എന്ന ഒരു മുനി) മനസ്താപത്തെ കണ്ടു ജ്ഞാനഗനെ നോക്കി.

417 അതിന്റെ കാരണം ചോദിച്ചപ്പോൾ ജ്ഞാനഗൻ പറഞ്ഞു അറുതിയില്ലാത്ത സൎവ്വേശ്വരൻതമ്പുരാൻ കരുണ നിറഞ്ഞവനെന്നു.

418 ശാസ്ത്രികളെല്ലാവരും നിശ്ചയമായിട്ടു പറയുന്നു. അന്തമില്ലാത്ത ദയയുള്ളവനായ (ദൈവം) ഇങ്ങിനെ ശിക്ഷിക്കുമൊ?

419 അല്പബുദ്ധിമാന്മാരായ മാനുഷർ പിഴക്കുന്നു. ദോഷങ്ങൾ അരക്ഷണംകൊണ്ടു കഴിഞ്ഞുപോകുന്നവല്ലൊ

420 അതിന്റെ ശിക്ഷ എന്നന്നേക്കുമായ നരകവേദനയല്ലോ ആകുന്നു. കരുണയില്ലാത്ത ഈ വിധി ഗ്രഹിച്ചുകൊൾവാനെളുപ്പമല്ല.

421 അതിന്റെ ന്യായമെന്തെന്നു ധ്യാനിച്ചാൽ മനസ്സിലടങ്ങുന്നുമില്ല, ഉത്തമനായ മുനി ഇങ്ങിനെ പറഞ്ഞപ്പോൾ_

നരകപർവ്വം

422 തത്വജ്ഞനായ തത്വബുധനരുളചെയ്തു- അനന്ത ദയാനിധി മംഗലാന്വിതൻ ദേവൻ.

423 സനയശാസ്താവയാൾ കൃപാ വാരിധി! താനം- കൃതദുഷ്കർമ്മങ്ങളെ ഈവണ്ണം ശിക്ഷിക്കിലും.

424 അതു ദോഷയോഗ്യത്തൊടൊക്കുന്ന ശിക്ഷയല്ല-സുകൃതയോഗ്യത്തെക്കാൾ സമ്മാനിക്കുന്ന ദേവൻ

425 ദുഷ്കൃതയോഗ്യാദല്പശിക്ഷകല്പിപ്പാനുള്ളു. ചൊന്നതു ഗ്രഹിപ്പാനായിക്കഥ കേട്ടാലും നീ.

426 ചിന്തിച്ചു കേട്ടാൽ തവ സംശയമൊക്കെ തീരും- സുകൃത കീർത്തിയോടു വാഴുന്ന രാജ്യത്തിങ്കൽ.

427 മുഷ്കരനൊരു നൃപൻ മൃഗയാവിവശനായ്- പരിവാരത്തെ വെടിഞ്ഞരണ്യേ നടക്കുമ്പോൾ.

428 ക്രൂരന്മാരായ ഹിംസ്രന്മാരുടെ കൂട്ടം കണ്ടു- ദുഷ്ടഭാവത്തോടവർ സുന്ദരമുഖിയൊരു.

429 യോഷയെ കെട്ടിക്കൊണ്ടു കാരുണ്യ ഹീനത്തോടു- ദൂഷിച്ചതിൻശേഷം താഴ്ചയേറിടുന്നൊരു.

പൊരുൾ.

422 പരമാത്മമറിഞ്ഞിരിക്കുന്നവനായ തത്വബുധൻ അരുളിച്ചെയ്തു. അറുതിയില്ലാത്ത മനോഗുണക്കാരനും നന്മസ്വരൂപിയുമായിരിക്കുന്ന തമ്പുരാൻ.

423 നീതിയോടുകൂടി വിധിക്കുന്നവനും കൃപയുടെ സമുദ്രവുമാകുന്നു. ചെയ്യുന്ന തിന്മകളെ ഈവണ്ണം ശിക്ഷിക്കുന്നു എങ്കിലും,

424 അത് ദോഷത്തിനു അവകാശിക്കുന്ന തക്ക ശിക്ഷയല്ല, പുണ്യത്തിന്റെ യോഗ്യതയെക്കാൾ അധികം ദൈവം സമ്മാനിക്കുന്നു.

425 ദോഷത്തിന്റെ യോഗ്യതയാൽ അല്പമായ ശിക്ഷ കല്പിക്കുമാറേയുള്ളു. ഈ പറഞ്ഞത് ഗ്രഹിക്കുന്നതിനുവേണ്ടി ഈകഥ നീ കേട്ടുകൊൾക.

426 സൂക്ഷിച്ചു കേട്ടാൽ നിന്റെ സംശയം ഒക്കെ തീരും. (അതാകുന്നതു) നല്ല കീർത്തിയോടുകൂടെ വാഴുന്ന ഒരു രാജ്യത്തിൽ-

427 ശക്തിപ്പെട്ട ഒരു രാജാവു നായാട്ടിനു പുറപ്പെട്ടു. മെയ്ക്കാവല്ക്കാരെ വിട്ടുംവെച്ചു കാട്ടിൽ നടക്കുമ്പോൾ-

428 ക്രൂരന്മാരായ കുലപാതകക്കാരുടെ കൂട്ടം കണ്ടു. അവർ ദുഷ്ടഭാവത്തോടുകൂടെ മുഖസൌന്ദര്യമുള്ള ഒരു.

429 സ്ത്രീയെ കെട്ടിക്കൊണ്ടു കരുണകൂടാതെകണ്ട് അതിക്രമിച്ചതിന്റെശേഷം താഴ്ചയേറുന്ന ഒരു.

നരകപൎവ്വം.

430. സുഷിരം തന്നിലിട്ടു വധിപ്പാനിഴെക്കുന്നു_ ഈ ദുഃഖംശ്രുത്വാ നൃപാധീശ്വരൻ തൃക്കണ്ണാൎത്തു.

431. രുദിതമിതെന്തെന്നു സൂക്ഷിച്ചുനോക്കുന്നേരം അധിക താപംകൊണ്ടു വിവശയായ സ്ത്രീയേ.

432. അധമ ചോരഗണം കൊല്ലുവാൻ ഭാവിക്കുന്നു_നൃപേശനിതു കണ്ടു രുധിരം പുരണ്ടിട്ടു്.

433. രൂപവിഹീനസ്ത്രീയെ ദയയാ തൃക്കണ്ണാൎത്തു_ നിബ്ബന്ധം കാട്ടീടൊല്ല വധിച്ചീടരുതഹോ.

434. അബലയായവളെയയപ്പിനെന്നചൊന്നാൻ_നിഷ്ഫലം രാജ്ഞാവകതം പൂൎവ്വക്രൌൎയ്യത്തോടവർ.

435. ദുഷ്ടസ്വഭാവമുടൻ സാധിപ്പാൻ തുടങ്ങിയാർ_ അപ്പോളാദുഃഖംദുഷ്ടാപെണ്ണിനെ ത്രാണംചെയ്യാൻ.

436. കൃപയോടകക്കാമ്പിലുറച്ചു ക്ഷിതിപാലൻ_ ഭയോന ചേതസ്സോട്ടമേകനായിരിക്കിലും.

437. സംയുഗ സന്നദ്ധനായ്ചിണങ്ങി നൃപവീരൻ_ ഏകനത്യന്തനീച ദുൎജ്ജന സമൂഹവും.

പൊരുൾ.

430. ഗുഹയിലിട്ടുകൊല്ലുവാൻ വലിച്ചിഴക്കുന്നു. ഈ സങ്കടംകേട്ടു മഹാരാജാവു തൃക്കണ്ണാൎത്തു്.

431. ഈ കരച്ചിൽ എന്തെന്നു സൂക്ഷിച്ചുനോക്കുന്നസമയം അധിക സങ്കടംകൊണ്ടു പരവശമായിരിക്കുന്ന സ്ത്രീയെ.

432. നീചകള്ളന്മാര് കൊല്ലുവാൻ ഭാവിക്കുന്നു. രാജാവ് ഇതുകണ്ടു ചോരപുരണ്ടിട്ടു്.

433 മേനി ക്ഷയപ്പെട്ട സ്ത്രീയെ ദയയാൽ തൃക്കണ്ണാൎത്തു കാ! നിബന്ധം കാട്ടല്ലെ! കൊല്ലല്ലെ!!

434. സ്ത്രീയെ വിട്ടയപ്പിനെന്നു പറഞ്ഞു· (പക്ഷെ) രാജാവിന്റെ വാക്കു നിഷ്ഫലമായി· പൂൎവ്വദ്വേഷത്തോടുകൂടെ അവര്.

435. ഉടനെ ദുഷ്ടസ്വഭാവം സാധിപ്പാൻതുടങ്ങി. അപ്പോൾ ആ ദുഃഖം കണ്ടു പെണ്ണിനെ രക്ഷിപ്പാൻ.

436. മഹാരാജാവ് അനുഗ്രഹമായി ഉള്ളിൽകരുതി ഭയമില്ലാത്ത മനസ്സോടുകൂടെ ഏകനായിരിക്കിലും.

437. യുദ്ധത്തിന്നു നേരിട്ടുകൊണ്ടു രാജാവ് എത്തുന്നു. കരുവനം, മഹാനീചരായ ദുൎജ്ജനക്കൂട്ടവും.

നരകവധം.

438. തല്ക്കാല യുദ്ധമി
പ്പോൾ ചൊല്ലുവാൻ കാല
മില്ല_ധീരതാനിരുപമാ നൃ
പനും ഹിംസ്രന്മാൎക്കും.

439. പെരുപ്പംകൊണ്ടു
ബലം വളരുന്നറിഞ്ഞാലും
വലഞ്ഞു നരവരൻ മുറി
ഞ്ഞു തിരുമേനി.

440. ബലഹീനവും വ
ന്നുവെന്നാലുമ്മനസ്ഥിരം_
ഒട്ടുമേ കുറയാതെ സ്ത്രീയുടെ
രക്ഷാൎത്ഥമായ്.

441. ദുഷ്ടരെയൊഴിപ്പോ
ളം യുദ്ധത്തെയുറച്ചിട്ട്_നി
ൎമ്മലരാജഭാവം നിശ്ചയിച്ച
റിഞ്ഞിട്ട്.

442. സൂക്ഷിച്ചുനിജനാ
ശം മനസി ഭയന്ധരി_ച്ചു
ശേഷം വരായ്പാനായ്സുന്ദ
രാംഗിയെ വിട്ടു.

443. നൃശംസവൃന്ദമാ
ക്ഷ്മാവരവീൎയ്യവശാൽ_ഇ
ങ്ങനെ ശുഭാംഗിക്കു മംഗ
ലം ഭവിച്ചപ്പോൾ.

444. അങ്ങേക്കുമുറിവാ
ലെസന്താപംഭവിക്കാതെ-
നൃവരൻ സ്ത്രീരക്ഷകൊണ്ടേ
റവും പ്രസാദിച്ചു.

445. സേവകന്മാരും വ
ന്നു നൃപതിക്ഷതംകണ്ടു_സു
വിഷാദത്തോടവർകണ്ടു നി
ല്ക്കുന്നനേരം.

പൊരുൾ.

438. (തമ്മിലുണ്ടായ) യുദ്ധം ഇ
പ്പോൾ തല്ക്കാലം പറവാൻ സമയമി
ല്ല. പറഞ്ഞൊപ്പിക്കരുതാത്ത ധൈൎയ്യം
ആ രാജാവിന്നും കുലപാതകക്കാൎക്കും.

493. അധികമായതിനെക്കൊണ്ടു
ബലം ഏററം ഉണ്ടായി എന്നറിഞ്ഞു
കൊൾക. മഹാ രാജൻ വലഞ്ഞു തി
രുമേനി മുറിഞ്ഞു.

440. ബലക്ഷയംവന്നു എങ്കിലും,
മനസ്സിലെ ഉറപ്പ് ഒട്ടുംതന്നെ കുറയാ
തെ സ്ത്രീയുടെ രക്ഷക്കായി.

441. ദുഷ്ടരെ ഒഴിക്കുവോളം യുദ്ധ
ത്തിന്ന് ഉറച്ചിട്ട് (ഉള്ള) നിൎമ്മലനാ
യ രാജാവിൻെറ ഭാവം നിശ്ചയിച്ച
റിഞ്ഞിട്ട്.

442. സൂക്ഷിച്ചുനോക്കി മനസ്സിൽ
ഭയംപൂണ്ട് അവരുടെ നാശമശേഷം
വരാതിരിപ്പാനായിട്ടു സുന്ദരിയായ
സ്ത്രീയെ ഒഴിച്ച്.

443. ദുഷ്ടന്മാരുടെ കൂട്ടം ആ രാജാ
വിൻെറ വീൎയ്യംവഴിയായി (വിട്ട്) ഇ
ങ്ങിനെ സുന്ദരിക്കു രക്ഷകിട്ടിയപ്പോൾ.

444. അങ്ങേക്കുള്ള മുറിവുകളാൽ
സങ്കടമുണ്ടാകാതെ രാജാവ് സ്ത്രീയുടെ
രക്ഷകൊണ്ട് ഏററവും പ്രസാദിച്ചു.

445. സേവകന്മാരും വന്നു രാജാ
വിൻെറ മുറിവുകണ്ട് ഏററം വിഷാദ
ത്തോടുകൂടെ നോക്കി നില്ക്കുന്നനേരം.

നരകപവ്വം.

446 അവരോട്ടടൻ നൃപതിശപരനരുൾ ചെയ്തു എന്നുടെ ചോരകൊണ്ടു രക്ഷപ്പെട്ടവളുടെ.

447 സങ്കടം പോവാനെന്നെ ഭരിച്ചീടേണ്ടും യഥാ– തഥാവണ്ണംതന്നെയിപ്പോളിവളെ ഭരിക്കണം.

448 നൃവരൻ കല്പിച്ചപോൽ ഭൃത്യന്മാർ വഴിപോലെ– ക്ലേശിച്ചു ഭിഷക്കുകളേറിയ വൈദ്യങ്ങളും.

449 വിശേഷ ശ്രമത്തോടു വരുത്തി പിരിയാതെ–അവളെ നിരന്തരം സൂക്ഷിച്ചു നോക്കുന്നേരം.

450 ഭവിച്ചദുഃഖമെല്ലാമൊഴിഞ്ഞു ക്ഷതങ്ങളും– മനോവ്യാധിയും പൊറുത്തഴകുമുണ്ടായ്വന്നു.

451 വനിതാവിശേഷങ്ങളോരോന്നു ചോദിച്ചപ്പോൾ–നരപൻ ശുഭാംഗിക്കു രുഗ്ഭേദമെന്നുകേട്ടു.

452 സുരൂപം കേട്ടനേരം കാണണമെന്നുതോന്നി സുന്ദരിക്കലങ്കാര വസ്ത്രങ്ങൾ നിചോളങ്ങൾ.

453 രത്നാദ്യാഭരണങ്ങൾ സമ്പൂർണ്ണമാകുംവണ്ണം– നാരി മണ്ഡനത്തിന്നായ് സമോദം നൃപൻ നല്കി.

പൊരുൾ.

446 ഉടനെ മഹാരാജാവു അവരോടു അരുളിച്ചെയ്തു, എന്റെ ചോര കൊണ്ടു രക്ഷപ്പെട്ടവളുടെ–

447 സങ്കടം പോകുവാൻ എന്നെ രക്ഷിക്കുന്നതെങ്ങിനെ, അവ്വണ്ണം തന്നെ ഇപ്പോൾ അവളെയും രക്ഷിക്കണം.

448 രാജാവുകല്പിച്ചതുവണ്ണം ഭൃത്യന്മാര് വഴിപോലെ താല്പര്യപ്പെട്ടു ഏറിയ മരുന്നുകളും വൈദ്യങ്ങളും–

449 വിശേഷ ഉത്സാഹത്തോടു കൂടെ വരുത്തി പിരിയാതെകണ്ട് അവളെ എപ്പോഴും സൂക്ഷിച്ചു നോക്കുന്ന സമയം–

450 സംഭവിച്ച എല്ലാദുഃഖങ്ങളും തീൎന്നു മുറിവുകളുംമനക്ലേശവും പൊറുത്തു അഴകുമുണ്ടായിവന്നു.

451 സ്ത്രീയുടെ വിശേഷങ്ങൾ ഓരോന്നു ചോദിച്ചപ്പോൾ രാജാവു ആ സുന്ദരിക്കു രോഗംഭേദമായെന്നുകേട്ടു.

352 നല്ലരൂപമുള്ളവളായിരിക്കുന്നു എന്നു കേട്ടനേരം (അവളെതനിക്കു) കാണണമെന്നു തോന്നി, സുന്ദരിയായവൾക്കു അലങ്കാരവസ്ത്രങ്ങളുംമുഴുക്കുപ്പായങ്ങളും–

453 രത്നം മുതലായ ആഭരണങ്ങളുംസംപൂർണ്ണമാകുംവണ്ണം സ്ത്രീയുടെഅലങ്കാരത്തിന്നായിട്ട് സന്തോഷത്തോടു കൂടെ രാജാവു കൊടുത്തു.

നരകപർവ്വം	പൊരുൾ.
454 ഉരോഭൂഷണംശുഭ്ര മുത്തുകൾ പ്രവാളങ്ങൾ_ കർണ്ണാലങ്കാരങ്ങളും സ്വർണ്ണാഭരണങ്ങളും.	454 നെഞ്ചാഭരണങ്ങളും മുത്തുകൾ പവിഴങ്ങളും കാതു ചമയങ്ങളും പൊന്നാഭരണങ്ങളും.
455 കുണ്ഡലശിരോമണി നായകക്കല്ലുകളും_ ലലാടപ്രസാധനം മാണിക്യമുക്താവലി,	455 കാതിലങ്ങളും മുടിമണിയും രത്നക്കല്ലുകളും നെററിക്കെട്ടും മാണിക്കമുത്തുമാലകളും.
456 താലപത്രങ്ങൾകാഞ്ചി പാദാംഗദങ്ങളിവ_ ഉല്ലലവിലോചനാ സുന്ദരി ചമഞ്ഞാപ്പോൾ,	456 കാതോലകളും അരഞ്ഞാണവും കാൽ ചിലമ്പുകൾ മുതലായതും (കൊടുത്തു ഇങ്ങിനെ) കണ്ണഴകുള്ളവളായ ഒരു സുന്ദരി ചമഞ്ഞപ്പോൾ_
457 രൂപസുരൂപമുണ്ടായെന്നത്രെ പറയേണ്ടു_ ഇത്ഥ്യലംകൃതാ കന്യാ നൃപസന്നിധൌ ചെന്നാൾ.	457 നല്ല രൂപ വടിവുണ്ടായെന്നത്രെ പറയേണ്ടു, ഇപ്രാരം അലങ്കരിക്കപ്പെട്ടകന്യക രാജസന്നിധാനത്തുങ്കൽ ചെന്നു.
458 ആ സ്ത്രീയെ കണ്ടു രാജൻ പുഷ്ടകൌതുകത്തോടും_ പ്രവരമനസ്സിങ്കൽ പ്രിയതാധരിച്ചുടൻ.	458 ആ സ്ത്രീയെക്കണ്ടുരാജാവു പൂർണ്ണസന്തോഷത്തോടു ശ്രേഷ്ഠതപ്പെട്ടമനസ്സിങ്കൽ പ്രിയം വച്ചു ഉടനെ.
459 അവളെ വേട്ടുപിന്നെ ഭരിച്ചു ചിരകാലം_ ചേടികൾ ദാസന്മാരും ധനധാന്യവുമവൾ_	459 അവളെ ഭാര്യയാക്കി പിന്നെ ഏറക്കാലം ഭരിച്ചു. (അതിൻെറ ശേഷം) വെള്ളാട്ടികളും വേലക്കാരും ധനധാന്യവും അവൾക്കുണ്ടായി.
460 ക്കുണ്ടായി സ്വരാജ്യം സ്വാധീനമായ കാലം സ്വാഗസാ സ്വവിനാശം വരുത്തി നീചനാരി.	460 ഇങ്ങിനെ രാജ്യം മുഴുവനും അവൾക്കു സ്വാധീനമായ സമയം തൻ കുററത്താൽ ആസ്ത്രീതനിക്കു നാശം വരുത്തി (അതായ്യ)
461 ഭാഗ്യപൂർണ്ണതയോടു സുഖിച്ചു വസിക്കുന്നാൾ പറഞ്ഞാൽ കഷ്ടമഹോ ദുശ്ശീല രാജപത്നീ.	461 ഭാഗ്യപൂർണ്ണതയോടുകൂടെ അവൾ വസിക്കുന്നനാളിൽ;കാപറഞ്ഞാൽ കഷ്ടം! ദുശ്ശീലമുള്ള രാജസ്ത്രീ.

നരകപർവ്വം.

462 മറന്നു ഭർത്താവി
നെ മറന്നു ജീവത്രാണം-
ഭൂപനെയുപേക്ഷിച്ചു ച
ണ്ഡാല രാജനുമായ്.

463 അപരാധയായ്മ
ഹാ പാപത്തിലകപ്പെട്ടു-
ഏതെല്ലാം ശിക്ഷയവൾക്കു
ചിത ശിക്ഷയാകും?

464 എന്തെന്നു മന
ക്കാമ്പിൽ തോന്നുന്നു മുനി
വര-ഭാര്യയാകൃതദോഷ മ
റിഞ്ഞു നരശ്രേഷ്ഠൻ.

465 പരിതാപം പൂണ്ടു
കൃത സദോഷത്തോടും- ദു
രിതഞ്ചിന്തിക്കുമ്പോൾ ശി
ക്ഷിപ്പാനറച്ചീടും.

466 നാരിയെ ഉള്ളസ്നേ
ഹം ശാസനം തടുക്കുന്നു-
നീതിമാൻ നരപാലൻ ദു
രിതം ക്ഷമിക്കുമ്പോൾ.

467 ഭീതിനീങ്ങീടുംപാ
പ നിർമ്മര്യാദയും വാച്ചും-
എങ്കിലൊ ഭയങ്കര പ്രതാ
പ ഭാവത്തോടും.

468 ദുഷ്കൃതഞ്ചെയ്യുസ്ത്രീ
യെ വരുത്തി തിരുമുമ്പിൽ
കണ്ടപ്പോൾ ദുഃഖപ്രിയ ഭ
ത്സന വാക്കുകളാൽ.

469 നാണിച്ചു നിർല്ല
ജ്ജയാ പതിതവർഷംപോ
ലെ-ഭീരു സ്ത്രീ കണ്ണീർവാ
ർത്തുമോഹിച്ചുവീണുപിന്നെ

പൊരുൾ.

462 ഭർത്താവിനെയുംമറന്നു ജീവര
ക്ഷയും മറന്നുരാജാവിനെയുപേക്ഷിച്ചു.
ചണ്ഡാളനായ കളിശയനക്കാരനുമാ
യിട്ടു.

463 (സ്നേഹത്തിലകപ്പെട്ടു) കുററ
ക്കാരത്തിയായി മഹാ പാപത്തിലക
പ്പെട്ടു. (അപ്പോൾ)ഏതെല്ലാം ശിക്ഷ
(കൊടുത്താലും) അവൾക്കു തക്കതായ
ശിക്ഷയാകും.

464 എന്തെന്നു മുനിശ്രേഷ്ഠാ! ത
നിക്കു മനസ്സിൽതോന്നുന്നു?ഭാര്യയുടെ
പ്രവൃത്തിദോഷം രാജാവു അറിഞ്ഞു-

465 മഹാ സങ്കടവുംപൂണ്ടു ചെയ്തു
തിന്മേൽദേഷത്തോടുകൂടെപാപത്തി
ന്മേൽ വിചാരിക്കുമ്പോൾശിക്ഷിക്കേ
ണമെന്നുറക്കും.

466 സ്ത്രീയെ ഉള്ള സ്നേഹം ശിക്ഷ
യെ തടുക്കുന്നു.നീതിമാനായ രാജാവു
ദോഷത്തെ ക്ഷമിക്കുമ്പോൾ.

467 ഭീതി നീങ്ങിപ്പോകും. പാപ
നിർമ്മര്യാദയ്ക്കു വളമാകയും ചെയ്യും.
ആയതിനാൽ ഭയങ്കരമായ പ്രതാപ
ഭാവത്തോടുകൂടെ.

468 ദോഷംചെയ്തു സ്ത്രീയെ തിരു
മുമ്പിൽവരുത്തികണ്ടപ്പോൾദുഃഖമായി
ട്ടും, പ്രിയമായിട്ടും, നിന്ദയായിട്ടുമുള്ള
(രാജ) വചനങ്ങളാൽ.

469 ലജ്ജയില്ലാത്തവൾ നാണി
ച്ചു വർഷം വീഴുന്നതുപോലെ കണ്ണീർ
ചൊരിഞ്ഞു.പിന്നെഭയമുള്ള(ആ)സ്ത്രീ
മോഹിച്ചുവീണു.

നരകപർവ്വം.

470 കരുണാചിത്ത നൃപതീശ്വരൻ ദുഃഖം ദൃഷ്ട്വാ കാരുണ്യം പൂണ്ടു ജായാ ദുഷ്കൃതം മറന്നുടൻ.

471 കാരണം പൂർവ്വപ്രിയമവളെയന്നു ചേർത്താൽ— കാരണപാപം വാത്സല്യാന്തരം വരുത്താതെ.

472 ഭാരിച്ചരാഗത്തോടു സ്വപത്ന്യാശ്ലേഷംചെയ്തു ഇങ്ങിനെയൊട്ടു ദിനം കഴിഞ്ഞു പരിഭ്രമം.

473 നീങ്ങിസ്ത്രീ രണ്ടാമതും മറന്നു ഭർത്താവിനെ— പതിയെപ്പിരിഞ്ഞവൾ നടന്നു യഥാ കാമം.

474 മർത്ത്യേശനതു കാലം പൂർവ്വ താപത്തിലുപരം— ഭാരിച്ച പീഡയെന്നാർത്ത ഭാര്യയെത്യജിക്കേണം.

475എന്നതുക്രൌര്യന്തന്നെ തോന്നുന്ന ദയാ ചിത്തെ— പിന്നെയും ദോഷം കൃത നാരിയെ ഭേദിപ്പിപ്പാൻ.

476 ദൂതരെയയച്ചിട്ടു പാരിയെ വിളിപ്പിച്ചു— കൃതാഘം ഉപേക്ഷിക്കുകിൽദോഷത്തെ ശിക്ഷിക്കാതെ.

477 ചെയ്യുന്നും പൊറുത്തീടാമെന്നതും ചൊല്ലിവിട്ടാൻ— എതുമെ ഫലിച്ചില്ല നാരി കുത്സിതയവൾ.

പൊരുൾ.

470 അനുഗ്രഹഹൃദയമുള്ള രാജാവു ഈ ദുഃഖം കണ്ടു ദയവു തോന്നി ഭാര്യയുടെദോഷത്തെ മറന്നു,

471 മുമ്പുണ്ടായ സ്നേഹം കാരണത്താൽഅവളെ അന്നു (തന്നോടുകൂടി) കൈക്കൊണ്ടു മുമ്പിലത്തെദോഷംസ്നേഹത്തിന്നന്തരംവരുത്താതെയുമായി

472 ഏറ്റം സ്നേഹത്തോടുകൂടെ തന്റെ ഭാര്യയെ പിടിച്ചു തഴുകി, ഇങ്ങനെ കുറെനാൾ ചെന്നപ്പോൾ (മുമ്പുണ്ടായ) പരിഭ്രമം,

473 വിട്ടു സ്ത്രീരണ്ടാമതും ഭർത്താവിനെമറന്നുഅവൾ തന്റെ പുരുഷനെ വിട്ടു കാമത്തിന്നൊത്തവണ്ണംനടന്നു.

474 അപ്പോൾരാജാവു മുമ്പത്തെ സങ്കടത്തെക്കാൾ അധികംസങ്കടപ്പെട്ടുകൊണ്ടുഭാര്യയെ ഉപേക്ഷിക്കേണം,

475 (എന്നുനിനച്ചു) പക്ഷെ അതു തെല്ലുകഠിനമാകുന്നുഎന്നുംമനസ്സിൽ (തോന്നി) പിന്നെയും ദോഷം ചെയ്ത സ്ത്രീയെ ദുർവഴി വിടിപ്പാൻ,

476 ദൂതന്മാരെ അയച്ചു അവളെ വിളിപ്പിച്ചു, ദോഷപ്രവൃത്തി ഉപേക്ഷിക്കുമെങ്കിൽ ദോഷത്തെ ശിക്ഷിക്കാതെ (യിരിക്കാമെന്നും)

477 ചെയ്യുന്നു പൊറുക്കാമെന്നുംപറഞ്ഞയച്ചു, ഒന്നും ഫലിച്ചില്ല. പിന്നെയൊ നിന്ദിക്കപ്പെട്ടവളായ ആ സ്ത്രീ—

നരകപവ്വം	പൊരുൾ
478. കുത്സിച്ചുനൃപേന്ദ്രനെ യെന്നതു തന്നെയല്ല- നൃസിംഹനൊരു ദിനനഗരിക്കെഴുന്നെള്ളി.	478. രാജാവിനെ നിന്ദിച്ചു എന്നതു തന്നെയല്ലാമഹാരാജാവു ഒരുദിവസം നഗരിയിലേക്കു എഴുന്നെള്ളി,
479. അപ്പോൾ രഹിത ലജ്ജാ സ്ത്രീ ജാരനോടുകൂടെ—സ്വപതി സന്നിധിയിൽദുരിത കർമ്മഞ്ചെയ്തു.	479.അപ്പോൾലജ്ജയില്ലാത്ത സ്ത്രീ കള്ളപ്പുരുഷനോടുകൂടെ! തന്റെ ഭർത്താവിന്റെ മുമ്പാകെവച്ചു ദോഷപ്രവൃത്തിചെയ്തു,
480 മുഷ്കര നൃപശ്രേഷ്ഠൻ ധിക്കാരം ദർശിച്ചുടൻ— ദ്വേഷിച്ചു മഹാ പാപമനന്ത ക്രോധംപൂണ്ടു.	480. മുഷ്കരപ്പെട്ട മഹാരാജാവുംഈ ധിക്കാരം കണ്ടു ഉടനെ ഈ മഹാപാപത്തിന്മേൽ ദ്വേഷിച്ചു് അറുതിയില്ലാത്ത അരിശം തോന്നി,
481. ദുഷ്കൃതം യഥാസ്ത്രീയെ ശിക്ഷിപ്പാനറച്ചിട്ടു നിഷ്ഠുര ഭാവമോടുശസ്ത്രശൂലാഗ്നി കശ.	481. അവ്വണ്ണം ദോഷം ചെയ്ത സ്ത്രീയെ ശിക്ഷിപ്പാനറച്ചുകൊണ്ടു നിഷ്ഠുര ഭാവത്തോടു കൂടെ അമ്പു, തീ, ശൂലം, ശമ്മട്ടി, (എന്ന)
482. ദുഷ്ക്രമകരുവൊക്കെക്കൂട്ടുവാനരുൾ ചെയ്തു കേട്ടിതു ഗുണാനംഗനാശ്ചൎയ്യമെന്നു ചൊന്നാൻ.	482.ദുഷ്ടപ്പെട്ടകരുവുകളൊക്കെ ചട്ടമാക്കുവാൻ കല്പിച്ചു. ഇതുകേട്ടു ഗുണാനംഗനായ (മുനി) ആശ്ചൎയ്യം! എന്നുചൊല്ലി,
483. കടുക്കമെററ ശിക്ഷാകാരണം തിരിഞ്ഞിപ്പോൾ അന്ന്യന ന്യായമിതു സംശയമൊക്കെ നീങ്ങി.	483.കടുക്കമില്ലാത്തശിക്ഷയുടെ കാരണം ഇപ്പോൾ തിരിഞ്ഞു, ഇതു കുറവില്ലാത്ത നീതിയാണ്,സംശയമൊക്കെയും തീൎന്നുപോയി
484. എന്നാലു മവൎക്കവൎക്കറിവാൻ തക്കവണ്ണം— സാമ്യത്തെ ത്തപോ നിധേ തിരിക്കേണമെ ഗുരോ!	484. എന്നാലുംഎല്ലാവൎക്കും അറിവാൻ തക്കവണ്ണം മുനിശ്രേഷ്ഠാ! മഹാഗുരുവെ!! ഈ സാമ്യത്തെ അങ്ങുന്നു തിരിച്ചുപറയണമെ!
485 എങ്കിലൊ മുനിവരൻ, കേട്ടാലും യഥാകാമം— സജ്ജന ഗുണത്തിന്നായ് ചൊല്ലുവാൻ മടിയില്ല.	485. അപ്പോൾ മുനിശ്രേഷ്ഠൻ(കല്പിച്ചു)മനസ്സുപോലെ കേട്ടുകൊണ്ടാലും സജ്ജനങ്ങളുടെ ഗുണത്തിന്നായിട്ടു പറയുന്നതിന്നു മടിക്കയുമില്ല.

നരകപർവ്വം.

486 സ്വജന്മം മുമ്പിൽ ചൊന്ന സുന്ദരി നാരിതന്നെ—ആശ മൂലവും ജന്മകത്തു ചാപല്യം കൊണ്ടു.

487 പിശാചു ബന്ധനത്തിലകപ്പെട്ടതു കാലം—വലഞ്ഞു ശത്രുക്രോധസാധനമാകമൂലം.

488 അപ്പലേററവും കൊണ്ടു ബഹുഘാതവുമേററ പാപകൃത്തു ജനം നിർദ്ദയമനസ്സോടും.

489 പ്രാപ്താപത്തുള്ളവളെ നരകേ താഴ്ത്തിടുവാൻ കോപ്പുകൂട്ടുന്ന നേരം സർവ്വേശനേക പുത്രൻ.

490 സല്പതി ധർമ്മ പതി സകല ഗുണ പതി—നിഖില ലോക പതി സൽഗുണ പ്രജാപതി.

491 അഖില ജന പതി സർവ്വൈക പതി വേദ—പതി സർവ്വജ്ഞൻ വിഭ്രുൻ കൂടസ്ഥൻ നിരുപമൻ.

492 അനന്തോന ഗുണനിധി കരുണാംഗാധാംബുധി സൃഷ്ടിപാലന നാശനങ്ങൾക്കമേക പതി.

പൊരുൾ.

486 മുമ്പിൽചൊല്ലിയ സുന്ദരസ്ത്രീയെന്നതു മാനുഷവർഗ്ഗം തന്നെ, ആശനിമിത്തമായി ആദിമാനുഷന്റെ പിഴകൊണ്ടു,

487 പിശാചിന്റെ അടിമയിലകപ്പെട്ട ആ സമയം (ആ) ശത്രുവിന്റെ കഠിനത്തിന്നു തക്ക സാധനമായി തീരുക നിമിത്തം വലഞ്ഞു,

488 വളരെ ദുഃഖവുമുണ്ടായി ഏറിയ മുറിവുമേററ പാപഞ്ചെയ്തു ശത്രുക്കളായ ജനം കരുണയില്ലാത്ത മനസ്സോടു,

489 ആപത്തുകളിലകപ്പെട്ടവളെ! നരകത്തിൽ താഴ്ത്തിക്കളവാൻ(എന്നപോലെ) കോപ്പു കൂട്ടുന്നനേരം സർവ്വേശ്വരൻതമ്പുരാന്റെ ഏക പുത്രൻ,

490 നല്ല കർത്താവുംധർമ്മരാജാവും സകല നന്മയുടെ നാഥനും സകല ലോകനാഥനും സൽഗുണമുള്ള നരപതിയും,

491 എല്ലാ ജനങ്ങളുടെ ഉടയവനും എല്ലാററിന്നും ഏകനാഥനും വേദനാഥനും സർവ്വവും അറിഞ്ഞിരിക്കുന്നവനും നിർമ്മലമുള്ളവനും, ഇളക്കമില്ലാത്തവനും ഉപമയില്ലാത്തവനും,

492 അന്തമില്ലാത്ത ഗുണത്തിന്റെ നിക്ഷേപവും, കരുണയുടെ ആഴക്കടലും, സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്കു ഏക പതിയും.

കേരള സാഹിത്യ അക്കാദമി

നരകപവ്വം	പൊരുൾ
493 ശ്രേഷ്ഠനവ്യയൻ പരൻ അനാദി ദയാ നിധി_ അകാരണ കാരണൻ സ്വപതീനാം പതി	493 എകരപ്പെട്ടവനും അഴിവില്ലാത്തവനും, മുഖ്യനും, അനാദിയായി അനുഗ്രഹത്തിന്റെ കടലായിരിക്കുന്നവനും, തന്നാൽതാനായിരിക്കുന്നവനും,സകലപ്രഭുക്കളുടെ പ്രഭുവും.
494 സകല നാഥൻദേവൻതൻ ദുഃഖംതൃക്കണ്ണാൽ സേവക ജനം വെടിഞ്ഞരാതിവൃന്ദത്തോടും·	494 സകലത്തിന്റെ നാഥനുമായ തമ്പുരാൻ ഒരം ദുഃഖം തൃക്കണ്ണാൽ സേവകന്മാരുടെ കൂട്ടം വെടിഞ്ഞ ശത്രുഗണത്തോടു.
495 പ്രവിദാരണത്തിങ്കൽ പോക്കളം തന്നിൽ വീണു_ എന്നാലും ശത്രുജനം സ്വനാശത്തോടു തോററു.	495 യുദ്ധത്തിന്നായി യുദ്ധസ്ഥലത്തിൽ വീണും, അതിന്റെശേഷം ശത്രുജനം തന്റെ നാശത്തോടുകൂടെ തോററു.
496 മാനുഷ വഗ്ഗത്തിന്നു രക്ഷയുമുണ്ടായ്വന്നു_അകന്നു നാശങ്ങളുന്നരസൌഖ്യവും വന്നു.	496 മാനുഷവഗ്ഗത്തിന്നു രക്ഷയുമുണ്ടായ്വന്നു. നാശങ്ങളുമകന്നു. മാനുഷൎക്കു സൌഖ്യവും വന്നു.
497 അക്കാലം ദേവദാനഗുണങ്ങൾ ബഹുവിധം പ്രതിവാദിച്ചു ദേവൻ ത്രപാലങ്കാരാത്ഥമായ്.	497 ആ സമയം ദൈവത്തിന്റെ ദാനങ്ങളായ മനഗുണങ്ങൾ അനേകവിധത്തിൽ ത്രപ അലങ്കാരത്തിന്നായ്ക്കൊണ്ടു കത്താവു ദാനഞ്ചെയ്തു.
498 അതുകൊണ്ടലംകൃതാ കന്യകാ തെളിഞ്ഞുടൻ_ സുസ്നേഹ പാത്ര മിവളാകേണമെന്നു വന്നു.	498 അതുകൊണ്ടു അലങ്കരിക്കപ്പെട്ട കന്യക തെളിഞ്ഞു. അപ്പോൾ തന്റെ സ്നേഹത്തിന്റെ പാത്രം ഇവളാകേണമെന്നു കല്പിച്ചു.
499കന്യകൎക്കന്യസ്നിഗ്ദ്ധനരുതെന്നരുൾചെയ്തു സമ്മതമിരുവൎക്കും നന്നായിരമിക്കുന്നാൾ.	499 കന്യകൎക്കു അന്യ സ്നേഹിതരുണ്ടാകരുതെന്നു അരുളിച്ചെയ്തു. അവ്വണ്ണം ഇരുവൎക്കും സമ്മതമായി പാത്തിരിക്കുമ്പോൾ.
500 ദുമ്മതാ പരാപരപതിയെ ഉപേക്ഷിച്ചാൾ_ അവമാനമായ നരശത്രുവേയപേക്ഷിച്ചാൾ.	500 ദുമ്മദത്താൽ അവൾ പരാപരനായ ഭത്താവിനെ ഉപേക്ഷിച്ചു. ഹീനനായ മാനുഷ ശത്രുവെ സ്നേഹിച്ചു.

നരകപൎവം

501 സൎവ്വാനനേകന്നാളവളെ ഭേദിപ്പിച്ചിട്ടവമാനനായോഗ്യ സന്മാൎഗ്ഗേ നടക്കാതെ.

502 സൎവ്വദൃക്കാകും ദേവസന്നിധൌ കഷ്ടമഹോ! ഭീതി കൂടാതെ പിന്നെ ദുഷ്കൃതഞ്ചെയ്യുന്നേരം.

503 നീതിമാനായ ദേവൻ ശിക്ഷിപ്പാനാറച്ചീടും— നിന്ദിത മഹത്വം കൊണ്ടാഗസ്കൃല്പാപിയുടെ.

504 മാന ഹീനത കൊണ്ടും വൎദ്ധിച്ചീടുന്നു പാപം ദുരിത കൎമ്മം കൊണ്ടു നിന്ദിതനല്ലോ ദേവൻ.

505 പരമ പരാപരൻ സൎവ്വമംഗലാംബുധി— അനന്തനീശൻ പിന്നെ മാനുഷ നിന്ദാകാരി.

506 നിന്ദിത നിന്ദാകൃതോ വിശേഷം ദോഷമാനം അനന്ത ഭേദമിരുവൎക്കെന്നു നിശ്ചയമായ്.

507 എങ്കിലൊ പാപദോഷ മനന്തമെന്നു നൂനം ദുഷ്കൃതസമ ശിക്ഷ കല്പിപ്പാൻ ന്യായമുള്ളു.

508 ദോഷാനന്തത്വശിക്ഷാനന്തനത്വം ന്യായമത്രെ— അന്നേരം ജ്ഞാനാനുഗനാശ്ചൎയ്യപൂൎവ്വം ചൊന്നാൻ

പൊരുൾ.

501 സൎവ്വേശ്വരൻ അനേക നാൾ അവളെ ആ ദുൎവ്വഴിയൊഴിച്ചിട്ടു (നല്ലവഴിക്കു നടത്തുവാൻശ്രമിച്ചു പക്ഷെ) നിന്ദിക്കപ്പെട്ടവൾ നല്ലവഴിക്കു നടക്കാതെ.

502 സൎവ്വവും കണ്ടിരിക്കുന്ന തമ്പുരാന്റെ തിരുമുമ്പാകെവച്ചു ഹോ! കഷ്ടം! ഭയംകൂടാതെ പിന്നെയും ദോഷം ചെയ്യുന്ന സമയം.

503 നീതിമാനായ ദൈവം ശിക്ഷിപ്പാനറക്കമാറാകുന്നു. (ഇങ്ങിനെ നിന്ദിക്കപ്പെട്ടവനായ ദൈവത്തിന്റെ) മഹത്വം കൊണ്ടു ദോഷം ചെയ്യുന്ന പാപിയുടെ.

504 ഹീനത്വം കൊണ്ടും പാപം വൎദ്ധിക്കുന്നു. ദോഷപ്രവൃത്തി കൊണ്ടു (മാനുഷരാൽ)നിന്ദിക്കപ്പെടുന്നുവല്ലൊ

505 എല്ലാററിന്റെ പരാപരൻസൎവ്വനന്മകളുടെ കടലും നേരെയുള്ള നാഥനും (ദോഷപ്പെട്ട) മാനുഷരാൽനിന്ദിക്കപ്പെട്ടവനാകുന്നു.

506 നിന്ദിക്കപ്പെട്ടവന്റെയും നിന്ദചെയ്യുവന്റെയും (അവസ്ഥപോലെ) ദോഷത്തിന്റെ അളവ്. അപ്പൊഴെ ഇരുവരും തമ്മിൽ അറുതിയില്ലാത്ത ഭേദമുണ്ടെന്നു നിശ്ചയം.

507 എന്നതിനാൽ പാപമായ ദോഷം അറുതിയില്ലാത്തതെന്നും നിശ്ചയം. അപ്പോൾ ആ തിന്മക്കു സമമായ ശിക്ഷ കല്പിപ്പാനും ന്യായമുണ്ട്.

508 ദോഷം അറുതിയില്ലാത്തത് (എന്നവണ്ണം) ശിക്ഷയുംഅറുതിയില്ലാത്തതാകുവാൻ ന്യായം. അന്നേരം ജ്ഞാനാനുഗൻ മുമ്പെപ്പോലെ ആശ്ചൎയ്യം പറഞ്ഞു.

നരകപവ്വം.

509 തന്നുടെ വാക്യങ്ങ
ളാൽ വേദാത്ഥം പ്രകാശി
ക്കും_ സംശയംതീരും മ
നോവ്യാധിയു മകന്നുപോം.

510 സന്തത ദുഃഖം ശ്രു
ത്വാ മനസ്സും ഖേദം പൂണ്ടു
നിറഞ്ഞ വിഷാദവും സം
ഭ്രമം ചെറുതല്ല.

511 ഉറക്കം നീങ്ങി യ
ശനാശയു മകന്നുപോയ്_
നിമ്മല തവ വാക്കു കേൾ
ക്കുമ്പോൾ സുഖം വരും.

512 അന്തസ്സാപാന്ത
ത്തിന്നു ശീതളം കേൾപ്പി
ക്കുകിൽ-കഴിയുംദുഃഖം നര
കാഗ്നിയിൽ വീഴായ്പാനായ്

513 കഴിവെന്തുള്ളു ?
വെന്നെ ബോധിപ്പിച്ചീടേ
ണമെ! ഗുണാഢ്യം പ്രാപി
പ്പതിനെന്തൊരു മാഗ്ഗം ന
ല്ലു?

514 രണ്ടിതു സംക്ഷേ
പിച്ചു കേൾപ്പിച്ചീടണം
ഗുരൊ!_ തല്ക്കാലം തത്വ
ബുധൻ സാരസ്യമോടുചൊ
ന്നാൻ.

515 സകലേശായ ന
മഃ മമ ശരണം ദേവ_ സ
ത്വത്തെ ചൊല്ലുവാനും
ചേച്ചയിലൊപ്പിപ്പാനും.

516 തത്വം പഠിപ്പി
പ്പാനും സകലജ്ഞായ നമഃ
ആദ്യന്ത ഹീനൻ ലയമി
ല്ലാത്ത സവ്വേശ്വരൻ.

പൊരുൾ

509 തന്റെ വാക്യങ്ങളാൽ വേദ
സാരം പ്രകാശിക്കും. സംശയം തീരും
മനോവ്യാധിയുമകന്നു പോകും.

510 എപ്പോഴും ഉള്ള ദുഃഖത്തിന്മേൽ
(പറഞ്ഞു) കേട്ടതിനാൽ മനസ്സു ഖേ
ദംപൂണ്ടു വിഷാദവും നിറഞ്ഞ സംഭ്ര
മവുംഏറി.

511 ഉറക്കം നീങ്ങി, ഭക്ഷണത്തി
ന്നുള്ള ആശയുമകന്നുപോയി. ശുദ്ധമു
ള്ള നിന്റെ വാക്കു കേൾക്കുമ്പോൾ
സുഖം വരും.

512 മനോതാപത്തിന്നു ആശ്വാ
സം കേൾപ്പിച്ചെന്നാൽ ദുഃഖം കഴി
യും. നരകത്തിയിൽ വീഴാതിരിപ്പാൻ
വേണ്ടി_

513 കഴിവെന്തുള്ളുവെന്നു എന്നെ
ബോധിപ്പിക്കേണമെ. നന്മയുടെ ആ
ദികാരണമായിരിക്കുന്നവനെ പ്രാ
പിക്കുന്നതിന്നു എന്തൊരു വഴിനല്ലു?
(എന്നു)

514 ഇതു രണ്ടും ചുരുക്കമായി പ
റഞ്ഞു തരേണമെ ഗുരുനാഥാ! അ
ന്നേരം തത്വബുധൻ (എന്ന മുനി)
സാരാത്ഥമായി പറഞ്ഞു.

515 സവ്വേശ്വരന്നു സ്തുതി, എ
ന്റെ ശരണമായ ദൈവമെ! സത്വ
ഗുണത്തെ ചൊല്ലുവാനും ചേച്ചയി
ൽ കല്പിപ്പാനും.

516 പരമാത്ഥം പഠിപ്പിപ്പാനും
സകലവും അറിഞ്ഞിരിക്കുന്നവന്നാ
യ്ക്കൊണ്ടു സ്തുതി. ആദിയുമന്തവുമില്ലാ
ത്ത ലയമററ സവ്വേശ്വരൻ.

നരകപവം.	പൊരുൾ.
517 അദ്ധ്വഗന്മാരാം നരന്മാരെ സൃഷ്ടിച്ച കാലം_ സുഭാഗ്യപ്രാപ്തിക്കൊരു വഴിമറെറാന്നു പിന്നെ.	517 വഴിപോക്കരായ മാനുഷരെ സൃഷ്ടിച്ചനാളിൽ മോക്ഷ ഭാഗ്യ പ്രാപ്തിക്കു ഒരു വഴിയും, പിന്നെ മറെറാന്നു–
518 ദുർഭാഗ്യ ലാഭത്തിന്നു ഭവിച്ച വിധി വശാൽ അപഥം ത്യക്ത്വാ ശുഭമാർഗ്ഗേ ഗമനം തഥാ.	518 (അതായ്തു) ദുർഭാഗ്യത്തിന്റെ അനുഭവമായിട്ടു (ഇങ്ങനെ രണ്ടും) ഭവിക്കുമെന്നും വിധിച്ചു. അപ്പോൾ ദുർമ്മാർഗ്ഗ വഴി ഉപേക്ഷിച്ചു നല്ലവഴിക്കു നടക്കുരിന്നും പ്രമാണിച്ചു.
519 കല്പിച്ചു പരാപരൻ മാനുഷ ഗുണത്തിന്നായ്_ദുർബ്ബോധമുള്ള ജനംസന്മാർഗ്ഗമറിയാതെ.	519 മാനുഷഗുണത്തിന്നായിട്ടു പരാപരൻ (ആയ സർവ്വേശ്വരൻ) കല്പിച്ചു. (പക്ഷെ) ദുർബ്ബുദ്ധിയുള്ള ജനം നല്ലവഴി അറിയാതെ_
520 ദുർമ്മാർഗ്ഗേ നടന്നവരശ്രാന്തം വലയുന്നു_ അപഥത്യാഗം ചെയ്വാൻ തക്കമുറച്ചിട്ടു.	520 ദുർവ്വഴിക്കു നടന്നവര് നിത്യവും വലയുന്നു. ദുർമ്മാർഗ്ഗവഴി വെടിയുവാൻ അതിന്റെ ലക്ഷണമുറച്ചിട്ടു.
521 സല്പഥമറിവാനായ് സൂക്ഷിക്ക മുനി വര_ മുക്തി പ്രാപ്തിക്കുന്നരകാഗമത്തിന്നുമിതി.	521 നല്ലവഴി അറിവാനായി മുനിശ്രേഷ്ഠാ! (നീ) സൂക്ഷിക്ക, മോക്ഷ പ്രാപ്തിക്കും നരകത്തിൽ പോകുവാനും ഇങ്ങിനെ_
522 സൃതി രണ്ടെന്നുറനം മൂന്നാമതൊന്നുമില്ല_മുമ്പിലെ മാർഗ്ഗമതി വിസ്താരമുള്ള വഴി.	522 വഴിരണ്ടെന്നു നിശ്ചയം. മൂന്നാമതായി ഒന്നുമില്ല_മുമ്പത്തെത് ഏററം വിസ്താരമുള്ള വഴിയാകുന്നു.
523 ചിന്തിച്ചാൽ മനോഹരമെന്നത്രെ പറയേണ്ടു_ദുസ്സ്വരം വിനാ ഗീതഗാനങ്ങളതിൽക്കേൾക്കാം.	523 ചിന്തിച്ചാൽ മനോഹരമെന്നത്രെ പറയേണ്ടു_ചീത്തസ്വരം കൂടാതെ വാദ്യത്തോടുകൂടിയുള്ള പാട്ടുകളതിൽ കേൾക്കാം.
524 ഈപ്സിതം യഥാതത്ര സുഖിക്കും ഗാമികളും കാമ ക്രോധാദി ഗവ് ലോഭസാധനമെല്ലാം.	524 അവിടെ (ആ വഴിയിൽ) നടക്കുന്നവര് ഇഷ്ടംപോലെ സുഖിക്കും, മോഹം, കോപം, അഹങ്കാരം, ലോഭം, മുതലായതിനുള്ള സാധനം ഒക്കയും.

നരകപർവ്വം.

525 സമ്പൂർണ്ണമാകുംവർണ്ണമവിടെ ലഭിക്കുന്നു_ പുഞ്ചിരി പുത്തുമകൾക്രീഡകൾ ലീലകളും.

526 മാംസത്തിൻ ഭോഗങ്ങളുമാവഴി ലഭിക്കുന്നു_ ഇന്ദ്രിയജയംവിനാസ്വൈരമായ് നടന്നീടാം.

527 അനിഷ്ടമൊഴിച്ചീടാം പർവ്വതംകടക്കേണ്ട_അനായാസത്താൽ വഴി കീഴ്പ്പട്ടെ നടക്കേണ്ടു.

528 ഗമിപ്പാനരുതെങ്കിൽ സ്വസ്ഥനായ്പ്പാർത്തുതത്ര_ മാംസത്തിന്നുടെ കനംകൊണ്ടുടൻനിറഞ്ഞീടും

529 ബന്ധുക്കൾ പലരുണ്ടാം പ്രധാന രാജാക്കളും_ ജനപാലരും മഹാ മുഷ്കരമുള്ളോർകളും.

530 എന്തേറപ്പറയുന്നു ഭൂമിവാസികളൊക്കെ_ സുരൂപം നേത്രങ്ങൾക്കും ഗാനങ്ങൾ ശ്രോത്രത്തിന്നും.

531 സുരഭി ഘ്രാണത്തിന്നും ജിഹ്വക്കു രുച്യരസം_ത്വക്കിന്നു മൃദുത്വവുമവിടെ ഭവിക്കിലും.

532 ഇക്കേട്ടതിച്ഛിച്ചു നീയാവഴി നടക്കേണ്ട_ആദിയിൽ സുഖമുള്ളു പിന്നെയും ദുഃഖഭാഗം.

533 സ്വദേഹമനോരഥം സാധിച്ചല്പകാലേ_ നിന്മോഹം ലഭിപ്പാനായാത്മാവെക്കളയുകിൽ. 5 *

പൊരുൾ.

525 സമ്പൂർണ്ണമാകുംവർണ്ണമവിടെ ലഭിക്കുന്നു_പുഞ്ചിരിയും പുത്തുമകളും ക്രീഡകളും ലീലകളും.

526 മാംസത്തിന്റെ സൌഖ്യങ്ങളും ആവഴി ലഭിക്കുന്നു. ഇന്ദ്രിയങ്ങളുടെ ആശയെ അടക്കി ജയിക്കാതെ സ്വൈരമായി നടക്കാം.

527 അനിഷ്ടമൊഴിച്ചുകളയാം. മലകൾ കടക്കേണ്ട. പ്രയാസംകൂടാതെ വഴി കീഴോട്ടു നടക്കേവേണ്ടു.

528 നടപ്പാനരുതെങ്കിൽ സ്വസ്ഥമായി അതിൽ പാർത്താൽ മാംസത്തിന്റെ കനംകൊണ്ടു ഉടനെ നിറഞ്ഞുപോകും.

529 ബന്ധുക്കളായി പലരുമുണ്ടാകും. പ്രധാന രാജാക്കളും പ്രഭുക്കന്മാരും മഹാ മുഷ്കരമുള്ളവരും.

530 എന്തിന്നേറെ പറയുന്നു? ഭൂമിവാസികളൊക്കെയും കാഴ്ചയ്ക്കു കൌതുകവും കേൾവിക്കു ഇൻപവും.

531 മൂക്കിന്നു സൌരഭ്യവും നാവിന്നു രുചിയുമുള്ള രസവും തൊലിക്കു നേർമ്മയും അവിടെ കിട്ടുമെന്നാലും.

532 ഈ കേട്ടതാഗ്രഹിച്ചു നീ ആ വഴിക്കു നടക്കേണ്ടാ, തുടക്കത്തിൽ സുഖമുണ്ടാകും പിന്നെ ദുഃഖമാണ് വരുന്നതു.

533 നിന്റെ ശരീര ഇഷ്ടത്തിനു തക്കവണ്ണം അല്പകാലം നടന്നു നിന്റെ മോഹം നിറവേററുവാനായി ആത്മാവിനെക്കളയുന്നുവെങ്കിൽ_

നരകപൎവ്വം.

534 നിന്നോളം മൂഢനാരുമില്ലെന്ന ബോധിച്ചാലും_ സന്തതം ദുഃഖമനുഭവിക്കുമനന്തരം.

535 അത്യല്പം ദുഃഖം സഹിച്ചെപ്പൊഴും സുഖിപ്പാനായ്_ ശുദ്ധാത്മാവൊരിമ്പടും വിഷമമെന്നാകിലും.

536 ആദിയിൽ ദണ്ഡമെങ്കിലുടനെ കുറഞ്ഞീടും_ അന്തോനഭാഗ്യം പ്രാപിച്ചാനന്ദിച്ചീടുമഥ.

537 സന്മാൎഗ്ഗാവസ്ഥയിപ്പോൾ കേട്ടാലും ഗുണാനഗ_ മംഗലം സിദ്ധിപ്പാനായ് ദക്ഷിണഭാഗപഥി.

538 ഗമനന്തുടങ്ങുമ്പോൾ നദിയെക്കടക്കണം_ സ്വൎഗ്ഗംഗയുണ്ടെന്നുള്ള നിൎമ്മല സംസാരത്താൽ.

539 അജ്ഞാനമതമെന്ന സത്യമായിരിക്കിലും_ ഇജ്ജലമതിനൊക്കും സുജ്ഞാനപ്രദമിത.

540നൈൎമ്മല്യമിതിനേക മിതഘവിനാശനം ആമയമെല്ലാററിന്നും ശമനമായ തീൎത്ഥം.

പൊരുൾ.

534 നിന്നോളം മൂഢൻ ആരുമില്ലെന്ന അറിഞ്ഞുകൊൾക. (പിന്നെ ഒരു സ്ഥലമുണ്ട അതിൽ) എല്ലായ്പോഴും ദുഃഖം അനുഭവിക്കും. അതിന്റെ ശേഷം.

535 എത്രയും അല്പമായ സങ്കടം സഹിച്ച് എപ്പോഴും സുഖിപ്പാനായിട്ട വിഷമമാകുന്നവെങ്കിലും, ശുദ്ധാത്മാക്കൾ അതിന്ന പുറപ്പെട്ടും.

536 തുടക്കത്തിൽ ദണ്ഡം തോന്നുമെങ്കിലും ഉടനെ കുറഞ്ഞുപോകും.അറുതിയില്ലാത്ത ഭാഗ്യം പ്രാപിച്ച ആനന്ദിക്കും.

537 ഗുണാനുഗ! ഇപ്പോൾ സന്മാൎഗ്ഗത്തിന്റെ അവസ്ഥ കേട്ടുകൊൾക. മോക്ഷം കിട്ടുവാനായിട്ട വലത്തുഭാഗമായ നല്ല വഴി_

538 നടപ്പാൻ തുടങ്ങുമ്പോൾ നദിയെ കടക്കണം. സ്വൎന്നദിയുണ്ടെന്നുള്ള നിൎമ്മലമായ സംസാരത്താൽ_

539 അജ്ഞാന മതമെന്നു (തോന്നാം) സത്യമായിരിക്കുന്നവെങ്കിലും ഈ വെള്ളം അതിനൊക്കും. ഇതു നല്ല ജ്ഞാനം കൊടുക്കുന്നതാകുന്നു.

540 ഇതിന്ന ശുദ്ധതയേറും. ഇതു ദോഷങ്ങളെ ഇല്ലാതാക്കുന്നതാകുന്നു. എല്ലാ രോഗത്തിന്നും പൊരുതി വരുത്തുന്ന വെള്ളം.

നരകപർവ്വം.

541. ജ്ഞാനകാരണം സകലാരോഗ്യവഹാമൃതം– സ്നാനമവിടെ മുമ്പില്ക്കഴിപ്പി നദ്ധ്വഗന്മാർ.

542. എങ്കിലേ നടപ്പതിന്നുപായമുണ്ടായ്വരൂ– മംഗലജ്ഞാനസ്നാനം കഴിഞ്ഞോരനന്തരം.

543. അന്തരന്ധാന്തമായ ബോധപ്രകാശയുക്തം– നൈർമ്മല്യമേറും പ്രഭായുദിച്ചു വിളങ്ങീടും.

544. ദൂരദർശനത്തിന്നിതെത്രയുമുപകാരം– വിശ്വാസരശ്മിനാമമന്തരമതിനില്ല.

545. നിശയില്പകലിലും ശോഭിക്കുമൊരുപോലെ അന്തോനസൂര്യനിൽനിന്നുണ്ടായതതിനാലെ.

546. നിത്യാന്ധകാരനാശമെന്നുമസ്തമിച്ചീടാ– പ്രത്യക്ഷം സൂര്യപ്രഭായിതെന്നു നിനക്കേണ്ടാ.

547. മാർത്താണ്ഡനോടുകൂടെയപ്രഭാ നീങ്ങുമല്ലോ– അവ്യയ ശോഭയുക്ത സകലേശനിൽനിന്നു.

548. ഭവിച്ച നിമിത്തത്താലലയരശ്മിയിത– ഭുവനതമസ്സുകളശേഷംകളവാനായ്.

പൊരുൾ.

541. ജ്ഞാനത്തിന്നു കാരണവും ശക്തിവരുത്തുന്ന അമൃതവും (ആകുന്നു.) അവിടെ(അതായത് ആ നദിയിൽ) വഴിപോക്കരായവര് മുമ്പു കുളികഴിപ്പിൻ!

542. എങ്കിലെ നടക്കുന്നതിനു ശക്തിയുണ്ടാകയുള്ളൂ. മംഗലമായ മാമ്മോദീസാ കഴിഞ്ഞതിന്റെശേഷം.

543. ഉള്ളിലെ അന്ധകാരത്തിനെ നീക്കുന്നതായ ബോധപ്രകാശത്തോടു കൂടിയ ശുദ്ധതയേറുന്ന പ്രഭ ഉദിച്ചു വിളങ്ങും.

544. ദീർഘദർശനത്തിന് അത് എത്രയും ഉപകാരമുള്ളതാണ്. വിശ്വാസത്തിനുള്ള പ്രകാശം എന്ന നാമം പറയുന്നതിന്ന് ഒട്ടും കുറകയില്ല.

545. രാവിലും പകലിലും ഒരുപോലെ ശോഭിക്കും. അറുതിയില്ലാത്ത സൂര്യനിൽനിന്ന് ഉണ്ടായതിനെക്കുറിച്ച്.

546. നിത്യമായ കൂരിരുട്ടിനെ(നീക്കുന്ന ഈ പ്രഭ) എന്നും അസ്തമിക്കയില്ല. കാണ്മാൻ വശമുള്ള സൂര്യപ്രഭ ഇതാണെന്നു നിരൂപിക്കേണ്ട.

547. ആഭ സൂര്യനോടുകൂടെ നീങ്ങിപ്പോകുമല്ലോ? (എന്നാൽ ഇത്)കറയററ ശോഭയുള്ള സർവ്വേശ്വരനിൽ നിന്നു.

548. പുറപ്പെടുന്നതിനാൽ ലയമില്ലാത്ത പ്രകാശമിതാകുന്നു ഭൂമിയിലെ ഇരുട്ടുകളൊക്കെയും നീങ്ങുവാനായി.

നരകപൎവ്വം.

549. ഈവെളിവുദിപ്പിച്ചു കരുണാലയൻ ദേവൻ—വാസ്തവമറിവാനായ് ഹീനലോചനന്മാർപോൽ.

550. മൎത്ത്യന്മാർ പിണങ്ങിയും തപ്പിയുംനടന്നീടും—ഈ രശ്മിനോക്കിപ്പുണ്യാപുണ്യവുമറിയണം.

551. ധൎമ്മത്തെ സേവിപ്പാനായധൎമ്മംത്യജിക്കണം ഒന്നുകലുറച്ചു നീ രണ്ടിനെക്കാത്തുകൊണ്ട്.

552. സന്തതസുഖത്തിന്നായ് രണ്ടിനെ രക്ഷിക്കണം—മൂന്നു ശത്രുക്കൾ നാലാൽ തോല്പാൻ ഉത്സാഹത്തോടും.

553. ചിന്തയിൽ നാലവസ്ഥ സന്തതം ധ്യാനിക്കണം—അഞ്ചിനെ വശത്താക്കി സൂക്ഷിക്ക കോട്ടപോലെ.

554. ഉഴറിരന്ത്യമാമാറിൽ നിന്നകലുക—ഏഴിനെയേഴിൻവശാലുന്മൂലനാശം ചെയ്ക.

പൊരുൾ.

549. കരുണനിറഞ്ഞ തമ്പുരാൻ ഈ വെളിവിനെ ഉദിപ്പിച്ചു. നിശ്ചയമറിവാനായിട്ടു കുരുടന്മാൎക്കു തുല്യമായ.

550. വഴി പിണങ്ങിയും തപ്പിയും നടക്കുമാറാകുന്ന മനുഷ്യര് ഈ രശ്മി നോക്കി നന്മതിന്മകളെ അറിയണം.

551. പുണ്യംചെയ്യുന്നതിനായിട്ട് ദോഷത്തെ നീ ഉപേക്ഷിക്കണം. ഒന്നുകൽ(ആവശ്യമുള്ള കാൎയ്യം ഒന്നാകുന്നുവെന്ന് അരുളിച്ചെയ്തതിൽ) ഉറച്ച് രണ്ടിനെ (അതായത് ദൈവസ്നേഹത്തേയും പരസ്നേഹത്തേയും) കാത്തുകൊണ്ടും.

552. എപ്പൊഴും സുഖിപ്പാനായിട്ട് (മറന്പത്ത)രണ്ടിനെ രക്ഷിക്കണം. മൂന്നു ശത്രുക്കൾ (അതായത് ലോകം, പിശാച്, മാംസം) നാലാൽ (അതായത് വിവേകം, അടക്കം, നീതി, ആത്മശക്തി) തോല്ക്കുവാൻ ഉത്സാഹത്തോടുകൂടെ.

553. വിചാരത്താൽ നാലവസ്ഥ (അതായത് മരണം, വിധി, നരകം, മോക്ഷം)എപ്പൊഴും ധ്യാനിക്കേണം. അഞ്ചിനെ(അതായത് ഇന്ദ്രിയങ്ങളഞ്ചിനെ) വശത്താക്കി കോട്ടപോലെ സൂക്ഷിക്കണം.

554. ദുൎന്നാശമായിരിക്കുന്ന ആറിൽ (അതായത് ആറാംപ്രമാണത്തോടു മറുത്തുള്ള ദോഷത്തിൽനിന്ന്)ഉഴറി അകന്നുകൊൾക. ഏഴിനെ (അതാകുന്നത് തലപ്പെട്ട ദോഷങ്ങൾ ഏഴിനെ) ഏഴിൻെറ വശത്താൽ (അതാകുന്നത് എളിമ മുതലായ പുണ്യങ്ങളുടെ വശത്താൽ) വേരോടെ നശിപ്പിക്ക.

നരകപർവ്വം.	പൊരുൾ.
555. എട്ടിനെച്ചിന്തിച്ചുള്ളിൽ സാമോദം നടക്കുക_ കട്ടനാൾ ചെന്നാൽ നവ സംഖ്യയിൽ സുഖിപ്പാനായ്.	555. എട്ടിനെ (ഏവൻഗേലിക്കടുത്ത ഭാഗ്യങ്ങൾ എട്ടിനെ) നിരൂപിച്ച സന്തോഷത്തോടുകൂടെ നടക്ക. കട്ടദിവസം കഴിഞ്ഞ് ഒൻപതുവൃന്ദത്തോടുകൂടെ സുഖിപ്പാനായിട്ട്.
556. പത്തോടൊത്തീടും വണ്ണം രണ്ടിനെത്തികെക്കുക_ അതിനാൽ രണ്ടുകൊണ്ടൊന്നായിരിക്കാനം സുഖം.	556. പത്തോടൊക്കുംവണ്ണം രണ്ടിനെ തികക്കുക. അതിനാൽ രണ്ടുകൊണ്ട് ഒന്നായിരിപ്പാനം സുഖം (വരും)
557. തൽപ്രഭ കൊണ്ടു പിന്നെപ്പർവ്വതം കാണും യഥാ_ഉപരിഭാഗേഗുണ വൃക്ഷമെന്നറിഞ്ഞുടൻ.	557. അതിൻെറ പ്രഭകൊണ്ടു പിന്നെ മലയെ കാണുന്നപോലെ മേൽഭാഗത്തിൽ നല്ലവൃക്ഷം(നില്ക്കുന്നു)യെന്നറിഞ്ഞ് ഉടനെ.
558. തരുവിലുള്ള സസ്യം രസിക്കാനേറിക്കൊൾക_സുരസമുള്ളതിനാൽ ശക്തിവർദ്ധനമുണ്ടാം.	558. വൃക്ഷത്തിന്മേലുള്ള കനി രസിപ്പാനായിട്ടു കേറിക്കൊൾക. നല്ല രസമുള്ളതിനാൽ ശക്തിവർദ്ധനയുണ്ടാകും.
559. ഫലത്തിൻഫലം സതതാരോഗ്യമെന്നന്തനം ആലസ്യമൊക്കെ നീക്കും സമ്മോദം വളർത്തീടും.	559. ഫലത്തിൻെറ ഗുണം എപ്പഴും ആരോഗ്യമെന്ന നിശ്ചയം. ആലസ്യമൊക്കെ നീക്കും. നല്ല പ്രസാദം വർദ്ധിപ്പിക്കും.
560. തത്തരുവിൽ നിന്നൊരുശാഖയെ പ്രാപിക്കണം_അതു ദണ്ഡുപോൽതാങ്ങുമാലസ്യം വരുന്നേരം.	560. എന്ന ആ വൃക്ഷത്തിൽനിന്ന് ഒരു കൊമ്പിനെ പ്രാപിക്കണം. ആലസ്യമുള്ളനേരത്തുവടിപോലെ അതു താങ്ങുകയും ചെയ്യും (എന്ന ഇത്)
561. ശരണമതുകൊണ്ടു ശരണമതിനാഖ്യാ_ കൗർവ്വാന്തികത്തിൽ വസിച്ചീടുന്ന സാത്രപിയാം.	561. ശരണമാകകൊണ്ടു ശരണമെന്നതിനെ വിളിക്കുന്നു. സമുദ്രാഗ്നിയുടെ നടുവിൽ വസിക്കുന്ന സാത്രപിയായ.

കേരള സാഹിത്യ അക്കാദമി

നരകപർവ്വം.

562. ഉപവിയെന്ന നാ
മമയാളെ സേവിക്കടോ_
സദ്ഭാവ സപ്രഭാവിയുമുപകാ
രിയുംപിന്നെ.

563. ലോഭ ക്രോധാദി
ഹീനൻ കരുണാചിത്തന
യാൾ_അച്ചിതെ പഥി നി
ന്നെ നടത്തും പിഴക്കാതെ.

564. പർവ്വതമുകളിൽ
നിന്നിറങ്ങിയൊരുതാണ_
വീഥിയിൽ നിന്നുപാർപ്പു മ
ഞ്ജുളമുള്ള ദിശി.

565. ശീതളംകൊണ്ടു മ
നസ്താപങ്ങൾ തണുത്തിടും
ദുരുഷ്ണമൊക്കെക്കെട്ടു പോം
സുഖമുണ്ടായ്വരും.

566. സുരഭിയത ബഹു
പുഷ്പങ്ങൾ തത്രകാണും_സു
ജ്ഞാനിബഹുഗുണമവററി
ൽസൂക്ഷിച്ചിട്ടു.

567. സുജ്ഞാനപ്രസൂന
ത്തെയെടുക്കും മോദത്തോ
ടെ_ചൂടിടും ഘ്രാണിച്ചിടുമ
തിനാലജ്ഞാനവും.

568. മടിയു മഹംകൃതി
ബലഹീനങ്ങൾ പോകും_
സുജ്ഞാനഗുണവശാൽന
ശിക്കുമഹങ്കാരം.

569. അജ്ഞചിന്തകൾ
പരദൂഷണദോഷങ്ങളും_
സ്വവർഗ്ഗയോഗ്യവൃത്തിയെടു
പ്പാൻ തോന്നുമല്ലോ.

പൊരുൾ.

562. ഉപവിയെന്ന നാമമുള്ള അതിനെ നിങ്ങൾ സമ്പാദിക്ക. നല്ല ഗുണശീലമുള്ളവനും ഉപകാരിയുമാകുന്നു.

563. അയാൾ ശരസം കോപം മുതലായതില്ലാത്തവനും കരുണയുള്ളവനും (ആകുന്നു) പുണ്യമായ വഴികളെ നിന്നെ തെററുകൂടാതെ നടത്തും.

564. മലമുകളിൽനിന്നിറങ്ങി ഒരു താണ പന്തിയിൽവന്നു പാക്കാം. മനോഹരമായ ദിക്ക് (അതാകുന്നു.)

565. അവിടെ ശീതളംകൊണ്ടു മനോദുഃഖങ്ങൾ ആശ്വാസപ്പെട്ടുപോകും. ആകാത്ത ചൂടുകളൊക്കയും കെട്ടുപോകും. സുഖമുണ്ടായ്വരും.

566. സൌരഭ്യമുള്ള വളരെ പുഷ്പങ്ങൾ അപ്പോൾ കാണപ്പെടും. സത്യത്തെഅറിഞ്ഞിരിക്കുന്നവൻ അവററിൽ അനേകംഗുണങ്ങളെ സൂക്ഷിച്ചിട്ട്.

567. സുജ്ഞാനമെന്ന പുഷ്പത്തെ സന്തോഷത്തോടുകൂടെ എടുക്കും. തലയിൽ വയ്ക്കയും മണക്കയും ചെയ്യും. അതിനാൽ അജ്ഞാനവും.

568. മടിയും നിഗളവും ബലഹീനങ്ങളും പോകും. ആ നല്ല ജ്ഞാനത്തിൻെറ ഗുണത്താൽ അഹങ്കാരവും നശിക്കും.

569. അജ്ഞാനത്തിന്നടുത്ത വിചാരങ്ങളും അന്യരെ പറയുന്ന ദൂഷണങ്ങളും(തീർത്തിട്ട്)സ്വർഗ്ഗത്തിന്നുതക്ക തൊഴിൽ എടുപ്പാൻ തോന്നുകയും ചെയ്യുമല്ലോ.

നരകപവ്ം.	പൊരുൾ.
570 അവജ്ഞേയവും ദൂരെ വഞ്ജിക്കും നിന്ദയോടും ആദിശിയോട്ടദിനം വസിച്ചോരനന്തരം.	570 അവമാനത്തെ നിന്ദയോടു കൂടെ ദൂരെ വഞ്ജിച്ചു കളയും (എന്നു) ആദിക്കിൽ കട്ടനാൾ പാത്തതിന്റെ ശേഷം
571 മുദാസന്മാൎഗ്ഗശേഷം നടപ്പാൻ ക്ലേശിക്കെ ണ്ടു സങ്കടം ഭവിക്കുകിലൌഷധമുരചെയ്യാം.	571 സന്തോഷത്തോടുകൂടെ നല്ല(വഴിയിൽ വന്ന) ശേഷം (പാപത്തിൽ വീണാൽ അതിൽ തന്നെ) നടപ്പാൻ ക്ലേശിക്കെണ്ടാ. സങ്കടം വന്നു കൂടിയാൽ ഔഷധി പറയാം.
572 സകല വ്യാധികൾക്കും ശമനമായ മന്ത്രം- സ്വരീശ പരാപര സകല ഗുണാന്വിത.	572 സകല വ്യാധികൾക്കും പൊറുതി കൊടുക്കുന്ന ജപം (ആകുന്നത്) സകല ഗുണങ്ങളോടു കൂടിയ പരാപരനായ ദൈവമെ!
573 സൎവ്വസ്മാൽ പരം മയാസ്നിഗ്ധസ്ത്വം തതഃ കൃതം-ദുരിതം ദ്വിഷ്യാമ്യഹമായതിസ്സത്യവേദ.	573 സൎവ്വത്തേക്കാൾ ഏററവും എന്നാൽ നീ സ്നേഹിക്കപ്പെട്ടവാൻ (യോഗ്യനാകുന്നവല്ലൊ) ആയ്തുകൊണ്ടു ചെയ്തുപോയതും സത്യവേദത്തിൽ ഏററവും വഞ്ജിക്കപ്പെട്ടതുമായ പാപങ്ങളെ ഞാൻ ദ്വേഷിക്കുന്നു.
574 വഞ്ജിതം ത്വയാ സൎവ്വം വഞ്ജിഷ്യാമ്യഹം സദാ- ഈ മന്ത്രം ജപിച്ചുടനെനസാം സങ്കീൎത്തനം.	574 നിന്നാൽ ഉപേക്ഷിക്കപ്പെട്ടന്നവയെല്ലാം ഞാനും എപ്പൊഴും ഉപേക്ഷിക്കുന്നു. ഈ ജപം ചൊല്ലിയ ഉടനെ കുമ്പസ്സാരം.
575 പാപ്മാ ദ്വേഷണയുക്തം കഴിപ്പൂ മടിയാതെ- ആത്മരുക് ശമിച്ചീടും നീങ്ങിടും പാപാരുസ്സും.	575 പാപങ്ങളുടെ മേൽ വെറുപ്പോടുകൂടെ മടിയാതെ കഴിച്ചുകൊൾക. ആത്മരോഗവും ശമിക്കും പാപക്കുററവും നീങ്ങിടും.
576 ആമയം പൊറുത്തുപോമാരോഗ്യമുണ്ടായ്വരും- ഏകനായ്പ്പെരുവഴി നടന്നീടരുതെന്നു.	576 രോഗം പൊറുത്തു പോകും ആരോഗ്യമുണ്ടായ്വരും. ഏകനായിട്ടു പെരുവഴി നടക്കരുതെന്നു പറയപ്പെട്ടന്നുവല്ലൊ. എന്നാൽ പുണ്യവഴിക്കു-

നരകപർവ്വം.	പൊരുൾ.
577 ശങ്കയാലേകനാകിൽ പേടിക്കവേണ്ട വ്യഥാ_ ഏകനെന്നാലും ധർമ്മസുവഴി നടക്കണം.	577 ഏകനായാലും ശങ്കയാൽ വെറുതെ പേടിക്കേണ്ടാ. ഏകനായാലും നല്ല പുണ്യവഴിക്കു നടക്കണം.
578 ലോകസമൂഹത്തോടു കൂടവെ പിഴവഴി_ നടന്നാൽ ദോഷമുണ്ടു ദുർഗ്ഗതി വരും പിന്നെ.	578 ലോകത്തിലുള്ള കൂട്ടമൊക്കയോടും കൂടെ ദോഷപ്പെട്ട വഴിക്കു നടന്നാൽ ദോഷമുണ്ടു. പിന്നെ ദുർഗ്ഗതിയും വന്നുകൂടും.
579 പേടിയെന്നിയെ ധർമ്മ പന്ഥാവിൽ നടന്നീടാം_ ഏകനല്ലൊരിക്കലും സർവ്വേശൻ തുണയുണ്ടു.	579 (എന്നാൽ) നല്ലവഴിക്കു പേടികൂടാതെ നടക്കയും ചെയ്യാം. ഒരിക്കലും ഏകനല്ല സർവ്വേശ്വരൻ അവനു കൂട്ടുണ്ടു.
580 സുകൃത സേവികളുമാവഴി നടക്കുന്നു. ഏങ്കിലാ മാർഗ്ഗം ഗമിച്ചീടുന്ന സമൂഹാല്പം.	580 പുണ്യം ചെയ്യുന്നവരും ആവഴിയെ നടക്കുന്നു. എന്നാലൊ ആവഴിക്കു നടക്കുന്ന ചുരുങ്ങിയ കൂട്ടം.
581 സ്വംവിനാപരമാർത്ഥം ദുർബ്ബലം ഗർവ്വഹീനം ദീനരാമിതി വൃന്ദം കാണമ്പോളസാരന്മാർ.	581 ധനമില്ലാത്തവരും, പാരമാർത്ഥികളും, അശക്തന്മാരും, എളിമപ്പെട്ടവരും രോഗക്കാരുമാകുന്ന ഇങ്ങനെയുള്ളവരുടെ കൂട്ടം കാണുമ്പോൾ അസാരന്മാര (അവരാകുന്നു)
582 എന്നുറച്ചവരോടു സംസർഗ്ഗത്യാഗം തവ_ മനസ്സിൽ സ്ഥാപിക്കാതെ ദുർമ്മോഹന്ത്യജിയണം.	582 എന്നുറച്ചുകൊണ്ടു അവരോടു സംസർഗ്ഗത്തിന്നു വെറുപ്പു നിന്റെ ഉള്ളിൽ സ്ഥാപിക്കാതെ ദുർവ്വിചാരം ഉപേക്ഷിക്കണം.
583 നിർഗ്ഗുണൊ പൂർണ്ണമനിശ്രേഷ്ഠന്മാരവരെല്ലാം_ സൽഗ്ഗുണം പ്രതി ഗുണമസാരമുപേക്ഷിച്ചു	583 സൽഗ്ഗുണങ്ങളാൽ പൂരിക്കപ്പെട്ട മുനിവരന്മാരെല്ലാവരും പുണ്യത്തെ പ്രതി സാരമില്ലാത്ത ഗുണത്തെ ഉപേക്ഷിച്ചു

നരകപവ്വം

584 മോക്ഷ ലാഭാത്ഥം പൃഥിവ്യത്ഥം വ്യത്ഥമെന്നുറെച്ചിക്ഷിതിയിലെ രൂപ്യസ്വണ്ണാദി വജ്ജിച്ചിട്ട.

585 കാമക്രോധാദി ജയമധിക തപോബലം_ സ്വാമ്യപ വാസജപ മഹങ്കാര രാഹിത്യം.

586 പുണ്യ കമ്മങ്ങൾ കൊണ്ടു ശോഭിത സാരജനം_ പൂണ്ണാചാരെണ പുരസ്കരിച്ചു നടക്കണം.

587 പൂരിതഗുണജന ചരിത ദൃഷ്ടമൃഥാ_ ചരിത്ര പുണ്യത്തോടു ഗമിപ്പാൻ ശ്രമിക്കണം.

588 മടികൊണ്ടെങ്ങുമൊരു താമസമുണ്ടാകെണ്ട ഉണ്ടെങ്കിൽവൃത്തിദോഷകാരണം കീഴ്പ്പെട്ടുപോയ്.

589 അതീതമായ മാഗ്ഗം പിന്നെയും ഗമ്യമാകും_ കൃത്രിമതടിനിമേൽ മേല്പട്ടു പോകുന്നേരം.

590 തണ്ടുകളിളകാതെ പാക്കുമ്പോൾ യാനപാത്രം_ അണ്ണസ്സരണബലാലധസ്സാലൊഴുകീടും.

591 അതുപോൽ നടക്കാതെ നില്ക്കുമ്പോളകപ്പെട്ട_ ഗാത്രഭാരത്താലധഃ പാതിതൻഖേദിച്ചീടും.

592 ഇതെല്ലാം നിരൂപിച്ചു സതതവേഗത്തോടു_ ശത്രു മായയാൽ വലഞ്ഞീടാതെ നടക്കണം.

പൊരുൾ.

584 മോക്ഷഭാഗ്യം നേടുവാനായിട്ടു ഇഹലോക സമ്പത്തു സാരമില്ലാത്തതെന്നുറച്ച് ഭൂമിയിലെ വെള്ളി, പൊന്നുമുതലായതിനെ വെറുത്തിട്ട് —

585 മോഹം, അരിശം, മുതലായതിനെ ജയിച്ച് അധിക തപസ്സിന്റെ ശക്തിയും, ദൈവത്തെക്കുറിച്ചുള്ള ഉപവാസവും ജപവും, എളിമയും, (എന്ന)

586 പുണ്യ പ്രവൃത്തികൾ കൊണ്ടു ശോഭിക്കപ്പെട്ട പുണ്യവാന്മാരെ! കുറയറ്റ ആചരണയോടുകൂടെ വന്ദിച്ചു നടക്കണം.

587 അപ്രകാരം വന്ദിക്കപ്പെട്ട പുണ്യവാന്മാരുടെ ചരിത്രം കണ്ടു ആ പുണ്യനടപടിയോടു (ഒന്നിച്ചുനടപ്പാൻ) ശ്രമിക്കണം.

588 മടികൊണ്ടു എങ്ങും ഒരു താമസം ഉണ്ടാകെണ്ട. ഉണ്ടെങ്കിൽ പ്രവൃത്തിദോഷം മുഖാന്തിരം കീഴോട്ടുപോയി

589 കഴിഞ്ഞുപോയ വഴിയിൽ പിന്നെയും നടപ്പാനിടയാകും. ഒഴുക്കമുള്ള ആറുകളിന്മേൽ മേല്പോട്ടുപോകുന്നസമയം.

590 തണ്ടുകൾ ഇളക്കാതെ ഇരിക്കുമ്പോൾ വെള്ളം ഒഴുക്കിന്റെ ശക്തിയാൽ കീഴ്പോട്ടു ഒഴുകിപ്പോകും.

591 അതുപോലെ നടക്കാതെ നില്ക്കുമ്പോൾ അകപ്പെട്ട ശരീരഭാരത്താൽ താഴെ വീണവൻ ദുഃഖിക്കും.

592 ഇതെല്ലാം നിരൂപിച്ചു എപ്പോഴും വേഗത്തോടെ ശത്രുവിന്റെ ചതിവാൽ വലയാതെ നടക്കണം.

നരകപൎവ്വം	പൊരുൾ
593 വഴിയെന്നിയെനടന്നീടരുതൊരിക്കലും_ വഴിയെന്നിയെയുള്ളതൊക്കയും പിഴയാകും.	593 വഴിയല്ലാതെ ഒരിക്കലും നടക്കരുത. വഴിയല്ലാതുള്ളതൊക്കെയും ദോഷമാകുന്നു.
594 ആലസ്യം വരായ്യാനായ് സ്വഭാരം കളയണം_ കല്യവിനയത്തോടു ദേഹത്തെ രക്ഷിക്കണം	594 ആലസ്യം വരാതിരിപ്പാൻ വേണ്ടി തന്റെ ഭാരത്തെകളയണം, ശക്തിഅടക്കത്തോടുകൂടെ ദേഹത്തെ രക്ഷിക്കണം.
595 ധാത്ര്യാമീമനുഷ്യരിലനുകമ്പയും വേണം_സാധുത്വന്ധരിക്കണം ബുഭുക്ഷ ത്യജിക്കണം.	595 ഭൂമിയിൽ ഒരു മനുഷ്യരിൽ കൃപ ഉണ്ടായിരിക്കണം! സാധുത്വമുണ്ടാകണം, ഭക്ഷണാഗ്രഹം കളയണം.
596 ഇത്യാദി വൃത്തികളാൽസൽഗുണം ലഭിച്ചീടും സത്വരമുഗ്രമേരും പൎവ്വതം കാണായ്വരും.	596 ഇപ്രകാരമുള്ള പ്രവൃത്തികളാൽ പുണ്യം ലഭിക്കും. അപ്പോൾ ഉയരമേറുന്ന പൎവ്വതം കാണ്മാനിടയാകും.
597 അതിനഗ്രത്തിൽ രത്നം വിളയുംബഹുവിധം അതിലുൽകൃഷ്ടമണിരത്നങ്ങളിവയേഴും.	597 അതിന്റെ മുകളിൽ അനേകവിധംരത്നങ്ങൾ വിളയുന്നു.അതിൽ മാണിക്കരത്നം, മരതകം, എന്നവയേഴും (ഉണ്ടായിരിക്കുന്നു അതായതു)
598 അദ്ധ്യാത്മം ദേവഭീതി വിചാരമാത്മശക്തി ബോധവും സുജ്ഞാനവും ഭക്തിയുമെന്നിങ്ങനെ	598 ആത്മജ്ഞാനം, ദൈവപേടി, വിചാരം, ആത്മശക്തി, ബുദ്ധി, സത്യജ്ഞാനം, ഭക്തിഎന്നിങ്ങിനെ_
599 മംഗലമുടിമണി നായകക്കല്ലിൻകൂട്ടം_ മുൻപിലെക്കല്ലിന്നിറമാകാശവൎണ്ണന്തന്നെ,	599 മംഗല രത്ന മുടിയായ ഒരു നായകക്കല്ലിന്റെകൂട്ടത്തിൽമുമ്പിലെ കല്ലിന്റെനിറം ആകാശവൎണ്ണംതന്നെ
600 സൂക്ഷിച്ചു കാണുന്നേരം ഭൌമ്യവസ്തുക്കളൊക്കെ_ സ്വാമയത്തോടു കാണുന്നുംശുഭരഹിതമെല്ലാം	600 സൂക്ഷിച്ചുനോക്കുന്നേരം ലൌകിക വസ്തുക്കളെല്ലാം സ്വാമയുള്ള മയത്തോടു കാണുന്നവകൾ പുണ്യമില്ലാത്തവകളാകുന്നു.
601 സുമലയുക്തമഥ സുനിന്ദ്യമെന്നു തോന്നും_ഉത്തര ലോക പ്രകാശത്തിന്റെ പ്രതിമയും.	601 അവ്വണ്ണം ഏററം അഴക്കോടുകൂടിയും വളരെ നിന്ദിക്കപ്പെടുവാൻ തക്കതെന്നു തോന്നും! മേലോക പ്രകാശത്തിന്റെ പ്രതിമയും.

നരകപവ്വം.

602 അതിവമനോഹ
രമാം വണ്ണമതില്ലാണാം—
അദ്ധ്യാത്മ പ്രകാശത്താൽ
ശ്രേയസ്സിന്നറിവുണ്ടാം.

603 ബുദ്ധിയുന്തെളി
ഞ്ഞിട്ടും മാനസരസത്തോ
ട്ടും— ഉടനെനീലശുക്ലമിശ്ര
വണ്ണതാരത്നം.

604കണ്ടിട്ടുമുപകാരബ
ഹുതഗുണാവഹം. കൃഷ്ണ
വണ്ണത്താൽ നിത്യസന്താ
പജ്ഞാനം, ശുക്ലം.

605 വണ്ണത്താൽ ഗു
ണോത്തമസ്മരണമറിയുക—
ദേവഭീതിയാൽ രണ്ടും സ
ന്തതം ചിന്തിച്ചുനീ.

606 സപ്വസ്സുക്കളെല
ഭിച്ചീടുവാനൊരുമ്പെടും.
മൂന്നാമതാഭയേറം ദൂരസ്ഥ
മൊക്കെക്കാട്ടും.

607 എന്നസ്സും ഗുണ
ങ്ങളും തിരിച്ചിട്ടറിയിക്കം—
വിചാരംകൊണ്ടു രണ്ടും ന്ത
നമറിയാമെല്ലൊം.

608രുചിയേറന്ന വൈ
രമാണിക്കം നാലാംരത്നം—
ബലവുമെവണ്ണമേ യന്ത
നം നില്ക്കും സദാ.

609 തല്ലിയാലടിച്ചാലു
മനാശമാകുന്നതും— ആത്മ
ശക്തിയാത്സദാ നിശ്ചല
ഭാവം നില്ക്കും.

610 ഒന്നിനാലൊരു ഭ
യം മനസിഭവ്യമില്ല കണ്ണാ
ടിയെന്നപോലെ യനായാ
സത്താൽ, ജ്ഞാന—

പൊരുൾ.

602 ഏററവും മനോഹരമാംവ
ണ്ണം അതിൽ കാണാം. ആത്മജ്ഞാന
പ്രകാശത്താൽ സുകൃതത്തിന്നറിവു
ണ്ടാകും.

603 മനസ്സിന്റെ രസത്തോടുകൂ
ടെ ബുദ്ധിതെളിയും. ഉടനെ നീലയും
വെള്ളയും കൂടികലൎന്നിട്ടുള്ളതായ മ
ണിക്കരത്നം.

604 വളരെ ഗുണങ്ങൾ നിറഞ്ഞി
രിക്കുന്നതുകൊണ്ടു ഏററം ഉപകാരം
കാണും. കറുത്തവണ്ണത്താൽ നിത്യദുഃ
ഖമായ അറിവും വെളുത്ത—

605 വണ്ണത്താൽ ഉത്തമപുണ്യമാ
യ വിചാരവും തിരിച്ചറിയപ്പെടുന്നു
എന്നറിക. ദൈവ നീതിയാൽ എപ്പൊ
ഴും രണ്ടും നീ ചിന്തിച്ച്—

606 മോക്ഷ സമ്പത്തുകളെ ലഭി
പ്പാൻ ശ്രമിക്കും മൂന്നാമതു ഏററം പ്ര
ഭയേറുന്നതും ദൂരത്തിലുള്ളതിനെക്കൂടെ
യും കാട്ടുന്നതുമാകുന്നു.

607 ദോഷവുംഗുണവും കൈതി
രിച്ചറിയിക്കും. വിചാരംകൊണ്ടു ര
ണ്ടും യിശ്ചയമറിയാമെല്ലൊ?

608 നാലാം തരമായ വൈരമാ
ണിക്കം രുചിയേറുന്നതാകുന്നു. അവ്വ
ണ്ണംതന്നെ ബലവും എപ്പഴും നിത്യ
വുംനില്ക്കും.

609 തല്ലിയാലും അടിച്ചാലും നാ
ശം വരാതിരിക്കുന്നതും (ആയ)ആത്മ
ശക്തിയാൽ എപ്പഴും ഉറപ്പായ ഭാവം
നില്ക്കും.

610 ഒന്നിനാലും ഒരു ഭയംമന
സ്സിലുണ്ടാകയില്ല കണ്ണാടി എന്ന
പോലെ പ്രയാസംകൂടാതെ ജ്ഞാനം—

നരകപൎവ്വം.

611 കണ്ണിന്നു രൂപമെല്ലാം കാട്ടീടുമഞ്ചാം രത്നം— ബോധത്താലതൊക്കവേ പ്രത്യക്ഷ സിദ്ധമല്ലൊ.

612 ശുദ്ധമേറുന്ന സ്വൎണ്ണവൎണ്ണത്താലതിരുച്യം— ആറാം രത്നവും പിന്നെ ശോഭിച്ചീടുന്നു നൂനം.

613 ഏറിയ പ്രഭായുക്തം സുജ്ഞാന ഗുണമല്ലൊ ഉത്തരഫലത്തിന്റെ ലക്ഷണം ഹരിന്മണി.

614 ഭക്തിക്കു ദേവപ്രിയ ദാനമുത്തരമല്ലൊ— ഈ ഏഴു രത്നങ്ങളെക്കളഞ്ഞിടാതെ വച്ചാൽ.

615 നിയതഗുണമതു കൊണ്ടു കൊണ്ടീടാമല്ലൊ— അപ്പവിത്രത്തിൽനിന്നു സ്വൎല്ലോകമെത്തീടുവാൻ.

616 അല്പമാൎഗ്ഗമെയുള്ളു വൈഷമ്യമതിലേറും— ഈ വഴി ഗുണാനുഗ! ഉചിതമെന്നു ബുദ്ധ്യാ.

617 അവിരതമോദത്തെ പ്രാപിപ്പാൻ നടക്കണം— ആദിയിൽ ക്ലേശമേറും പിന്നെയും സുഖിച്ചീടും

618 മേദിനിസുഖങ്ങൾക്കു മുത്തരരസങ്ങൾക്കും— ഭേദമിതെന്നു ബോധിച്ചീടണം മുനിവര!

619 മേദിനി സുഖപ്രാപ്യം സത്വരമുരച്ചുപോം— പരലോകത്തിൽ രസമലഞ്ഞും രുച്യമല്ല.

പൊരുൾ.

611 കണ്ണിന്നു വസ്തുക്കളെയെല്ലാം കാട്ടും അഞ്ചാംതരം രത്നം, അതൊക്കെയും ബോധത്താൽ തെളിയപ്പെട്ടുമല്ലൊ?

612 ശുദ്ധമേറുന്ന പൊൻ നിറത്താൽ ഏറ്റവും അനുഗ്രഹം (വരുത്തുന്നതായ) ആറാംരത്നവും പിന്നെ ശോഭിച്ചുമിന്നുന്നു.

613 ഏറിയ പ്രഭയോടുകൂടിയ നല്ല ഗുണമുള്ളതാകുന്നതല്ലൊ— മോക്ഷഫലത്തിന്റെ ലക്ഷണമായ മരതകം—

614 ഭക്തിക്കു ദൈവ ഇഷ്ടമെന്നു ദാനം തക്കതാകുന്നെല്ലൊ? ഈ ഏഴു രത്നകല്ലുകളെ കളയാതെ വച്ചിരുന്നാൽ

615 നിത്യമായ ഗുണം അതു കൊണ്ടു വാങ്ങികൊള്ളാമെല്ലൊ? ആ പവിത്രത്തിൽ നിന്നു മോക്ഷത്തിൽ ചെല്ലുവാൻ

616 അല്പ വഴിയെയുള്ളു. വൈഷമ്യം ഏറ്റം ചുരുക്കം. ഈ വഴി ഗുണാനുഗാ! ഉചിതമായെന്നു ബുദ്ധികൊണ്ടു (വിചാരിക്ക)

616 ഒടുക്കം വരാത്ത സന്തോഷത്തെ പ്രാപിപ്പാൻ നടക്കണം. ആദ്യത്തിൽ ക്ലേശമേറും, പിന്നീടു സുഖം വരും.

618 ലോകസുഖങ്ങൾക്കും മോക്ഷസുഖങ്ങൾക്കും ഈ ഭേദമുണ്ടെന്നു ബോധിച്ചുകൊൾക മുനിശ്രേഷ്ഠാ!

619 ലോകത്തിൽ പ്രാപിപ്പാൻ തക്കസുഖങ്ങൾ ഉടനെ അറച്ചുപോകും. പരലോകത്തിൽ (ഉണ്ടാകുമെന്ന) സന്തോഷം കീഴിൽ രസിക്കാത്ത സൌന്ദൎയ്യമായുള്ളതല്ലൊ ആകുന്നു.

നരകപവ്വം.

620 നരന്മാരതിൽ ര
സം കൊള്ളുമ്പോൾ ദാഹ
മേറം_ എന്നിവയുറച്ചിട്ടു
സന്മാൎഗ്ഗ ജ്ഞാനത്തോടു.

621 സന്തതശ്രേയസ്സി
ന്നാശ്ലേഷാപ്പുകൂട്ടുകമുനെ_ ത
ദുക്ത്വാ തത്വബുധൻ നട
ന്നാന്യഥാ കാമം.

622 ഉദിതം ഗുണാനു
കൻ ബോധിച്ച വഴിപോ
ലെ_ മലത്തെക്കൊള്ളുവാ
നായ് സ്വൎണ്ണത്തെ നൽകും
മതി.

623 യില്ലാത്ത ഭ്രാന്ത
നെന്നു സ്മരണ പൂൎവ്വത്തോ
ടും_ സ്വരാനന്ദത്തെ സദാ
രസിച്ചു വസിപ്പാനായ്.

624 സാരോനഭൌമ്യ
ത്യാഗം സ്ഥാപിച്ച മന
സ്സോടും_ താപസദൎശിപ്പി
ച്ച മാൎഗ്ഗത്തിൽ കൂടി ഗുണ

625 പ്രാപ്തിക്ക വഴി
പോലെ ശ്രമിപ്പാനാരംഭി
ച്ചാൻ വ്യസനം ഭവിഷ്യ
ത്തിൽ ദുരന്തമെന്നുകണ്ടു.

626 സത്സംഗ പ്രിയ
ത്തോടും സ്വമുദാഗ്രഹ
ത്തോടും_സന്മാൎഗ്ഗ സരണ
ത്തി ന്നെല്ലാരുന്തുടങ്ങി
യാൽ.

627 ആമോദമവൎക്കൾ
ക്ക നിത്യഭാഗ്യവും വരും
അല്ലെങ്കിൽ യൂദാസോടും
പിശാചു ഗണത്തോടും.

പൊരുൾ.

620 മാനുഷരിൽ സന്തോഷം കൊ
ള്ളുമ്പോൾ ദാഹമേറം എന്നതിനെ
ഉറച്ചിട്ടു സന്മാൎഗ്ഗജ്ഞാനത്തോടുകൂടെ_

621 മുനിയെ! എന്നന്നേക്കുമായ
മോക്ഷത്തിന്നാശ്ലേഷണ്ടു ആസ്പദമാകുക!
ഇപ്രകാരം പറഞ്ഞിട്ടു തത്വബുധൻ
തന്നിഷ്ടംപോലെ നടന്നു.

622 ഈ പറഞ്ഞതു ഗുണാനുഗ
ൻ വഴിപോലെ ബോധിച്ച ചെളി
യെ വാങ്ങിപ്പാനായിട്ടു സ്വൎണ്ണത്തെ
കൊടുക്കുന്ന ബുദ്ധി_

623 യില്ലാത്ത ഭ്രാന്തനെന്നു മുൻ
കൂട്ടി വിചാരിച്ച് മോക്ഷസുഖത്തെ
എപ്പോഴും രസിച്ചു വസിപ്പാനായി_

624 സാരമില്ലാത്ത ഭൂമിയോടുള്ള
വെറുപ്പു ഉറച്ച മനസ്സോടും തപസ്സി
കണ്ടെത്തിയ വഴിയിൽകൂടി ഗുണ_

625 പ്രാപ്തിക്ക വഴിപോലെ ശ്ര
മിപ്പാനാരംഭിച്ചു. വരുവാനിരിക്കുന്ന
വ്യസനം ഏററവും കഷ്ടമെന്നു ക
ണ്ടു_

626 നല്ലവരോടുള്ള പ്രിയത്തോടും
മോക്ഷൈശ്വൎയ്യാഗ്രഹത്തോടും നല്ല
വഴി നടപ്പിന്നു എല്ലാവരും തുടങ്ങി
യാൽ_

627 അവൎക്കു ആമോദവും നിത്യ
ഭാഗ്യവും വരും. അല്ലെങ്കിൽ 'യൂദാ
സ' എന്നവനോടും പിശാചുക്കളുടെ
കൂട്ടത്തോടും.

നരകപവ്വം.	പൊരുൾ.
628 ജ്വലന ദാഹം കൊണ്ടു തപ്തന്മാരോടും കൂടെ_ ശരണം വിനാ നിത്യ താപത്തിലകപ്പെട്ടു.	628 ജ്വാലയുടെ ഉഷ്ണംകൊണ്ടു ചുട്ടുപിടിക്കപ്പെട്ടവരോടുംകൂടെ ശരണം കൂടാതെ നിത്യനരകത്തിലകപ്പെട്ടു_
629 പരിവേദനപൂണ്ടു നിയതം ഖേദിച്ചിട്ടും—ഖേദങ്ങളൊഴിപ്പാനായഖേദം നിരൂപിച്ചു.	629 മഹാ വേദന പൂണ്ട് നിത്യവും ദുഃഖിച്ചിട്ടും. ഖേദങ്ങളൊഴിപ്പാനായി ആ ഖേദം നിരൂപിച്ചിട്ടു_
630 സദാചാരത്തോടിപ്പോൾ നടന്നു കൊള്ളുകിലൊ_ ദുഃഖങ്ങൾ ഭവിക്കാതെ ശ്രേയസ ലോകത്തിങ്കൽ.	630 എപ്പോഴും ആചാരത്തോടുകൂടെ ഇപ്പോൾ നടന്നുകൊണ്ടാൽ ദുഃഖങ്ങൾ ഭവിക്കാതെ മോക്ഷ ലോകത്തുങ്കൽ_
631 സുഖിക്കും നിത്യമൂവക്കൊഴിയും ദുർഗ്ഗത്യാഗി.	631 നിത്യമായി സുഖിക്കും. നരകപീഡ അവക്കു ഒഴികയുംചെയ്യും.

നരകപവ്വം

സമാപ്തം.

കേരള സാഹിത്യ അക്കാദമി

സിദ്ധരൂപം.

ഇതിൽ

സിദ്ധരൂപം, ക്രിയാപദം, ബാലപ്രബോധനം

ആററൂർ കൃഷ്ണപ്പിഷാരോടി

അവർകളുടെ ഭാഷാവ്യാഖ്യാനത്തോടുകൂടിയ

സമാസചക്രം, ശ്രീരാമോദന്തം കാവ്യം,

രാമായണസംഗ്രഹം ചംബൂകാവ്യം

ഇതുകൾ അടങ്ങിയിരിക്കുന്നു.

കേരള സാഹിത്യ അക്കാദമി

TRICHUR

1113.

വില അണ ൨.

പകൎപ്പവകാശം ടി. അച്ചുകൂടത്തിലേക്കുള്ളതാകുന്നു.

കേരള സാഹിത്യ
അക്കാദമി